بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 4

ലക്കം 16

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഏപ്രിൽ 18/ഹി:ശം:1398 ശഹാദത്ത് 18/ഹി:ഖ:1440 ശഅ്ബാൻ 12

## അല്ലാഹുവിന്റെ വചനം

فَقُلۡ تَعَالَوۡا نَدۡعُ اَبۡنَآءَنَا وَاَبۡنَآءَکُمۡ وَنِسَآءَنَا وَنِسَآءَکُمۡ وَاَنۡفُسَنَا وَاَنۡفُسَکُمۡ ۟ ثُمَّ نَبۡتَہِلۡ فَنَجۡعَلۡ لَّعۡنَتَ اللّٰہِ عَلَی الۡکٰذِبِیۡنَ ○ (آل عمران:62)

“അവരോടു പറയുക, വരൂ! ഞങ്ങളുടെ സന്താനങ്ങളേയും നിങ്ങളുടെ സന്താനങ്ങളേയും ഞങ്ങളുടെ സ്ത്രീകളേയും നിങ്ങളുടെ സ്ത്രീകളേയും ഞങ്ങളുടെ ആളുകളേയും നിങ്ങളുടെ ആളുകളേയും നമുക്ക് വിളിക്കാം. എന്നിട്ട് ‘അല്ലാഹുവിന്റെ ശാപം കള്ളം പറയുന്നവരുടെമേൽ ഉണ്ടാവട്ടെ’ എന്നു നമുക്ക് ഉള്ളഴിഞ്ഞ് പ്രാർഥിക്കുകയും ചെയ്യാം.”(3:62)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**തഖ്‌വാ ചെറിയ കാര്യമൊന്നുമല്ല. അതുമുഖേനയാണ് മനുഷ്യന്റെ എല്ലാ ഓരോ ആഭ്യന്തരവും ബാഹ്യവുമായ കഴിവുകളുടെമേൽ ആധിപത്യം സ്ഥാപിച്ചിട്ടുള്ള ശയ്ത്വാന്മാരുമായും പോരാടേണ്ടിവരുന്നത്; ഈ എല്ലാ കഴിവുകളും ദോഷപ്രവണമായ ആത്മാവി(നഫ്സ് അമ്മാറ)ന്റെ അവസ്ഥയിൽ മനുഷ്യന്റെ ഉള്ളിലുള്ള ശയ്ത്വാനാണ്. പരിഷ്കരിക്കപ്പെടുന്നില്ലെങ്കിൽ അത് മനുഷ്യനെ അടിമയാക്കുന്നതായിരിക്കും. ചീത്തയായ നിലയിൽ ഉപയോഗിക്കുന്നതുകൊണ്ട് ജ്ഞാനവും ബുദ്ധിയുംതന്നെ ശയ്ത്വാനായിത്തീരുന്നു. അവയേയും അതുപോലെതന്നെ മറ്റുള്ള എല്ലാ കഴിവുകളേയും പരിഷ്കരിക്കുക എന്നതാണ് മുത്തഖിയുടെ ജോലി.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ഇൻഫാഖ് മിൻ രിസ്ഖില്ലാഹ്

“മുത്തഖിയെ സംബന്ധിച്ച് വന്നിരിക്കുന്നു; **വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ.** ഇവിടെ മുത്തഖിയ്ക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളത് ‘മിമ്മാ’ എന്ന പദമാണ്. കാരണം ഈ നേരത്ത് അവൻ ഒരു അന്ധന്റെ അവസ്ഥയിലാണുള്ളത്. അതുകൊണ്ട് എന്തൊന്നാണോ അല്ലാഹു അവന് നല്കിയത് അതിൽനിന്ന് അല്പം അല്ലാഹുവിന്റെ പേരിൽ കൊടുത്തു. അവന് കണ്ണുണ്ടായിരുന്നെങ്കിൽ അവന്റേതായ ഒന്നും തന്നെയില്ലെന്നും സർവവും അല്ലാഹുവിന്റേതാണെന്നും അവൻ കാണുമായിരുന്നു. ഇതൊരു ഹിജാബ്(മറ)യായിരുന്നു. ‘ഇത്തിഖാ’(ദൈവഭയം)യിൽ അത് അനിവാര്യമാണ്. ഈ ‘ഇത്തിഖാ’വസ്ഥയുടെ തേട്ടം മുത്തഖിയെക്കൊണ്ട് അല്ലാഹു നല്കിയതിൽനിന്ന് കുറച്ചുകൊടുപ്പിക്കുകയാണ് ചെയ്തത്. നബി(സ) തിരുമേനി ഹദ്റത്ത് ആഇശ(റ)യോടു തന്റെ ജീവിതാന്ത്യനാളുകളിൽ വീട്ടിലെന്തെങ്കിലുമുണ്ടോ? എന്ന് ചോദിച്ചു. ഒരു ദീനാറുണ്ടെന്ന് മനസ്സിലായി. അവിടന്ന് പറഞ്ഞു, ഒരു വസ്തുപോലും എന്റെ കൈയിൽവയ്ക്കുക എന്നത് ഏകചിത്ത സ്വഭാവത്തിൽനിന്ന് അകലെയാണ്. നബി(സ) തിരുമേനി ‘ഇത്തിഖാ’യുടെ പദവി കടന്ന് ‘സ്വലാഹിയ്യത്ത് ’ വരെ എത്തിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് ‘മിമ്മാ’ അദ്ദേഹത്തിന്റെ മഹിമാവിലാസത്തിൽ വന്നില്ല. കാരണം കുറച്ചു കൈയിൽവെക്കുകയും കുറച്ചു അല്ലാഹുവിനു കൊടുക്കുകയും ചെയ്യുന്നവൻ അന്ധനാണ്. പക്ഷേ, ‘മുത്തഖി’യ്ക്ക് ഇത് നിർബന്ധമായിരുന്നു. കാരണം അല്ലാഹുവിന്റെ വഴിയിൽ കൊടുക്കുന്നതുകൊണ്ടും അവന് ആത്മാവുമായി യുദ്ധമുണ്ടായിരുന്നു. അതിന്റെ ഫലമായി കുറച്ചുകൊടുത്തു; കുറച്ചു കൈയിൽവച്ചു. അതേ! നബി(സ)തിരുമേനി സർവവും അല്ലാഹുവിന്റെ വഴിയിൽ കൊടുക്കുകയും തനിക്കായി ഒന്നും നീക്കിവെക്കാതിരിക്കുകയും ചെയ്തു.

മനുഷ്യനിൽ ആരംഭം മുതൽ അവസാനംവരെ വന്നുചേരുന്ന മനുഷ്യന്റെ മൂന്ന് അവസ്ഥകൾ സർവ്വമത സമ്മേളനത്തിന്റെ വിഷയത്തിൽ പ്രതിപാദിക്കപ്പെട്ടിരുന്നതുപോലെ, മനുഷ്യന്റെ അഭിവൃദ്ധിയുടെ എല്ലാ ഘട്ടങ്ങളും തരണം ചെയ്യിക്കാൻവന്ന വിശുദ്ധഖുർആൻ ഇവിടേയും ‘ഇത്തിഖാ’യിൽനിന്നാണ് ആരംഭിച്ചത്. ഇത് ഒരു പ്രദർശനപരതയുടെ വഴിയാണ്. ഇതൊരു ഭയാനകമായ മൈതാനമാണ്. അവന്റെ കൈയിൽ ഖഡ്ഗമാണ് എതിരിലും ഖഡ്ഗമാണ്. രക്ഷപ്പെട്ടാൽ മോക്ഷംപ്രാപിച്ചു. ഇല്ലെങ്കിൽ വ ഇല്ലാ അസ്ഫലസ്സാഫിലീൻനിൽ പതിച്ചു. ഇവിടെ ‘മുത്തഖി’യുടെ വിശേഷഗുണത്തിൽ നാം നല്കുന്നതെല്ലാം അവൻ ചെലവഴിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞില്ല. നമ്മുടെ തികവുറ്റ മാർഗദർശിയെപോലെ അല്ലാഹു നല്കിയത് സർവവും അല്ലാഹുവിന് തിരിച്ചുകൊടുക്കുന്ന ആ നബിയുടെ മഹിമാവിലാസത്തിന്റെ അത്ര ആത്മീയശക്തി ‘മുത്തഖി’യിൽ ഉണ്ടാകുന്നില്ല. അതുകൊണ്ട് വെളിച്ചം രുചിച്ച് ത്യാഗത്തിന് കൂടുതൽ തയ്യാറാകുന്നതിന് ആദ്യം ടാക്സുപോലെ കുറച്ചു ചുമത്തിയിരിക്കുന്നു.

### രിസ്ഖ് കൊണ്ടുള്ള ഉദ്ദേശ്യം

**വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** (2:4) ‘രിസ്ഖ്’ കൊണ്ടുള്ള ഉദ്ദേശ്യം വെറും പണമല്ല. പ്രത്യുത എന്തൊന്ന് അവന് നല്കപ്പെട്ടിട്ടുണ്ടോ അതെല്ലാമാണ്. അറിവ്, യുക്തി, ജ്ഞാനം, വൈദ്യം ഇതെല്ലാം രിസ്ഖിൽ ഉൾപ്പെടുന്നു. അവൻ അതിൽനിന്ന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കേണ്ടതാണ്.

### ഘട്ടഘട്ടമായി അധ്യാപന സമ്പൂർത്തീകരണം

മനുഷ്യൻ ഈ മാർഗത്തിൽ ഘട്ടംഘട്ടമായി, പടിപടിയായി അഭിവൃദ്ധിപ്പെടേണ്ടതാണ്. ഒരു കരണത്തടിച്ചാൽ മറ്റേതും കാണിച്ചുകൊടുക്കുക എന്ന ബൈബിളിലെ അധ്യാപനംപോലെ കാണിച്ചുകൊടുക്കുകയാണെങ്കിൽ അല്ലെങ്കിൽ സർവവും നല്കുകയാണെങ്കിൽ അതിന്റെ ഫലം മുസ്ലിംകളും ക്രിസ്ത്യാനികളെപോലെ അധ്യാപനത്തിന്റെ അപൂർണമായ കർമം നിമിത്തം പ്രതിഫലം നിഷേധിക്കപ്പെട്ടവരാകുമായിരുന്നു. പക്ഷേ, വിശുദ്ധഖുർആൻ മനുഷ്യന്റെ പ്രകൃതി അനുസരിച്ച് പതുക്കെപ്പതുക്കെയാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. ഇഞ്ചീലിലെ ഉദാഹരണം ക്ലാസിൽ പ്രവേശിച്ച ഉടനെതന്നെ വളരെ പ്രയാസമുള്ള ഗ്രന്ഥം വായിക്കാൻ നിർബന്ധിക്കപ്പെട്ട കുട്ടിയെപോലെയാണ്. അല്ലാഹു യുക്തിജ്ഞനാണ്. അവന്റെ യുക്തിയുടെ തേട്ടം ഘട്ടംഘട്ടമായി അധ്യാപനം പൂർത്തിയാകുക എന്നതായിരിക്കേണ്ടതാണ്.

അതിനുശേഷം മുത്തഖിയെ കുറിച്ചു പറഞ്ഞത്: **വല്ലദീന യുഅ്മിനൂന ബിമാഉൻസില ഇലയ്ക്ക വമാ ഉൻസില മിൻഖബ്‌ലിക്ക വബിൽ ആഖിറത്തിഹി യൂഖിനൂൻ** (2:5) അതായത് മുത്തഖി മുമ്പേ ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും നിനക്ക് ഇറക്കപ്പെട്ട ഗ്രന്ഥത്തിലും പരലോകത്തിലും ദൃഢഗാഢമായി വിശ്വസിക്കുന്നു. ഇതും പ്രദർശനപരതയിൽനിന്ന് മുക്തമല്ല. ഇതുവരെ ഈമാൻ അഥവാ സത്യവിശ്വാസം ഒരു മറയുടെ വർണത്തിലാണുള്ളത്. ‘മുത്തഖി’യുടെ കണ്ണുകൾ ഈശ്വരീയ ജ്ഞാനത്തിന്റേതും ഉൾക്കാഴ്ചയുടേതുമല്ല. അവൻ ‘തഖ്‌വാ’ കൊണ്ട് ശയ്ത്വാനെ നേരിട്ട് ഇതുവരെ ഒരു കാര്യം അംഗീകരിച്ചുവെന്നേയുള്ളൂ. ഈ അവസ്ഥയാണ് ഇപ്പോൾ നമ്മുടെ ജമാഅത്തിന്റേത്. അവരും തഖ്‌വാകൊണ്ട് വിശ്വസിച്ചുവെങ്കിലും ഈ ജമാഅത്ത് എവിടംവരെ ദൈവകരങ്ങളാൽ വളരാൻ പോകുന്നതാണെന്ന് അവരറിയുന്നില്ല. അതുകൊണ്ട് ഇത് അവസാനം ഫലം പ്രദാനം ചെയ്യുന്ന ഒരു ഈമാനായിരിക്കും.

‘യഖീൻ’ എന്ന പദം പൊതുവായ അർഥത്തിൽ ഉപയോഗിക്കുമ്പോൾ അതുകൊണ്ടുള്ള ഉദ്ദേശ്യം അതിന്റെ ഏറ്റവും താഴെയുള്ള സ്ഥാനമാകുന്നു. അതായത് ജ്ഞാനത്തിന് മൂന്നുനിലയുള്ളതിൽ ഏറ്റവും താഴെതട്ടിലുള്ള ജ്ഞാനം. അതായത് ഇൽമുൽയഖീൻ അഥവാ അനുമാനജ്ഞാനം. ഈ സ്ഥാനത്ത് ‘ഇത്തിഖാ’ കാരനായിരിക്കും. എന്നാൽ, തഖ്‌വായുടെ ഘട്ടങ്ങൾ തരണം ചെയ്തതിനുശേഷം അയ്നൽയഖീന്റേയും ഹഖ്ഖുൽയഖീന്റേയും നിലകളും കരസ്ഥമാകുന്നു.

തഖ്‌വാ ചെറിയ കാര്യമൊന്നുമല്ല. അതുമുഖേനയാണ് മനുഷ്യന്റെ എല്ലാ ഓരോ ആഭ്യന്തരവും ബാഹ്യവുമായ കഴിവുകളുടെമേൽ ആധിപത്യം സ്ഥാപിച്ചിട്ടുള്ള ശയ്ത്വാന്മാരുമായും പോരാടേണ്ടിവരുന്നത്; ഈ എല്ലാ കഴിവുകളും ദോഷപ്രവണമായ ആത്മാവി(നഫ്സ് അമ്മാറ)ന്റെ അവസ്ഥയിൽ മനുഷ്യന്റെ ഉള്ളിലുള്ള ശയ്ത്വാനാണ്. പരിഷ്കരിക്കപ്പെടുന്നില്ലെങ്കിൽ അത് മനുഷ്യനെ അടിമയാക്കുന്നതായിരിക്കും. ചീത്തയായ നിലയിൽ ഉപയോഗിക്കുന്നതുകൊണ്ട് ജ്ഞാനവും ബുദ്ധിയുംതന്നെ ശയ്ത്വാനായിത്തീരുന്നു. അവയേയും അതുപോലെതന്നെ മറ്റുള്ള എല്ലാ കഴിവുകളേയും പരിഷ്കരിക്കുക എന്നതാണ് മുത്തഖിയുടെ ജോലി.

സത്യമായ മതം മനുഷ്യകഴിവുകളുടെ മുറബ്ബിയാകുന്നു. ഇപ്രകാരംതന്നെ പ്രതിക്രിയയേയും കോപത്തേയും അല്ലെങ്കിൽ നിക്കാഹിനേയും എല്ലാ അവസ്ഥയിലും മോശമായി കാണുന്നവനും പ്രകൃതിനിയമത്തിന്റെ എതിരാളിയും മാനുഷികമായ കഴിവുകളുമായി പോരാടുന്നവനും മാനുഷികമായ കഴിവുകളുടെ മുറബ്ബിയും ആകുന്നതാണ് സത്യമായ മതം; അല്ലാതെ അവയെ ചുവടെ പിഴുതെടുക്കുന്നതല്ല. അല്ലാഹുവിൽനിന്ന് മനുഷ്യപ്രകൃതിയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള പൗരുഷത്തേയും അല്ലെങ്കിൽ കോപത്തേയും ഉപേക്ഷിക്കുക എന്നത് അല്ലാഹുവുമായുള്ള പോരാട്ടമാണ്; ഭൗതികത ഉപേക്ഷിക്കുകയോ സന്യാസിയായിത്തീരുകയോ ചെയ്യുന്നതുപോലെ.

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മാനവസേവ ദൈവാരാധനയുടെ ഒരു രീതി

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹ്)
**(ഗ്വാട്ടിമാലയിലെ ആശുപത്രി ഉദ്ഘാടനവേളയിൽ ചെയ്ത പ്രസംഗം)**
**വിവർത്തനം: കെ. വി. ഹസ്സൻകോയ, കോഴിക്കോട്**

മനുഷ്യകുലത്തിന് സേവനം ചെയ്യുകയെന്നത് ഒരു മുസ്ലിമിന്റെ അടിസ്ഥാനകർത്തവ്യങ്ങളിൽ ഒന്നാണ്. മുസ്ലിംകൾക്ക് മാത്രം സേവനം ചെയ്യാനും മുസ്ലിംകളെ മാത്രം സഹായിക്കാനും മുസ്ലിംകൾ പഠിപ്പിക്കപ്പെട്ടിട്ടില്ല. മറിച്ച്, ആവശ്യക്കാരായ എല്ലാ ഓരോരുത്തർക്കും സഹായം ചെയ്യാൻ നിർദേശിക്കപ്പെട്ടിരിക്കുന്നു. വർഗമോ, ജാതിയോ പരിഗണിക്കേണ്ടതില്ല. ആ ഉദ്ദേശ്യം വെച്ചാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലാഭേച്ഛ കൂടാതെയുള്ള ഹുമാനിറ്റി ഫസ്റ്റ് സ്ഥാപിച്ചത്. അത് നിരവധി മനുഷ്യസേവനപരമായ പദ്ധതികൾ ആഫ്രിക്കയിലും ഏഷ്യയിലും അമേരിക്കയിലും നടത്തിവരുന്നു.

ഗ്വാട്ടിമലയിൽ ഈയിടെയായി ഹുമാനിറ്റി ഫസ്റ്റ് ആശുപത്രിയുടെ നിർമാണം പൂർത്തിയാക്കിയിരിക്കുകയാണ്. പാൻഅമേരിക്കൻ പൊതുവേദിയിൽ അമേരിക്കയിലെ സംഘടന നിർമിച്ച ആദ്യത്തെ ആശുപത്രിയാണിത്. ഈ ചരിത്രപരമായ അവസരം കുറിക്കാൻ, ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നതനേതാവ് അമീറുൽമുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) ആശുപത്രി ഉദ്ഘാടനത്തിനുവേണ്ടി ഗ്വാട്ടിമലവരെ യാത്ര ചെയ്തു. സന്ദർശകരേയും അതിഥികളേയും സ്വാഗതം ചെയ്യാനും ഇസ്ലാമിന്റെ യഥാർഥ ഉദ്ദേശ്യം അവർക്കെത്തിക്കാനും മനുഷ്യകുലത്തിന് സേവനം ചെയ്യാനും തദ്ദേശരായ ജനതക്ക് ആശുപത്രിയിൽനിന്ന് എന്താണ് പ്രതീക്ഷിക്കാൻ കഴിയുന്നതെന്ന് മനസ്സിലാക്കികൊടുക്കാനുമായിരുന്നു ഈ യാത്ര.

---

തശഹ്ഹുദും തഅവ്വുദും ബിസ്മിയും ഓതിയശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു:

ബഹുമാന്യരായ അതിഥികളേ!

*അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളുടെ എല്ലാവരുടേയും മേൽ ഉണ്ടായിരിക്കട്ടെ.

ആദ്യമായി ഗ്വാട്ടിമലയിൽ ഈ ചടങ്ങിൽ സംബന്ധിക്കാനെത്തിയ എല്ലാ അതിഥികൾക്കും ഞാൻ ആത്മാർഥമായി കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. നിസ്സംശയം, ഈ ദിവസം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ അംഗങ്ങൾക്ക് മഹത്തായ സന്തോഷത്തിന്റേതും ആനന്ദത്തിന്റേതുമാണ്. എന്തെന്നാൽ, മധ്യ അഥവാ തെക്കെ അമേരിക്കയിൽ ഹ്യുമാനിറ്റി ഫസ്റ്റ് നിർമിച്ച ആദ്യത്തെ ആശുപത്രി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഇത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നതും ഐതിഹാസികവുമായ വസ്തുതയാണ്.

ഹ്യുമാനിറ്റി ഫസ്റ്റ് സ്വതന്ത്രമായ ഒരു ധർമസ്ഥാപനമായതിനാൽ അതിന് സ്വന്തമായ നിയമങ്ങളും നയങ്ങളുമുണ്ട്. അതേസമയം അത് സ്ഥാപിച്ചത് അഹ്മദിയ്യാ മുസ്ലിം ജമാഅത്താണ്. അഹ്മദി മുസ്ലിംകൾ തന്നെയാണ് അതിനെ ഭരിക്കുന്നതും. സാമ്പത്തിക സഹായങ്ങളും മറ്റു വഴികളും മുഖേന ലോകമെമ്പാടുമുള്ള അഹ്മദി മുസ്ലിംകൾ ഹ്യുമാനിറ്റി ഫസ്റ്റിന്റെ പരിശ്രമങ്ങളെ പിന്തുണയ്ക്കുന്നു. അത് ഹ്യുമാനിറ്റി ഫസ്റ്റിന്റെ മനുഷ്യസേവനപരമായ പദ്ധതികൾ വർധിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നു. അപ്രകാരം ഹ്യുമാനിറ്റി ഫസ്റ്റിന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തുമായി അഗാധവും നിലനില്ക്കുന്നതുമായ ബന്ധമുണ്ട്. അതിനാൽ, ഇന്ന് ഹ്യുമാനിറ്റി ഫസ്റ്റിന്റെ അംഗങ്ങൾക്കു മാത്രമല്ല ലോകം മുഴുവനുമുള്ള അഹ്മദികൾക്കും സന്തോഷദിനമാണ്.

ഞങ്ങളെന്തിനാണ് ഈ ആശുപത്രി നിർമിച്ചിരിക്കുന്നതെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാവും. അതിനുള്ള മറുപടി വളരെ ലളിതമാണ്. ഇത് നിർമിക്കപ്പെട്ടിട്ടുള്ളത് ഒരൊറ്റ ഉദ്ദേശ്യംകൊണ്ടു മാത്രമാണ്. അതായത് മനുഷ്യകുലത്തെ സേവിക്കാനും ഈ രാഷ്ട്രത്തിലെ ജനങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള ആരോഗ്യ സംരക്ഷണം നൽകാനും മാത്രമാണ്. ഈ സ്ഥാപനം നിർമിക്കപ്പെട്ടിട്ടുള്ളതിന്റെ തുടക്കത്തിൽത്തന്നെ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഈ രാജ്യത്തുള്ള ഞങ്ങളുടെ സേവനത്തിന്റെ അവസാനമായിരിക്കില്ല ഇത്. നിരവധി മനുഷ്യസേവനപരമായ പദ്ധതികളിൽ ഹ്യുമാനിറ്റി ഫസ്റ്റ് സ്ഥാപിച്ച ആദ്യത്തെ സംരംഭം ഇതായിരിക്കട്ടെ എന്നാണ് എന്റെ പ്രാർഥന. ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് ആശ്വാസവും പിന്തുണയും അവസരവും നല്കാനുള്ള ഹ്യുമാനിറ്റി ഫസ്റ്റിന്റെ ദൗത്യം കൂടുതൽ വിപുലമാക്കാനുള്ള തുടക്കമാകട്ടെ ഈ ആശുപത്രിയുടെ ഉദ്ഘാടനമെന്ന് ഞാൻ ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

ഒരുപക്ഷേ, ഞങ്ങളുടെ അതിഥികളിൽ ചിലർ അത്ഭുതപ്പെടുന്നുണ്ടാകും അല്ലെങ്കിൽ അമ്പരക്കുന്നുണ്ടാകും എന്തിനാണ് ഒരു മുസ്ലിം സമൂഹം അമുസ്ലിംകൾക്ക് സേവനം ചെയ്യാൻ ഇത്രയധികം വികാരവും ഉറച്ച തീരുമാനവും കൈക്കൊള്ളുന്നതെന്ന്. ഇതിനുത്തരം നല്കാൻ ഒരു വിശദീകരണം ആവശ്യമാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിതമായതു മുതൽ ജമാഅത്ത് പദ്ധതികൾ മുഖേന നേരിട്ടും ഹ്യുമാനിറ്റി ഫസ്റ്റ് മുഖേനയും മറ്റു ദാനധർമങ്ങൾ മുഖേനയും മനുഷ്യകുലത്തിന് സേവനം ചെയ്യാൻ ഞങ്ങൾ മുൻനിരയിലുണ്ട്. ഉദാഹരണമായി കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ആഫ്രിക്കയിലങ്ങോളമിങ്ങോളം ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കുകയും അതുമുഖേന തദ്ദേശവാസികൾക്ക് ആരോഗ്യപരിചരണവും മികച്ച വിദ്യാഭ്യാസവും നല്കുകയും ചെയ്തിട്ടുണ്ട്. ഇതവരുടെ ജാതിയോ മതമോ സാമൂഹികപശ്ചാത്തലമോ കണക്കിലെടുത്തിട്ടല്ല. ആഫ്രിക്കയിൽ ഞങ്ങളുടെ ആശുപത്രികളിൽ ചികിത്സ തേടിയവരിൽ ഭൂരിഭാഗവും അമുസ്ലിംകളാണ്. ഞങ്ങളുടെ സ്കൂളുകളിൽ പഠിക്കുന്ന 90% വിദ്യാർഥികളും അമുസ്ലിംകളാണ്. ഏതെങ്കിലും സമുദായത്തിനോ ജനതക്കോ ഇടയിൽ ഞങ്ങൾ വിവേചനം കാണിക്കാറില്ല. ഞങ്ങളുടെ അംഗങ്ങൾക്ക് മുൻഗണന നല്കാറുമില്ല. ഞങ്ങൾ നല്കുന്ന വിദ്യാഭ്യാസം പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയാണ്. ഞങ്ങളുടെ ലക്ഷ്യം എല്ലാ വിദ്യാർഥികളും അക്ഷരാഭ്യാസമുള്ളവരും വിദ്യാഭ്യാസപരമായ ഉറച്ച അടിത്തറയുള്ളവരുമാകണമെന്നാണ്. അതിന്മേൽ അവർക്ക് തങ്ങളുടെ ഭാവി വിദ്യാഭ്യാസം പടുത്തുയർത്താൻ സാധിക്കും. അതിലുപരി യോഗ്യരായ വിദ്യാർഥികൾക്ക് ഞങ്ങൾ സ്കോളർഷിപ്പ് നൽകുന്നു. അല്ലാത്തപക്ഷം അവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് മാർഗമുണ്ടാകുകയില്ലായിരുന്നു. അതുമുഖേന അവർക്ക് തങ്ങളുടെ കഴിവുപയോഗിച്ച് സ്വയം നല്ല ഭാവിയുണ്ടാക്കാനും അവരുടെ ജനങ്ങൾക്കും രാഷ്ട്രത്തിനും ഗുണം ചെയ്യാനും സാധിക്കും. അതനുസരിച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നേരിട്ടോ ഹ്യുമാനിറ്റി ഫസ്റ്റ് മുഖേനയോ മറ്റുവിധത്തിലോ മനുഷ്യകുലത്തിന് സേവനം ചെയ്ത നീണ്ടചരിത്രമുണ്ട്. അങ്ങനെ ദരിദ്രാവസ്ഥയിലുള്ള ജനങ്ങൾക്ക് അവസരവും ആശ്വാസവും സഹായവും നല്കുന്നു.

അത്തരം പരിശ്രമങ്ങൾക്ക് ഞങ്ങൾ സ്തുതിയോ പ്രതിഫലമോ കാംക്ഷിക്കുന്നില്ല. ഞങ്ങളുടെ മതം ഞങ്ങളോട് ചെയ്യാൻ അനുശാസിക്കുന്നത് ചെയ്യുന്നുവെന്നുമാത്രം. ഒരു മുസ്ലിമിന് മാർഗദർശനം നൽകുന്ന പ്രകാശമാണ് വിശുദ്ധഖുർആൻ. അത് ഇസ്ലാംമത സ്ഥാപകരായ മുഹമ്മദ് നബി(സ)ക്ക് വെളിപാടായി ഇറങ്ങിയതാണ്. വീണ്ടും വീണ്ടും വിശുദ്ധഖുർആൻ മുസ്ലിംകളെ ഉണർത്തുന്നത്, മനുഷ്യകുലത്തിന് സേവനം ചെയ്യാനും യാതന അനുഭവിക്കുന്നവരുടേയും പീഡിതരുടേയും കണ്ണീരൊപ്പാനുമാണ്. ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനുമാണ്. മുസ്ലിംകൾ നിസ്വാർഥരും മറ്റുള്ളവരോട് സ്നേഹം കാണിക്കുന്നവരും ആയിരിക്കണമെന്നാണ് അത് നമ്മോട് ആവശ്യപ്പെടുന്നത്. മറ്റുള്ളവർക്ക് സമാധാനവും ക്ഷേമവും കൈവരുത്തുന്നതിന് സദാ ത്യാഗം ചെയ്യാൻ സന്നദ്ധരായിരിക്കണമെന്നും അത് നിർദേശിക്കുന്നു.

ഉദാഹരണമായി വിശുദ്ധഖുർആൻ 3-ാം അധ്യായം 111-ാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത് ഒരു മുസ്ലിം നന്മ ഉപദേശിക്കുന്നവനും തിന്മയെ വിരോധിക്കുന്നവനുമാണെന്നാണ്. ഇവിടെ വിശുദ്ധഖുർആൻ വിശദീകരിക്കുന്നത്, നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയിൽനിന്നും അന്യായത്തിൽനിന്നും വിട്ടുനിൽക്കണമെന്നും സൽപ്രവൃത്തികൾ ചെയ്യാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കണമെന്നുമണ്. മനുഷ്യകുലത്തോട് ആത്മാർഥസ്നേഹവും ദൈവസൃഷ്ടികളോട് സഹാനുഭൂതിയും ഉള്ളവർക്കേ മറ്റുള്ളവരെ സഹായിക്കാനും അവരോട് സഹതാപം കാണിക്കാനും വിശുദ്ധഖുർആൻ ആഗ്രഹിക്കുന്നവിധം സാധിക്കുകയുള്ളൂ.

**( ശേഷം പേജ് 11ൽ)**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: “ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

## അല്ലാഹുവിന്റെ കലാം

***“അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ.”(2:108)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**‘വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല’ എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya jama-ath Calicut, Kerala.**

## ഖുത്ബ ജുമുഅ

**“നിങ്ങൾക്ക് അല്ലാഹുവിന്റെ സ്വർഗം ലഭിക്കുന്നതാണ്. അത് എല്ലാ ഉപഹാരങ്ങളെക്കാളും വലിയ ഉപഹാരമാകുന്നു.”**

**“ഞാൻ എനിക്കുവേണ്ടി ഇത്രമാത്രമാണ് ആഗ്രഹിക്കുന്നത്; നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരേയും ബന്ധുക്കളേയും സംരക്ഷിക്കുന്നതുപോലെ ആവശ്യം നേരിട്ടാൽ എന്നേയും സംരക്ഷിക്കുക.”**

അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ
നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ
**ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ, ഹദ്റത്ത് ഌംറ ബിൻ അംറ് ജുഹനീ, ഹദ്റത്ത് സഅ്ദ് ബിൻ സുഹയ്ൽ,**
**ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ്,ഹദ്റത്ത് സഹ്ൽ ബിൻ അത്തീക്ക്, ഹദ്റത്ത് സുഹയ്ൽ ബിൻ റാഫിഅ്,**
**ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമ(റളിയല്ലാഹു അൻഹും വറളൂ അൻഹും)**
തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

സ്വഹാബത്തിന്റെ ജീവചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിക ചരിത്രത്തിൽനിന്ന് രണ്ടാം അഖബ ബയ്അത്ത്,
നബി(സ)തിരുമേനി മദീനയിൽ ഹിജ്റ ചെയ്തതിനുശേഷം മസ്ജിദ് നബ്‌വിയുടെ നിർമാണം
ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമായുടെ ശഹാദത്ത്, ജിസ്ർ യുദ്ധം തുടങ്ങിയവയുടെ ഹ്രസ്വമായ ചർച്ച.

**അല്ലാഹു എപ്പോഴും ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മാർച്ച് 15/1398 തബ്‌ലീഗ് 15**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ(റ):** ഇദ്ദേഹത്തിന്റെ ബന്ധം ബനൂ ജംഹു ഗോത്രവുമായിട്ടായിരുന്നു. ഇദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ)ന്റെ മകനായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹദ്റത്ത് ഖൗല ബിൻത് ഹക്കീം എന്നായിരുന്നു. ഇസ്‌ലാമിന്റെ ആരംഭ കാലത്തുതന്നെ ഇദ്ദേഹം മുസ്‌ലിമായി. ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ തന്റെ പിതാവിനോടും പിതൃവ്യൻ ഹദ്റത്ത് ഖുദാമിനോടുമൊപ്പം ഹബ്ശയിലേയ്ക്കുള്ള രണ്ടാം ഹിജ്റത്തിൽ പങ്കെടുത്തു. നബി(സ)തിരുമേനി മദീന ഹിജ്റത്തിനുശേഷം ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാനേയും ഹാരിഥ ബിൻ സുറാഖ അൻസ്വാരിയേയും സഹോദരന്മാരാക്കിയിരുന്നു. നബി(സ)തിരുമേനിയുടെ വില്ലാളിവീരരായ സ്വഹാബാക്കളിൽ ഇദ്ദേഹവും സ്മരിക്കപ്പെടുന്നു. ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു.(ഉസുദുൽ ഗാബ, വാല്യം 2, പേജ് 396–397, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 306–307, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അൽ ഇസ്വാബ, വാല്യം 3, പേജ് 20, സാഇബ് ബിൻ ഉഥ്മാൻ (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ബുവാത് യുദ്ധത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തെ മദീനയുടെ അമീറായി നിയമിച്ചിരുന്നു. ബുവാത് യുദ്ധം ഹിജ്റ 2 ലായിരുന്നു നടന്നത്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതിയിരിക്കുന്നു: റബീഉൽഅവ്വലിന്റെ അവസാനനാളുകളിലോ റബീഉൽആഖറിന്റെ ആരംഭത്തിലോ നബി(സ) തിരുമേനിക്ക് ഖുറയ്ശികളുടെ ഭാഗത്തുനിന്ന് എന്തോ വിവരം കിട്ടി. അതിനെതുടർന്ന് അവിടന്ന് മുഹാജിരീംകളുടെ ഒരു സംഘത്തെ കൂടെക്കൂട്ടി മദീനയിൽനിന്ന് പുറപ്പെട്ടു. തന്റെ അഭാവത്തിൽ സാഇബ് ബിൻ ഉഥ്മാൻ ബിൻ മള്ഊനെ മദീനയിലെ അമീറായി നിശ്ചയിച്ചു. പക്ഷേ, ഖുറയ്ശികളെ കുറിച്ച് ഒന്നും അറിയാൻ കഴിഞ്ഞില്ല. അവിടന്ന് ബുവാത്‌വരെ എത്തി മടങ്ങിപ്പോന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 329)

ബുവാത്, മദീനയിൽ നിന്ന് ഏകദേശം 48 മൈയിൽ ദൂരത്ത് സ്ഥിതിചെയ്യുന്ന ജുഹയ്ന ഗോത്രത്തിന്റെ പർവ്വതത്തിന്റെ പേരാണ്. (സുബുലുൽ ഹുദാ വർറശാദ്, വാല്യം 4, പേജ് 15, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993).

ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ യമാമ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. യമാമ യുദ്ധം ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തിന്റെ കാലത്ത് ഹിജ്റ 12 ലാണ് നടന്നത്. അതിൽ അദ്ദേഹത്തിന് ഒരു അമ്പേറ്റു. ഇക്കാരണത്താൽ പിന്നീട് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ പ്രായം മുപ്പതിൽ അല്പം കൂടുതലായിരുന്നു.

**ഹദ്റത്ത് ഌംറഃ ബിൻ അംറ് ജുഹ്നി(റ):** ഹദ്റത്ത് ഌംറഃ(റ)ന്റെ പിതാവിന്റെ പേര് അംറ് ബിൻ അദിയ്യ് എന്നായിരുന്നു. ചിലർ അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ബിശ്ർ എന്നും പറയുന്നുണ്ട്. അദ്ദേഹം ബനൂ ത്വരീഫ് ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. ചിലരുടെ അഭിപ്രായപ്രകാരം അദ്ദേഹം ബനൂ സായിദ ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. അത് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ ഗോത്രമായിരുന്നു. ‘ഹലീഫ്’ എന്നു പറഞ്ഞാൽ അവർ തമ്മിലുണ്ടായിരുന്ന ഒരു ഉടമ്പടിയാണ്. അവരിൽ ആർക്കെങ്കിലും സഹായം ആവശ്യം വന്നാൽ അവർ പരസ്പരം സഹായിക്കുന്നതായിരിക്കും എന്നതായിരുന്നു ആ ഉടമ്പടി. അല്ലാമ ഇബ്നു അഥീർ ഉസ്ദുൽ ഗാബയിൽ എഴുതുന്നു: ഇതൊരു അഭിപ്രായ ഭിന്നതയൊന്നുമല്ല. കാരണം ബനൂത്വരീഫ്, ബനൂസായിദായുടെ തന്നെ ഒരു ശാഖയാണ്. ഹദ്റത്ത് ഌംറഃ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.(ഉസുദുൽ ഗാബ, വാല്യം 3, പേജ് 60–61, ഌംറഃ ബിൻ അംറ് അൽജുഹ്നി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് സഅ്ദ് ബിൻ സുഹയ്ൽ(റ):** ഹദ്റത്ത് സഅ്ദ് അൻസ്വാറിൽപ്പെട്ടയാളായിരുന്നു. ചിലർ അദ്ദേഹത്തിന്റെ പേര് സയീദ് ബിൻ സുഹയ്ൽ എന്നും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് സഅ്ദ് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. അദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു. അവരുടെ പേര് ഹുദയ്ല എന്നായിരുന്നു. (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 439, സഅ്ദ് ബിൻ സുഹയ്ൽ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 395, സയീദ് ബിൻ സുഹയ്ൽ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). ഇദ്ദേഹത്തെ കുറിച്ച് ഈ വിവരമെ ലഭ്യമാകുന്നുള്ളു.

**ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ്(റ):** ഇദ്ദേഹം ബദ്രീ സ്വഹാബിയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ് ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി സകല യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹത്തിന്റെ പേര് സയീദ് എന്നാണെന്നും പറയപ്പെടുന്നുണ്ട്. അദ്ദേഹം ‘ഖാരി’ എന്ന സ്ഥാനപ്പേരിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസയ്ദ് എന്നായിരുന്നു. നബി (സ)തിരുമേനിയുടെകാലത്ത് വിശുദ്ധ ഖുർആൻ സമാഹരിച്ച നാല് അൻസ്വാർ സ്വഹാബത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദും പെടുന്നു. അദ്ദേഹത്തിന്റെ മകൻ ഉമയ്ർ ബിൻ സഅ്ദ് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സിറിയയുടെ ഒരു ഭാഗത്തിന്റെ ഗവർണറായിരുന്നു. ഒരു നിവേദനാടിസ്ഥാനത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ്, നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ മസ്ജിദ് ഖുബായിൽ ഇമാമത്ത് വഹിച്ചിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റേയും ഹദ്റത്ത് ഉമർ(റ)ന്റേയും കാലഘട്ടത്തിലും ഇതെ ഇമാമത്തിൽ നിയമിതനായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ്(റ) ഹിജ്റത്തിന്റെ 16–ാം വർഷം നടന്ന ഖാദിസിയ്യാ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ശഹാദത്തിന്റെ സമയത്ത് അദ്ദേഹത്തിന് 64 വയസ്സായിരുന്നു.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബൂലയ്‌ലാ നിവേദനം: ഹിജ്റ 13 ൽ നടന്ന ജിസ്ർ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ഒരുപാട് നാശനഷ്ടങ്ങളുണ്ടായി. ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ് പരാജയം ഏറ്റുവാങ്ങി തിരിച്ചുവന്നു. അതായത് പിന്നാക്കം മാറിയിരുന്നു. ഹദ്റത്ത് ഉമർ, ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദിനോടു ചോദിച്ചു: ‘ശാമി

ൽ യുദ്ധം ചെയ്യാൻ താൽപര്യമുണ്ടോ? അവിടെ മുസ്‌ലിംങ്ങളുടെ ഒരുപാട് രക്തം ചിന്തപ്പെട്ടിരിക്കുന്നു. മുസ്‌ലിംങ്ങൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ അവിടെ പോകുക. ശത്രുക്കൾ ഈ ചോരപ്പുഴ ഒഴുക്കുകയും അതുമുഖേന നമുക്ക് കനത്തനഷ്ടം വരുത്തുകയും ചെയ്ത കാരണത്താൽ തന്റേടികളായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തിനോടു പറഞ്ഞു, ഒരുപക്ഷേ, താങ്കളുടെമേൽ വീണ പരാജയത്തിന്റെ കല താങ്കൾക്ക് കഴുകിക്കളയാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഇവിടെ അതായത് ജിസ്ർ യുദ്ധത്തിൽനിന്ന് മടങ്ങി വന്നപ്പോൾ മുസ്‌ലീംകൾക്ക് നഷ്ടമുണ്ടായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തിനോടു പറഞ്ഞു: ഈ ചീത്തപ്പേരിന്റെ, പരാജയത്തിന്റെ കല കഴുകിക്കളയണമെങ്കിൽ അവിടെ സിറിയയുടെ ഭാഗത്തും യുദ്ധം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഹദ്റത്ത് സഅ്ദ് പറഞ്ഞു: ഇല്ല. എവിടെ നിന്ന് ഞാൻ പിന്തിരിഞ്ഞും പരാജയപ്പെട്ടും ഓടിവന്നുവോ, എന്നോടു ചെയ്യേണ്ടതൊക്കെ ചെയ്ത ആ ശത്രുക്കൾക്കെതിരെ ഞാൻ പുറപ്പെടുന്നതാണ്. യുദ്ധത്തിൽ ശത്രുക്കൾ വിജയിച്ചിരുന്നു എന്നതാണ് പറഞ്ഞതിന്റെ ഉദ്ദേശ്യം. അങ്ങനെ ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ് ഖാദിസിയായിൽവന്നു. അവിടെ ധീരമായി പോരാടിക്കൊണ്ട് ശഹീദായി. അബ്ദുർറഹ്മാൻ ബിൻ അബുലയ്‌ലാ നിവേദനം: ഹദ്റത്ത് സഅ്ദ് ബിൻ ഉബയ്ദ്(റ) ജനങ്ങളെ ഉപദേശിക്കുകയും അവരോടു പറയുകയും ചെയ്തു: 'നാളെ ഞങ്ങൾ ശത്രുക്കളെ നേരിടുകയും ശഹീദാകുകയും ചെയ്യും. അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ ശരീരത്തിൽനിന്ന് രക്തം കഴുകിക്കളയരുത്. ഞങ്ങളുടെ ശരീരത്തിലുള്ള വസ്ത്രത്തിൽ അല്ലാതെ മറ്റൊരു വസ്ത്രത്തിലും കഫൻ പൊതിയുകയും ചെയ്യരുത്.' (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 349, സഅ്ദ് ബിൻ ഉബയ്ദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 2, പേജ് 445, സഅ്ദ് ബിൻ ഉബയ്ദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാല്യം 3, പേജ് 57, സഅ്ദ് ബിൻ ഉബയ്ദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ജിസ്ർ യുദ്ധത്തെ കുറിച്ചുള്ള കുറച്ചു വിശദീകരണം ഞാൻ കഴിഞ്ഞൊരു ഖുത്ബയിലും നല്കിയിരുന്നു. അല്പംകൂടി അതു സംബന്ധമായി പറയുകയാണ്. ഞാൻ പറഞ്ഞതുപോലെ ഹിജ്റ 13 ൽ യൂഫ്രട്ടീസ് നദിയുടെ തീരത്ത് മുസ്‌ലീംകളും ഇറാനികളും തമ്മിൽ നടന്നതാണ് ജസ്ർയുദ്ധം. മുസ്‌ലീം സൈന്യത്തിന്റെ സൈന്യാധിപൻ ഹദ്റത്ത് അബൂ ഉബയ്ദ് ഥഖഫീ(റ)ആയിരുന്നു. ഇറാനികളുടെ സൈന്യാധിപൻ ബഹ്മൻ ജാദ്‌വയ ആയിരുന്നു. പത്തായിരം പേരടങ്ങുന്നതായിരുന്നു മുസ്‌ലിം സൈന്യം. ഇറാനിയൻ സൈന്യത്തിൽ മുപ്പതിനായിരം പട്ടാളക്കാരും മുന്നൂറ് ആനയുമുണ്ടായിരുന്നു. യൂഫ്രട്ടീസ് നദി ഇടയ്ക്കു തടസമായിരുന്നതിനാൽ ഇരു സൈന്യങ്ങളും കുറച്ചുകാലം യുദ്ധം ചെയ്യാതിരുന്നു. അവസാനം ഇരുസൈന്യങ്ങളുടേയും താൽപര്യ പ്രകാരം യൂഫ്രട്ടീസ് നദിയ്ക്കു കുറുകെ ഒരു പാലം പണിതു. ഈ പാലം കാരണത്താലാണ് ഈ യുദ്ധത്തിന് ജിസ്ർ എന്നു പേരുവന്നത്. പാലം പൂർത്തിയായപ്പോൾ ബഹ്മൻ ജാദ്‌വയ, ഹദ്റത്ത് അബൂഉബയ്ദായ്ക്ക് 'ഞങ്ങൾ അക്കരയ്ക്ക് വരണമോ അതല്ല നിങ്ങൾ ഇക്കരയക്കു വരുമോ' എന്നു ചോദിച്ച് സന്ദേശമയച്ചു. മുസ്‌ലിം സൈന്യം നദി കടന്ന് അക്കരപ്പോയി എതിർ സംഘവുമായി യുദ്ധം ചെയ്യണമെന്നതായിരുന്നു അബൂഉബയ്ദയുടെ തീരുമാനം. എന്നാൽ, സൈന്യത്തിന്റെ നേതാക്കളിലുണ്ടായിരുന്ന ഹദ്റത്ത് സലീത്(റ) ഈ അഭിപ്രായത്തോടു യോജിച്ചില്ല. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദ(റ)നദി കടന്ന് ഇറാന്റെ മേൽ ആക്രമണം നടത്തി. കുറച്ചുസമയംവരെ യുദ്ധം അങ്ങനെ നടന്നുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞ് ബഹ്മൻ ജാദ്‌വയ തന്റെ സൈന്യം ചിതറിപ്പോകുന്നത് കണ്ടു. ഇറാൻ സൈന്യം പിന്നാക്കം പോകുന്നത് അയാൾ കണ്ടു. അപ്പോൾ അയാൾ ആനകളെ മുന്നിൽകൊണ്ടുവരാൻ കല്പിച്ചു. ആനകൾ മുന്നോട്ടു വന്ന കാരണത്താൽ മുസ്‌ലിം സൈന്യത്തിന്റെ അണികൾ തെറ്റി. മുസ്‌ലിം സൈന്യം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങാൻ തുടങ്ങി. ഹദ്റത്ത് അബൂ ഉബയ്ദ(റ) മുസ്‌ലീംകളോടു പറഞ്ഞു: 'അല്ലാഹുവിന്റെ ദാസരേ!ആനകളുടെമേൽ ആക്രമണം നടത്തുക. അവയുടെ തുമ്പിക്കൈ അറുത്തിടുക.' ഇങ്ങനെ പറഞ്ഞുകൊണ്ട് ഹദ്റത്ത് അബൂഉബയ്ദ(റ)സ്വയം മുന്നോട്ടു കുതിച്ചു. ഒരു ആനയുടെമേൽ ആക്രമണം നടത്തി അതിന്റെ തുമ്പുക്കൈ അറുത്തിട്ടു. മറ്റു സൈനികരും ഇതു കണ്ട് യുദ്ധത്തിന് വേഗം കൂട്ടി. ധാരാളം ആനകളുടെ തുമ്പിക്കൈ മുറിച്ചും കാലുവെട്ടിയും അതിന്റെ പുറത്തുണ്ടായിരുന്നവരെ വധിക്കുകയും ചെയ്തു. യാദൃച്ഛികമായി അബൂഉബയ്ദ ഒരു ആനയുടെ മുമ്പിൽപ്പെട്ടു. അവിടന്ന് ആക്രമിച്ച് അതിന്റെ തുമ്പിക്കൈ വെട്ടിയിട്ടെങ്കിലും അദ്ദേഹം ആ ആനയുടെ കാലിന്നടിയിൽപെട്ടുപോയി. അങ്ങനെ അമർന്ന് ശഹീദായി. അബൂഉബയ്ദായുടെ ശഹാദത്തിനുശേഷം ഏഴു പേർ ഊഴമനുസരിച്ച് ഇസ്‌ലാമിക പതാകയേന്തി യുദ്ധം ചെയ്ത് ശഹീദായി. എട്ടാമത്തെയാൾ ഹദ്റത്ത് മുഥ്ഥാനീ(റ)ആയിരുന്നു. അദ്ദേഹം ഇസ്‌ലാമിക പതാക കൈയിലേന്തി പൂർവാധികം ശക്തമായി ആക്രമണം നടത്താൻ തീരുമാനിച്ചു. പക്ഷേ, ഇസ്‌ലാമിക സൈന്യത്തിന്റെ നിരകൾ തെറ്റിപ്പോയിരുന്നു. തുടർച്ചയായി ഏഴ് സൈന്യാധിപന്മാർ ശഹീദാകുന്നതുകണ്ട് ആളുകൾ ചിതറി ഓടാൻ തുടങ്ങിയിരുന്നു. കുറച്ചാളുകൾ നദിയിൽ ചാടുകയും ചെയ്തു. ഹദ്റത്ത് മുഥ്ഥാനിയും അദ്ദേഹത്തിന്റെ കൂട്ടുകാരും പൗരുഷത്തോടെ പോരാടിക്കൊണ്ടിരുന്നു. അവസാനം ഹദ്റത്ത് മുഥ്ഥാനിയ്ക്കും പരിക്കേറ്റു. അദ്ദേഹം പോരാടിക്കൊണ്ട് നദി കടന്ന് തിരിച്ചുവന്നു. ഈ സംഭവത്തിൽ മുസ്‌ലീംകൾക്ക് വൻ നഷ്ടമാണുണ്ടായത്. മുസ്‌ലീംകളുടെ നാലായിരമാളുകൾ ശഹീദായി. ഇറാനികളുടെ ആറായിരംപേരും വധിക്കപ്പെട്ടു.(താരീഖ് ഇബ്നു ഖൽദൂൻ (പരിഭാഷകൻ)ഹക്കീം അഹ്മദ് ഹുസയ്ൻ അലഹാബാദി വാല്യം 3 പേജ് 270-273 പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2003)

ഇറാനികളുടെ ഭാഗത്തുനിന്ന് ആവർത്തിച്ച് ആക്രമണം ഉണ്ടായ സാഹചര്യത്തിലാണ് ഈ യുദ്ധമുണ്ടായത്. ആ ആക്രമണത്തെ തടയുന്നതിന് യുദ്ധം ചെയ്യാനുള്ള അനുമതി വാങ്ങിയിരുന്നു.

**ഹദ്റത്ത് സഹ്ൽ ബിൻ അതീക്ക്(റ):** ഇദ്ദേഹത്തിന്റെ പേര് സുഹയ്ൽ എന്നും പറയപ്പെടുന്നുണ്ട്. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ജമീല ബിൻത് അൽഖമ എന്നായിരുന്നു. ഹദ്റത്ത് സഹ്ൽ ബിൻ അതീക്ക് രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത എഴുപത് അൻസ്വാരിൽപെടുന്നു. അദ്ദേഹത്തിന് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുക്കുവാൻ ഭാഗ്യം സിദ്ധിച്ചു. (ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 387, സഹ്ൽ ബിൻ അത്തീക്ക്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 2, പേജ് 578, സഹ്ൽ ബിൻ അത്തീക്ക്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

**ഹദ്റത്ത് സുഹയ്ൽ ബിൻ റാഫിഅ്(റ):** ബനൂ നജ്ജാർ ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. മസ്ജിദ് നബ്‌വി നിർമിച്ച സ്ഥലം ഇദ്ദേഹത്തിന്റെയും ഇദ്ദേഹത്തിന്റെ സഹോദരനായ സഹ്‌ലിന്റേയും സ്വത്തായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഗയ്ബ ബിൻത് സഹ്ൽ എന്നായിരുന്നു. ഹദ്റത്ത് സഹ്ൽ ബദ്ർ, ഉഹുദ്, ഖൻദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ അദ്ദേഹം വഫാത്തായി. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 372, സുഹയ്ൽ ബിൻ റാഫിഅ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനിയുടെ മദീന ഹിജ്റത്തിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതിയിട്ടുള്ളത് സമർപിക്കുകയാ ണ്. അവിടന്നെഴുതുന്നു:

"മദീനയിൽ പ്രവേശിച്ചപ്പോൾ ഓരോരുത്തരും തങ്ങളുടെ വീട്ടിൽ നബി(സ)തിരുമേനി താമസിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഏതെല്ലാം ഇടവഴിയിലൂടെയാണോ അവിടത്തെ ഒട്ടകം കടന്നുപോയത് അവിടത്തെ കുടുംബങ്ങൾ തങ്ങളുടെ വീടുകളുടെ മുന്നിൽനിന്ന് നബി(സ)തിരുമേനിയെ സ്വാഗതം ചെയ്യുകയും യാ റസൂലല്ലാഹ്! ഞങ്ങളുടെ ഈ വീടും ഞങ്ങളുടെ സ്വത്തും ഞങ്ങളുടെ ജീവനും അങ്ങയുടെ സേവനത്തിന് സമർപിക്കുന്നുവെന്ന് വിളിച്ചുപറയുകയും ചെയ്തുകൊണ്ടിരുന്നു; യാ റസൂലല്ലാഹ്! ഞങ്ങൾ അങ്ങയെ സംരക്ഷിക്കുന്നതിന് അർഹരാണ്. അങ്ങ് ഞങ്ങളുടെ വീട്ടിൽ താമസിച്ചാലും. ചിലയാളുകൾ തങ്ങളുടെ വീട്ടിൽ നബി(സ)തിരുമേനിയെ ഇറക്കുന്നതിനു വേണ്ടി ആവേശത്തോടെ മുന്നോട്ടു വരികയും അവിടത്തെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിക്കുകയും ചെയ്തു. എന്നാൽ, നബി(സ)തിരുമേനി എല്ലാവരോടു പറഞ്ഞു: എന്റെ ഒട്ടകത്തെ വിടുക. അത് ഇന്ന് അല്ലാഹുവിൽനിന്ന് നിയമിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു ഇച്ഛിക്കുന്ന സ്ഥലത്ത് അത് നിൽക്കുന്നതായിരിക്കും. അവസാനം മദീനായുടെ ഒരു ആരംഭഭാഗത്തുള്ള ബനൂ നജ്ജാറിലെ യത്തീകളുടെ ഒരു സ്ഥലത്ത് ചെന്ന് ഒട്ടകം നിന്നു. ദൈവേച്ഛ ഇവിടെയാണ് താൻ താമസിക്കേണ്ടതെന്ന് മനസ്സിലാകുന്നുവെന്ന് അവിടന്ന് പറഞ്ഞു. ഈ സ്ഥലം ആരുടേതാണെന്ന് അവിടന്ന് ചോദിച്ചു. കുറച്ച് യത്തീകളുടെ സ്ഥലമായിരുന്നു അത്. അവരുടെ സംരക്ഷകൻ മുന്നോട്ടു വന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇത് ഇന്ന ഇന്ന യതീംകളുടെ സ്ഥലമാണ്. അങ്ങയുടെ സേവനത്തിന് ഹാജരാണ്. ആരുടേയും സ്വത്ത് സൗജന്യമായി എടുക്കുയില്ലെന്ന് അവിടന്ന് പറഞ്ഞു. അവസാനം അതിന്റെ വില നിശ്ചയിക്കപ്പെട്ടു. അങ്ങനെ അവിടന്ന് ആ സ്ഥലത്ത് മസ്ജിദും വീടുകളും നിർമിക്കാൻ തീരുമാനിച്ചു."(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20 ,പേജ് 228).

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: '

'മദീനസംസ്ഥാപനത്തിന്റെ ഏറ്റവും ആദ്യത്തെ ജോലി മസ്ജിദ് നബ്‌വിയുടെ നിർമാണമായിരുന്നു. ഏതൊരു സ്ഥലത്താണോ നബി(സ)തിരുമേനിയുടെ ഒട്ടകം വന്നുനിന്നത് അത് രണ്ട് മുസ്‌ലിം കുട്ടികളായ സഹ്‌ലിന്റെയും സുഹയ്‌ലിന്റെയും ഉടമസ്ഥതയിലുള്ളതായിരുന്നു. അവർ കഴിഞ്ഞിരുന്നത് ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ മേൽനോട്ടത്തിലായിരുന്നു. അത് ഒരുവിജനമായ തരിശ് ഭൂമിയായിരുന്നു. അതിന്റെ ഒരു വശത്ത് അവിടവിടെയായി ഈത്തപ്പനകളുണ്ടായിരുന്നു. ഒന്നും ഒറ്റയും മരങ്ങൾ വെച്ചുപിടിപ്പിച്ചിരുന്നു. മറുവശത്ത് കുറച്ച് കെട്ടിടങ്ങളുടെ തകർന്നടിഞ്ഞ അവശിഷ്ടങ്ങളായിരുന്നു ഉണ്ടായിരുന്നത്. നബി(സ)തിരുമേനി അവിടെ മസ്ജിദ് നിർമിക്കുന്നതും തന്റെ താമസത്തിന് മുറികൾ നിർമിക്കുന്നതും ഇഷ്ടപ്പെട്ടു. പത്ത് ദിനാർ നല്കി ആ സ്ഥലംവാങ്ങി. സ്ഥലം നിരപ്പാക്കുകയും അതിലെ വൃക്ഷങ്ങൾ മുറിച്ച് മാറ്റുകയും അവിടെ മസ്ജിദ് നബ്‌വിയുടെ നിർമാണം തുടങ്ങുകയും ചെയ്തു. " (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 269)

ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആ ഭൂമിയുടെ വില ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ആയിരുന്നു നല്കിയത്.(ശർഹ് സർഖാനീ വാള്യം 2, പേജ് 186, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

എഴുതിയിരിക്കുന്നു: അവിടെ നിരപ്പാക്കി മരങ്ങൾ മുറിച്ച് മസ്ജിദ് നബ്വിയുടെ നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നബി(സ)തിരുമേനി തന്നെയാണ് മസ്ജിദിന് ദുആയോടുകൂടി തറക്കല്ലിട്ടത്: ഖുബായിലെ മസ്ജിദിന് ചെയ്തതുപോലെ. സ്വഹാബാക്കൾ കല്ലാശാരിമാരുടേയും നിർമാണതൊഴിലാളികളുടേയും ജോലികൾ ചെയ്തു. ചിലപ്പോഴെല്ലാം നബി(സ)തിരുമേനിയും അതിൽ പങ്കെടുത്തിരുന്നു. ചിലപ്പോൾ കല്ലെടുത്തുപൊക്കിക്കൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ അൻസ്വാരിയുടെ ഈ കവിതാശകലം ചെല്ലുമായിരുന്നു:

*ഹാദൽ ഹിമാലു ലാ ഹിമാല ഖയ്ബറൂ*
*ഹാദാ അബർറു റബ്ബനാ വ അത്ഹറൂ*

ഈ ഭാരം മൃഗങ്ങൾ ഏറ്റിക്കൊണ്ടു വരാറുണ്ടായിരുന്ന ഖയ്ബറിന്റെ കച്ചവട സാധനങ്ങളുടെ ഭാരമല്ല, ഞങ്ങളുടെ യജമാനനായുള്ളോവേ! ഈ ഭാരം നിന്റെ തൃപ്തിക്കുവേണ്ടി ഞങ്ങളേറ്റുന്ന തഖ്വായുടേയും പരിശുദ്ധിയുടേയും ഭാരമാണ്.

ഇടയ്ക്കിടെ ജോലി ചെയ്തുകൊണ്ട് സ്വഹാബത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ ഈ പദ്യശകലവും ചൊല്ലുമായിരുന്നു:

*അല്ലാഹുമ്മ ഇന്നൽ അജ്റ അജ്റുൽആഖിറ,*
*ഫർഹമിൽ അൻസ്വാറ വൽമുഹാജിറ*

ഞങ്ങളുടെ അല്ലാഹുവേ! യഥാർഥ പ്രതിഫലം പരലോകപ്രതിഫലമാണ്. അതിനാൽ നീ നിന്റെ കൃപകൊണ്ട് അൻസ്വാറിന്റേയും മുഹാജിറിന്റേയുംമേൽ കാരുണ്യം വർഷിച്ചാലും. ചില നേരങ്ങളിൽ അവരുടെ ശബ്ദങ്ങളോടൊപ്പം നബി(സ) തിരുമേനി തന്റെ ശബ്ദവും കൂട്ടിക്കലർത്തുമായിരുന്നു. ഇപ്രകാരം ദീർഘമായ കഠിനാധ്വാനത്തിനുശേഷം മസ്ജിദ് പൂർത്തിയായി. മസ്ജിദിന്റെ കെട്ടിടത്തിന്റെ നാലു ചുമരുകൾ മണ്ണും ഇഷ്ടികയുംകൊണ്ടാണ് നിർമിച്ചത്. മേൽപ്പുരയുടെ ഒരു ഭാഗം ഈത്തപ്പനയോല മേഞ്ഞു. ബാക്കി ഭാഗം തുറന്നു കിടന്നു. മസ്ജിദിന്റെ ഉള്ളിൽ മേൽക്കൂരനിലനിറുത്തുന്നതിന് തൂണുകൾ നാട്ടിയിരുന്നു. മിമ്പറിന്റെ പ്ലാൻ തയ്യാറാകുന്നതുവരെ ആ തൂണകളിൽ ഒരു തൂണിൽ ചാരിനിന്നാണ് അവിടന്ന് ഖുത്ബ കൊടുത്തിരുന്നത്. തറയിൽ പ്രത്യേകിച്ചൊന്നും ചെയ്തിരുന്നില്ല. അതുകൊണ്ട് മഴ പെയ്യുമ്പോൾ ചോർന്ന് ഒലിച്ച് തറയിൽ ചെളി ഉണ്ടാകുമായിരുന്നു. ഈ ബുദ്ധിമുട്ട് കണ്ട് പിന്നീട് പൊടിക്കല്ലുകൾകൊണ്ട് തറ ഉറപ്പുള്ളതാക്കി. ചെറിയ ചെറിയ കല്ലുകൾ അവിടെ ഇടപ്പെട്ടു. ആദ്യമൊക്കെ മസ്ജിദിന്റെ മുഖം ബയ്ത്തുൽമുഖദ്ദസിന്റെ നേർക്കായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് ഖിബ്ല മാറ്റമുണ്ടായപ്പോൾ അത് മാറ്റി.

മസ്ജിദിന്റെ ഉയരം പത്ത് അടിയായിരുന്നു. (മേൽകൂര പത്തടി ഉയരത്തിലായിരുന്നു). അതിന്റെ നീളം 105 അടിയും വീതി 90 അടിയും ആയിരുന്നു. പിന്നീട് ഇത് വിപുലീകരിക്കപ്പെട്ടു. 105 അടി നീളവും 90 അടി വീതിയുമുള്ള മസ്ജ്ദിൽ ഏകദേശം 1500, 1600 പേർക്ക് നമസ്കരിക്കാവുന്ന സ്ഥലമുണ്ട്.

മസ്ജിദിന്റെ ഒരു മൂലയിൽ മേൽകൂരയോട് കൂടിയ ഒരു വരാന്തയും ഉണ്ടായിരുന്നു. അതിനെ സ്വുഫ്ഫ എന്ന് പറയുന്നു. അത് ദരിദ്രരായ മുഹാജിറുകൾക്ക് വേണ്ടിയുള്ളതായിരുന്നു. അവർ വീടും കൂടുമൊന്നുമില്ലാത്തവരായിരുന്നു. അവർ അവിടെയാണ് താമസിച്ചിരുന്നത്. അവരെ അസ്ഹാബുസ്വുഫ്ഫ എന്ന് വിളിക്കപ്പെട്ടിരുന്നു. അവരുടെ ജോലി രാവുംപകലും നബി(സ)തിരുമേനിയുടെ സഹവാസത്തിലിരിക്കുകയും ആരാധന നടത്തുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയുമായിരുന്നു. അവർക്ക് സ്ഥിരമായ ജീവിതമാർഗമൊന്നുമുണ്ടായിരുന്നില്ല. നബി(സ)തിരുമേനി തന്നെയാണ് അവരെ നോക്കിയിരുന്നത്. നബിയുടെ അടുക്കൽ എന്തെങ്കിലും സമ്മാനമോ മറ്റോ വന്നാൽ, വീട്ടിലെന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെ ഓഹരി തീർച്ചയായും അവർക്കു ലഭിക്കുമായിരുന്നു. അവരുടെ ഭക്ഷണപാനീയങ്ങളെല്ലാം നേക്കിയിരുന്നത് നബി(സ) തിരുമേനിയായിരുന്നു. എന്നല്ല ചില ഘട്ടങ്ങളിൽ നബി(സ)തിരുമേനി പട്ടിണികിടക്കുകയും വീട്ടിലുള്ളത് അസ്ഹാബുസ്വുഫ്ഫായ്ക്ക് അയക്കുകയും ചെയ്യുമായിരുന്നു. അൻസ്വാറും കഴിവിന്റെ പരമാവധി അവർക്ക് ആതിഥ്യം നല്കുന്നതിൽ മുഴുകിയിരുന്നു. അവർക്കുവേണ്ടി ഈത്തപ്പഴക്കുലകൾ കൊണ്ടുവന്ന് മസ്ജിദിൽ തൂക്കി ഇടാറുണ്ടായിരുന്നു. പക്ഷേ, എങ്കിലും അവരുടെ അവസ്ഥ കഷ്ടപ്പാടിലായിരുന്നു. പട്ടിണി കിടക്കുന്ന അവസ്ഥവരെ ചിലപ്പോൾ ഉണ്ടാകുമായിരുന്നു. ഈ അവസ്ഥ വർഷങ്ങളോളം നിലനിന്നു. മദീനയിലെ ജനസംഖ്യ വിപുലമായതിന്റെ ഫലമായി അവർക്ക് കുറച്ച് ആശ്വാസം കിട്ടി. തൊഴിലുകൾ ലഭിക്കാൻ തുടങ്ങി. ബയ്ത്തുൽമാലിൽനിന്ന് സഹായവും ഉണ്ടായി. അവസ്ഥകൾ മെച്ചപ്പെട്ടപ്പോൾ അവർക്ക് സഹായവും കൂടി.

മസ്ജിദിനോട് ചേർന്ന നിലയിലാണ് നബി(സ) തിരുമേനിയ്ക്ക് താമസസൗകര്യം തയ്യാറാക്കിയിരുന്നത്. അത് വീടെന്ന് പറയാനൊന്നും പറ്റില്ല; പത്ത് പതിനഞ്ച് അടിയുള്ള ഒരു ചെറിയ മുറി. ആ മുറിയ്ക്കും മസ്ജിദിനുമിടയിൽ ഒരു വാതിലുണ്ടാക്കിയിരുന്നു. അതിലൂടെയാണ് നബി(സ)തിരുമേനി നമസ്കാരത്തിനും മറ്റും മസ്ജിദിലേയ്ക്ക് വന്നിരുന്നത്. നബി(സ)തിരുമേനി വീണ്ടും വിവാഹം കഴിച്ചപ്പോൾ ആ മുറിയോടു ചേർന്ന് മറ്റ് മുറികളും നിർമിക്കപ്പെട്ടു. മസ്ജിദിന്റെ പരിസരത്ത് മറ്റുചില സ്വഹാബാക്കളുടെ വീടുകളും നിർമിക്കപ്പെട്ടു.

ഇതായിരുന്നു മദീനയിൽ തയ്യാറാക്കപ്പെട്ട മസ്ജിദ് നബ്വി. ആ കാലഘട്ടത്തിൽ സാമൂഹികപ്രവർത്തനങ്ങൾ നടത്താൻ പൊതു കെട്ടിടങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ ഭരണകേന്ദ്രവും ഈ മസ്ജിദായിരുന്നു. ഇത് തന്നെയായിരുന്നു ഓഫീസും. സർക്കാറിന്റെ പൂർണമായ സെക്രട്ടറിയേറ്റും ഇതുതന്നെയായിരുന്നു. ഇവിടെത്തന്നെയാണ് നബി(സ)തിരുമേനി യോഗങ്ങൾ ചേർന്നിരുന്നത്. ഇവിടെ എല്ലാവിധ കൂടിയാലോചനകളും നടന്നിരുന്നു. ഇവിടെയായിരുന്നു കേസുകൾക്ക് വിധി പറഞ്ഞിരുന്നത്. ഇവിടെ നിന്നാണ് കല്പനകൾ പുറപ്പെടുവിച്ചിരുന്നത്. പൊതു അതിഥി മന്ദിരവും ഇത് തന്നെയായിരുന്നു. എല്ലാ സാമൂഹിക കാര്യങ്ങളും ഈ മസ്ജിദിലാണ് നിർവഹിക്കപ്പെട്ടത്. ആവശ്യം നേരിട്ടാൽ യുദ്ധ തടവുകാരുടെ തടവറയായും ഇത് ഉപയോഗിച്ചിരുന്നു. മുസ്ലീംകളുടെ ആരാധനകളും പരസ്പരസ്നേഹവും പ്രീതിയും കണ്ട് അവരിൽ പലരും മുസ്ലിമായിട്ടുമുണ്ട്. സർ വില്യം മ്യൂർ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം ഒരു ഓറിയന്റിലിസ്റ്റായിരുന്നു. ഇസ്ലാമിന്നെതിരിലും നബി(സ) തിരുമേനിക്കെതിരിലും ഒരുപാട് എഴുതിയിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഇവിടെ ഇതുസംബന്ധമായി എഴുതുന്നു: "മസ്ജിദ് പണികഴിക്കാൻ ഉപയോഗിച്ച വസ്തുക്കൾ നിസാരവും സാധരണ കാണപ്പെടുന്നതുമാണ്. പക്ഷേ, മുഹമ്മദ്(സ)ന്റെ ഈ മസ്ജിദ് ഇസ്ലാമിക ചരിത്രത്തിൽ വളരെ പ്രത്യേകമായ മഹത്ത്വം ഉൾക്കൊള്ളുന്നു. ദൈവദൂതനും അദ്ദേഹത്തിന്റെ അനുചരന്മാരും ഈ മസ്ജദിലായിരുന്നു അവരുടെ അധിക സമയവും ചെലവഴിച്ചിരുന്നത്. ഇവിടെയാണ് ജമാഅത്തോടുകൂടി ഔദ്യോഗികമായി ഇസ്ലാമിക നമസ്കാരം ആരംഭിച്ചത്. ഇവിടെ ജുമുഅ ദിവസം അല്ലാഹുവിന്റെ പുതിയ വഹ്യുകൾ കേൾക്കുന്നതിന് ജനങ്ങൾ വിനയത്തോടും താൽപര്യത്തോടുംകൂടി ഒത്തുചേർന്നു. ഇവിടെ മുഹമ്മദ്(സ)തന്റെ വിജയങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇവിടെയായിരുന്നു രാജസദസ്സ് കൂടിയിരുന്നത്. ഇവിടെ പരാജിതരും അടിയറവ് പറഞ്ഞവരുമായ ഗോത്രസംഘങ്ങളെ നബി(സ)തിരുമേനിയുടെ മുമ്പിൽ ഹാജരാക്കിയിരുന്നു. ഇത് അറേബ്യയുടെ ദൂരദേശങ്ങളിലുള്ള വിമതരെപോലും വിറകൊള്ളിച്ച രാജകല്പനകൾ പുറപ്പെട്ടിരുന്ന ദർബാറായിരുന്നു. അവസാനം ഇതെ മസ്ജിദിന്റെ അടുത്ത് തന്റെ ഭാര്യ ആഇശുടെ മുറിയിൽ നബി(സ)തിരുമേനി ജീവൻ വെടിഞ്ഞു. ആ സ്ഥലത്ത് രണ്ട് ഖലീഫമാരുടെ ഖബറുകൾക്കിടയിൽ അദ്ദേഹത്തിന്റെ ഖബറും സ്ഥിതിചെയ്യുന്നു.

ഈ മസ്ജിദും അതിനോടുചേർന്നുള്ള മുറികളും ഏകദേശം ഏഴു മാസംകൊണ്ടാണ് തയ്യാറാക്കപ്പെട്ടത്. നബി(സ)തിരുമേനി തന്റെ പുതിയവീട്ടിൽ തന്റെ ഭാര്യ ഹദ്റത്ത് സ്വഫിയായോടൊപ്പം പോയി. മറ്റു ചില മുഹാജിരീംകളും അൻസ്വാറിൽനിന്ന് സ്ഥലം വാങ്ങി മസ്ജിദിനു ചുറ്റും വീടുകളുണ്ടാക്കി. മസ്ജിദിനു സമീപം സ്ഥലം കിട്ടാത്തവർ ദൂരത്തായി വീടുകൾ നിർമിച്ചു. ചിലർക്ക് അൻസ്വാറിൽനിന്ന് നിർമിക്കപ്പെട്ട വീടുകളും ലഭിച്ചിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 269–271)

എന്തായാലും ഇസ്ലാമിന്റെ ഈ മഹനീയ കേന്ദ്രത്തിന് തങ്ങളുടെ ഭൂമി നല്കിയ ഹദ്റത്ത് സുഹയ്ലും അദ്ദേഹത്തിന്റെ സഹോദരനും ഭാഗ്യശാലികളായിരുന്നു.

**ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമ(റ):** ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ ബന്ധം ഔസ്ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹിന്ദ് ബിൻത് ഔസ് എന്നായിരുന്നു. ബദ്രി സ്വഹാബിയായ ഹദ്റത്ത് ഉയ്യാഹ് നുഅ്മാൻ ബിൻ ഥാബിത്ത്(റ) മാതാവിൽനിന്ന് അദ്ദേഹത്തിന്റെ സഹോദരനാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഖയ്ഥമ എന്നും അബൂ അബ്ദുല്ലാഹ് എന്നും വിവരിക്കപ്പെടുന്നു. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയേയും ഹദ്റത്ത് അബൂ സലമ ബിൻ അബ്ദുൽ അസദിനേയും സാഹോദരന്മാരാക്കി. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 366, സഅ്ദ് ബിൻ ഖയ്ഥമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 429, സഅ്ദ് ബിൻ ഖയ്ഥമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

നബി(സ)തിരുമേനി രണ്ടാം അഖബ ബയ്അത്തിന്റെ അവസരത്തിൽ മദീനയിലെ മുസ്ലിംകളുടെ മേൽനോട്ടത്തിന് നിയമിച്ച 12 നേതാക്കളിൽ(നഖീബ്) ഹദ്റത്ത് സഅ്ദുംപെടുന്നു. 12 നഖീബുമാർ എങ്ങനെയാണ് നിശ്ചയിക്കപ്പെട്ടത്? ഇതിന്റെ കുറച്ചു വീശദീകരണവും നഖീബുമാരുടെ പേരും അവരുടെ പ്രവൃത്തികളേയും കുറിച്ച് അല്പം പറയാം. അത് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയതാണ്:

"നബ്വി 13 ദുൽഹജ്ജ് മാസത്തിൽ ഔസ്, ഖസ്റജ് ഗോത്രത്തിലെ നൂറുക്കണക്കിനാളുകൾ മക്കയിലെത്തി. അതിലെ 70 ആളുകൾ മുസ്ലിംകളോ മുസ്ലിംകളാകാൻ ആഗ്രഹിച്ചിരുന്നവരോ ആയിരുന്നു. നബി(സ)തിരുമേനിയെ കാണുന്നതിനാണ് അവർ മക്കയിൽ വന്നത്. മുസ്അബ് ബിൻ ഉമയ്റും അവരോടൊപ്പമുണ്ടായിരുന്നു. മുസ്അബിന്റെ മാതാവ് ജീവിച്ചിരിപ്പുണ്ടായിരുന്നു. അവർ അന്യാരാധകയായിരുന്നുവെങ്കിലും മുസ്അബിനെ വല്ലാതെ സ്നേഹിച്ചിരുന്നു. ഇദ്ദേഹം വരുന്ന വിവരം മാതാവ് അറിഞ്ഞപ്പോൾ തന്നെ വന്നു കണ്ടിട്ടെ മറ്റെവിടെയെങ്കിലും പോകാവൂ എന്ന വിവരം അറയിച്ചു. മുസ്അബ് പറഞ്ഞു: ഞാൻ ഇതുവരെ നബി(സ)തിരുമേനിയെ കണ്ടിട്ടില്ല. നബി(സ)തിരുമേനിയെ കണ്ടതിനുശേഷം നിങ്ങളുടെ അടുക്കൽ ഞാൻ വരുന്നതാണ്. അങ്ങനെ മുസ്അബ്(റ)നബി(സ)തിരുമേനിയുടെ അടുക്കൽ ഹാജരായി. അത്യാവശ്യ കാര്യങ്ങൾ പറഞ്ഞ

തിനുശേഷം തന്റെ മാതാവിന്റെ അടുത്തുപോയി. അവർ വളരെ കോപാകുലയായിരുന്നു. മകനെ കണ്ട് ഒരുപാട് കരയുകയും പരാതിപ്പെടുകയും ചെയ്തു. മുസ്അബ്(റ) പറഞ്ഞു: ഞാൻ നിങ്ങളോടു വളരെ നല്ലൊരു കാര്യം പറയുകയാണ്. നിങ്ങൾക്കത് വളരെ ഫലപ്രദമാണ്. എല്ലാ വഴക്കുകൾക്കും തീരുമാനമുണ്ടാകുന്നതാണ്. അതെന്താണെന്ന് അവർ ചോദിച്ചു. മുസ്അബ് സാവധാനത്തിൽ പറഞ്ഞു, മുസ്‌ലിമാകുക.' അവർ പക്ക മുശ്‌രിക്ക ആയിരുന്നു. ഇതുകേട്ടപാടെ ബഹളമുണ്ടാക്കാൻ തുടങ്ങി. 'നക്ഷത്രങ്ങളെക്കൊണ്ടു സത്യം ചെയ്ത് ഞാൻ പറയുന്നു, ഞാനൊരിക്കലും നിന്റെ മതത്തിൽ ചേരുകയില്ല.' അവർ പറഞ്ഞു. മുസ്അബിനെ പിടിച്ച് തടവിലാക്കാൻ തന്റെ ബന്ധുക്കൾക്ക് സൂചന നല്കി. എന്നാൽ, അദ്ദേഹം അവിടെനിന്ന് ഓടിപ്പോയി.

എന്തായാലും നബി(സ)തിരുമേനിയ്ക്ക് മുസ്അബിൽനിന്ന് അൻസ്വാർ വരുന്നുണ്ടെന്ന് അറിയിപ്പുകിട്ടിയിരുന്നു. അവരിൽ ചിലർ നബി(സ) തിരുമേനിയുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തിയവരായിരുന്നു. എന്നാൽ ആ അവസരത്തിൽ പ്രത്യേകമായ ഒരു സംഘടിത കൂടിക്കാഴ്ചയുടെ ആവശ്യമുണ്ടായിരുന്നു. അതായത് പ്രത്യേകം കൂടിക്കാഴ്ച ഉണ്ടാകണമായിരുന്നു. അതുകൊണ്ട് ഹജ്ജിന്റെ ആചാരങ്ങൾക്കുശേഷം ദുൽഹജ്ജ് മാസത്തിന്റെ മധ്യത്തിൽ തിയതി നിശ്ചയിക്കപ്പെട്ടു; ആ ദിവസം അർധരാത്രിയോടെ ഇവരെല്ലാവരും കഴിഞ്ഞ വർഷം സംഘടിച്ച മലയിടുക്കിൽ നബി(സ)തിരുമേനിയെ വന്നു കാണുക; സമാധാനത്തോടും ഒരുമയോടുംകൂടി വേറിട്ട് നബി(സ)തിരുമേനിയുമായി സംസാരിക്കുന്നതിന്! നബി(സ)തിരുമേനി അൻസ്വാറിനോടു കൂട്ടംകൂടി വരരുതെന്ന് കർശനമായി നിർദേശിച്ചു. ശത്രുവിന്റെ ദൃഷ്ടി പതിഞ്ഞേക്കാം. അതുകൊണ്ട് ഒന്നോ രണ്ടോ പേർവീതം വരിക. നിശ്ചിത സമയത്ത് ആ മലയിടുക്കിൽ എത്തിച്ചേരേണ്ടതാണ്. ആരെങ്കിലും ഉറങ്ങുകയാണെങ്കിൽ അവരെ ഉണർത്തേണ്ട ആവശ്യമില്ല. അവിടെ ഇല്ലാത്തവരെ കാത്തിരിക്കുകയും വേണ്ട. നിശ്ചയിച്ചുറച്ച ദിവസം നബി(സ)തിരുമേനി രാത്രി വീട്ടിൽ നിന്ന് ഒറ്റയ്ക്ക് പുറത്തിറങ്ങി. വഴിമധ്യേ തന്റെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസിനെയും കൂടെ കൂട്ടി. അദ്ദേഹം അപ്പോൾ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. മുശ്‌രിക്കായിരുന്നു. എന്നാലും നബിയോട് സ്നേഹാദരവ് പുലർത്തിയിരുന്നു. ഹാശിം കുടുംബത്തിലെ നേതാവായിരുന്നു. അവർ രണ്ടുപേരും മലയിടുക്കിലെത്തി. അധികം താമസിയാതെതന്നെ ഒറ്റയുംതെറ്റയുമായി അൻസ്വാറും അവിടെ എത്തിച്ചേരാൻ തുടങ്ങി. ഇവർ 70 പേരുണ്ടായിരുന്നു. ഔസ്, ഖസ്റജ് ഗോത്രങ്ങളുമായി ബന്ധം വെക്കുന്നവരായിരുന്നു. ഏറ്റവുമാദ്യം അബ്ബാസ് സംസാരിക്കാൻ തുടങ്ങി: അല്ലയോ ഖസ്റജ് സമൂഹമേ! മുഹമ്മദ്(സ) തന്റെ കുടുംബത്തിലെ ബഹുമാന്യനും പ്രിയപ്പെട്ടവനുമാകുന്നു. ആ കുടുംബം ഇന്നുവരെ അദ്ദേഹത്തിന്റെ സംരക്ഷണത്തിന് ജാമ്യമായിരുന്നു. എല്ലാ അപകടാവസ്ഥയിലും അദ്ദേഹത്തിനു മുമ്പിൽ വിരിമാറുകാട്ടി. എന്നാൽ, ഇപ്പോൾ സ്വന്തം ദേശം ഉപേക്ഷിച്ച് നിങ്ങളുടെ സമീപത്ത് വരികയെന്നതാണ് അദ്ദേഹത്തിന്റെ തീരുമാനം. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ കൊണ്ടുപോകാനാഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് അദ്ദേഹത്തെ എല്ലാവിധത്തിലും സംരക്ഷിക്കേണ്ടിവരും. എല്ലാ ശത്രുവിന്റേയും മുമ്പിൽ നെഞ്ചുവിരിച്ച് നില്ക്കേണ്ടിവരും. നിങ്ങൾ അതിന് തയ്യാറാകുന്നുവെങ്കിൽ നല്ലത്. അല്ലാത്തപക്ഷം തുറന്ന നിലയിൽ മറുപടി നല്കുക. തുറന്ന് പറയുന്നത് നല്ല കാര്യമാണ്. അൻസ്വാർ ഗോത്രത്തിലെ മുതിർന്നയാളും സ്വാധീനമുള്ള ഒരു വ്യക്തിയുമായിരുന്നു ബറാഅ് ബിൻ മഅ്റൂർ(റ). അദ്ദേഹം പറഞ്ഞു: അബ്ബാസേ! ഞങ്ങൾ താങ്കൾ പറഞ്ഞതുകേട്ടു. എന്നാൽ, ഞങ്ങൾ ആഗ്രഹിക്കുന്നത് നബി(സ)തിരുമേനി നേരിട്ട് ഇക്കാര്യത്തെ കുറിച്ച് ഞങ്ങളോട് എന്തെങ്കിലും പറയണമെന്നാണ്. ഞങ്ങളെ ഏല്പിക്കാൻ ആഗ്രഹിക്കുന്ന ഉത്തരവാദിത്വം വിവരിക്കുക.' അപ്പോൾ നബി(സ)തിരുമേനി വിശുദ്ധ ഖുർആനിലെ കുറച്ച് ആയത്തുകൾ പാരായണം ചെയ്തു. പിന്നെ ചുരുങ്ങിയ വാക്കുകളിൽ ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് പ്രസംഗിച്ചു. അല്ലാഹുവിനോടുള്ള കടമയും ദാസരോടുള്ള കടമയും വിവരിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഇത്രമാത്രമാണ് നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത്; നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരേയും ബന്ധുക്കളേയും സംരക്ഷിക്കുന്നതുപോലെ ആവശ്യം നേരിട്ടാൽ എന്നേയും സംരക്ഷിക്കുക. നബി(സ)തിരുമേനി പ്രസംഗം അവസാനിപ്പിച്ചപ്പോൾ ബറാഅ് ബിൻ മഅ്റൂർ അറബികളുടെ സമ്പ്രദായമനുസരിച്ച് നബി(സ) തിരുമേനിയുടെ കരങ്ങൾ സ്വന്തം കൈകളിൽവച്ചുകൊണ്ട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! താങ്കളെ സത്യത്തോടുകൂടി അയച്ച ആ ദൈവത്തെ കൊണ്ട് സത്യം! ഞങ്ങൾ ഞങ്ങളുടെ ജീവനെപോലെ അങ്ങയെ സംരക്ഷിക്കുന്നതാണ്. ഞങ്ങൾ വാളിന്റെ തണലിലാണ് വളർന്നത്.' ഇക്കാര്യം സംസാരിച്ചുകൊണ്ടിരിക്കെ, ഇപ്പോൾ സംസാരം തീർന്നിരുന്നില്ല അവിടെ ഇരുന്നിരുന്ന അബുൽഹയ്ഥം ബിൻ തയ്യിഹാൻ അദ്ദേഹത്തിന്റെ സംസാരം മുറിച്ചുകൊണ്ടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!(ഇദ്ദേഹവും മുസ്‌ലിമായി കഴിഞ്ഞിരുന്നു)യഥ്‌രിബിലെ യഹൂദികളുമായി ഞങ്ങൾക്ക് ദീർഘകാല ബന്ധമാണുള്ളത്. പഴയകാല ബന്ധമാണുള്ളത്, അങ്ങയോടൊപ്പം ഞങ്ങൾ നില്ക്കുമ്പോൾ അതില്ലാതാകും. അല്ലാഹു അങ്ങയ്ക്ക് വിജയം നല്കുമ്പോൾ, അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് അങ്ങയുടെ നാട്ടിൽ മടങ്ങിപ്പോകുന്ന ഒരു അവസ്ഥ ഉണ്ടാകരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു;അങ്ങനെ ഞങ്ങൾക്ക് അവിടേയും ഇവിടേ യും ഇല്ലാത്ത ഒരു അവസ്ഥ ഉണ്ടാകരുത്.' നബി (സ)തിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു:ഇല്ല ഇല്ല അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ല. നിങ്ങളുടെ രക്തം എന്റെ രക്തം ആയിരിക്കും. നിങ്ങളുടെ സുഹൃത്തുക്കൾ എന്റെസുഹൃത്തുക്കളായിരിക്കും.നിങ്ങളുടെശത്രു എന്റെ ശത്രുവായിരിക്കും. അപ്പോൾ അബ്ബാസ് ബിൻ ഉബാദ അൻസ്വാരി തന്റെ കൂട്ടുകാരുടെ മേൽ ദൃഷ്ടിപായിച്ചുകൊണ്ടു പറഞ്ഞു: ജനങ്ങളേ! ഈ പ്രതിജ്ഞയുടേയും ഉടമ്പടിയുടേയും അർഥമെന്താണെന്ന് നിങ്ങൾക്കറിയുമോ? അതിന്റെ ഉദ്ദേശ്യം എല്ലാ കറുത്തവർക്കും വെളുത്തവർക്കുമെതിരെ നിങ്ങൾ തയ്യാറായിരിക്കേണ്ടതാണ് എന്നാകുന്നു. നബി(സ)തിരുമേനിയെ എതിർക്കുന്ന എല്ലാവരേയും നേരിടാൻ നിങ്ങൾ തയ്യാറായിരിക്കേണ്ടതാണ്. എല്ലാ ത്യാഗത്തിനും സന്നദ്ധരായിരിക്കേണ്ടതാണ്. ജനങ്ങൾ പറഞ്ഞു: അത് ഞങ്ങൾക്കറിയാം. പക്ഷേ അല്ലാഹുവിന്റെ റസൂലേ! ഇതിന് പകരം ഞങ്ങൾക്കെന്താണ് ലഭിക്കുക? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾക്ക് അല്ലാഹുവിന്റെ സ്വർഗം ലഭിക്കുന്നതാണ്. അത് എല്ലാ ഉപഹാരങ്ങളെക്കാളും വലിയ ഉപഹാരമാകുന്നു. അവർ എല്ലാവരും പറഞ്ഞു: ഞങ്ങൾക്ക് ഈ കച്ചവടം സമ്മതമാണ്. അല്ലാഹുവിന്റെ റസൂലേ! അങ്ങ് തൃക്കൈകൾ നീട്ടിയാലും. അദ്ദേഹം കൈകൾ നീട്ടി. അങ്ങനെ ജീവൻ ത്യജിക്കാൻ സന്നദ്ധരായ ആ എഴുപത് പേരടങ്ങുന്ന സംഘം സുരക്ഷാകരാറിൽ ഏർപ്പെട്ട് അങ്ങയുടെ കരങ്ങളിൽ വിൽക്കപ്പെട്ടു. ഈ ബയ്അത്തിന്റെ പേരാണ് രണ്ടാം അഖബ ബയ്അത്ത്.

ബയ്അത്തിന് ശേഷം നബി(സ)തിരുമേനി അവരോടു പറഞ്ഞു: മൂസാ(അ)തന്റെ ജനതയിൽനിന്ന് 12 നഖീബുമാരെ തിരഞ്ഞെടുത്തിരുന്നു. അവർ മൂസായുടെ ഭാഗത്തുനിന്നുള്ള അവരുടെ മേൽനോട്ടക്കാരും സംരക്ഷകരുമായിരുന്നു. അവർ എനിക്കുവേണ്ടി ഈസായുടെ ഹവാരീംകളെപ്പോലെയായിരിക്കും. എന്റെ മുമ്പിൽ തങ്ങളുടെ ജനതയെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും. അതിനാൽ നിങ്ങൾ ഉചിതമായ ആളുകളുടെ പേരെഴുതി എന്റെ മുമ്പിൽ കൊണ്ടുവരിക. അങ്ങനെ 12 പേർ എഴുതപ്പെട്ടു. അവർക്ക് അവിടന്ന് സമ്മതം നല്കി. അവരെ ഓരോരോ ഗോത്രത്തിന്റെ മേൽനോട്ടക്കാരായി നിശ്ചയിച്ച് അവരുടെ കടമകൾ വിവരിച്ചു കൊടുത്തു. ചില ഗോത്രങ്ങൾക്ക് ഈരണ്ട് നഖീബുമാരെ നിശ്ചയിച്ചു. ആ പന്ത്രണ്ട് നഖീബുമാരുടെ പേരുകൾ ഇപ്രകാരമാണ്: അസ്അദ് ബിൻ സുറാറ, ഉസയ്ദ് ബിൻ ഹുളയ്ർ, അബുൽ ഹയ്ഥം മാലിക് ബിൻ തയ്യിഹാൻ, സഅ്ദ് ബിൻ ഉബാദ, ബറാഅ് ബിൻ മഅ്റൂർ, അബ്ദുല്ലാഹ് ബിൻ റവാഹ, ഉബാദ ബിൻ സ്വാമിത്ത്, സഅ്ദ് ബിൻ റബീഅ്, റാഫിഅ് ബിൻ മാലിക്, അബ്ദുല്ലാഹ് ബിൻ അംറ്, സഅ്ദ് ബിൻ ഖയ്ഥമ,(ഇദ്ദേഹത്തെ കുറിച്ചാണ് ഇപ്പോൾ പറഞ്ഞുവരുന്നത്, ഈ സഅ്ദ് ബിൻ ഖയ്ഥമയും ആ നഖീബുമാരിൽപ്പെട്ടയാളായിരുന്നു)മുൻദിർ ബിൻ അംറ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 227–232).

മദീന ഹിജ്റത്തിന്റെ നേരത്ത് ഖുബായിൽ നബി(സ)തിരുമേനി ഹദ്റത്ത് കൽഥൂം ബിൻ അൽഹിദമിന്റെ വീട്ടിലാണ് താമസിച്ചത്. ഇതു സംബന്ധമായി നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിലാണ് താമസിച്ചതെന്നും പറയപ്പെടുന്നുണ്ട്. നബി(സ)തിരുമേനിയുടെ താമസം കൽഥൂം ബിൻ അൽഹിദമിന്റെ വീട്ടിൽതന്നെയായിരുന്നുവെന്നും എന്നാൽ, ആളുകളെ കാണുന്നതിനുവേണ്ടി അവിടന്ന് ആ വീട്ടിൽനിന്നിറങ്ങി സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിൽ വന്നിരിക്കാറുണ്ടായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്.(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി കഥീർ, പേജ് 215–216, ഫസ്‌ലു ഫീ ദുഖൂലിഹി(അ)ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഒന്നാം അഖബ് ബയ്അത്തിനുശേഷം നബി(സ) തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ മദീനായിലെ മുസ്‌ലിംകളുടെ തർബിയ്യത്തിന്(ശിക്ഷണം) അയച്ചു. കുറച്ചുകാലത്തിനുശേഷം അദ്ദേഹം നബി(സ)തിരുമേനിയോട് ജുമുഅ നമസ്കരിപ്പിക്കാനുള്ള അനുവാദം ചോദിച്ചു. അദ്ദേഹത്തിന് നബി(സ)തിരുമേനി അനുവാദം നല്കി. ജുമുഅയെ സംബന്ധിച്ച നിർദേശങ്ങളും നല്കി. അങ്ങനെ ആ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ മദീനയിൽ ആദ്യമായി ജുമുഅ നിർവഹിക്കപ്പെട്ടത് ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിലായിരുന്നു. (അത്ത്വബക്കാത്തുൽകുബ്റാ, വാല്യം 3, പേജ് 87–88 ,മുസ്അബുൽഖയ്ർ, ദാറുൽ കുതുബുൽ ഇൽമിയ്യാ ബേറൂത്ത്, 1990)

ഈ ഉദ്ധരണി അത്ത്വബക്കാത്തുൽ കുബ്റായിലേതാണ്. ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയ്ക്ക് ഖുബായിൽ ഒരു കിണർ ഉണ്ടായിരുന്നു. അതിനെ അൽഗർസ് എന്ന് വിളിച്ചിരുന്നു. നബി(സ) തിരുമേനി അതിൽ നിന്ന് വെള്ളം കുടിച്ചിരുന്നു. നബി(സ)തിരുമേനി ആ കിണറിനെ കുറിച്ച് പറയാറുണ്ടായിരുന്നു: 'ഇത് സ്വർഗത്തിലെ അരുവികളിൽപെട്ടതാണ്. ഇതിന്റെ ജലം മുന്തിയതാണ്.' അതായത് വളരെ നല്ലതും തണുത്തതും മധുരമുള്ളതമായ ജലമായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിന് ശേഷം ആ മഹാത്മാവിനെ ഈ കിണറിലെ വെള്ളംകൊണ്ടാണ് കുളിപ്പിച്ചത്. താൻ മരിച്ചാൽ ബിഅ്റെ ഗർസിൽ നിന്ന് ഏഴ് കുടം വെള്ളംകൊണ്ട് തന്നെ കുളിപ്പിക്കണമെന്ന് നബി(സ) തിരുമേനി പറഞ്ഞിരുന്നു. നബി(സ) തിരുമേനിയെ മൂന്ന് പ്രാവശ്യം കുളിപ്പിച്ചു. ഹദ്റത്ത് അലി, ഹദ്റത്ത് അബ്ബാസ്, ഹദ്റത്ത് ഫള്ൽ എന്നിവരാണ് അദ്ദേഹത്തെ കുളിപ്പിച്ചത്.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉസാമ ബിൻ സയ്ദ്, ഹദ്റത്ത് ശുക്റാൻ, ഹദ്റത്ത് ഔസ് ബിൻ ഖൗലിയും കുളിപ്പിക്കാനുണ്ടായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 2, പേജ് 214 , ബാബു ദിക്റു ഗുസ്‌ലി റസൂലില്ലാഹി(സ),പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (സുനൻ ഇബ്നുമാജ

കിതാബുൽജനാഇസ് ബാബു മാ ജാഅ ഫീ ഗുസ്‌ലി ന്നബിയ്യി(സ)ഹദീഥ് നമ്പർ 1468)(സുബുലുൽ ഹുദാ വർറശാദ്, വാല്യം 7, പേജ് 229, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993).

ഖുറയ്ശികളുടെ അക്രമങ്ങളിൽ പൊറുതിമുട്ടി മദീനയിൽ ഹിജറത്ത് ചെയ്തുവന്ന ധാരാളം മുസ്‌ലിംകളുടെ ആദ്യത്തെ താമസസ്ഥലം ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീടുതന്നെയായിരുന്നു. ഹിജ്റത്ത് ചെയ്തുവരുന്നവരെല്ലാം ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് ഹംസ. അവരിൽ നമുക്ക് ലഭ്യമാകുന്ന ചിലരുടെ പേര് ഇപ്രകാരമാണ്: ഹദ്റത്ത് ഹംസ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ, ഹദ്റത്ത് അബൂ കബ്ശ മൗലാ റസൂലുല്ലാഹി(സ). അദ്ദേഹം അടിമയായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)തുടങ്ങിയവർ. അവർ ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമായുടെ വീട്ടിലാണ് താമസിച്ചത്.' (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 6, 32, 36, 112, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സുലയ്മാൻ ബിൻ അബ്ബാൻ നിവേദനം: നബി(സ)തിരുമേനി ബദറിലേയ്ക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഖയ്ഥമയും അദ്ദേഹത്തിന്റെ പിതാവും ആ മഹാത്മാവിനോടൊപ്പം പുറപ്പെടാൻ തീരുമാനിച്ചു. നബി(സ)തിരുമേനി രണ്ടിൽ ഒരാൾ പോകാനും രണ്ടുപേരുടെയും ഇടയിൽ നറുക്കെടുപ്പ് നടത്തുവാനും നിർദേശം നല്കി. ഹദ്റത്ത് ഖയ്ഥമ തന്റെ മകൻ സഅ്ദിനോട് പറഞ്ഞു: നമ്മളിൽ ഒരാൾക്കാണ് പോകാൻ സാധിക്കുക. അതുകൊണ്ട് നീ സ്ത്രീകളുടെ മേൽനോട്ടക്കാരനായി നിൽക്കുക. ഹദ്റത്ത് സഅ്ദ് പറഞ്ഞു: സ്വർഗമല്ലാതെ മറ്റു വല്ലതുമായിരുന്നെങ്കിൽ ഞാൻ അങ്ങയ്ക്ക് മുൻഗണന നല്കുമായിരുന്നു. എന്നാൽ, ഞാൻ ശഹാദത്ത് ആഗ്രഹിക്കുന്നവനാണ്. അങ്ങനെ അവരിരുവരും കുറിയിട്ടു. അതിൽ ഹദ്റത്ത് സഅ്ദിന്റെ പേരാണ് വീണത്. അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ബദ്റിലേയ്ക്ക് പുറപ്പെടുകയും യുദ്ധത്തിൽ ശഹാദത്ത് വരിക്കുകയും ചെയ്തു.(അൽ മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ ലിൽഹാക്കിമി, വാല്യം 3, പേജ് 209, വ മിൻ മനാഖിബി സഅ്ദ് ബിൻ ഖയ്ഥമ ഹദീഥ് 4866, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

അദ്ദേഹത്തെ ശഹീദാക്കിയത് അംറ് ബിൻ അബ്ദു വുദ്ദായിരുന്നു. ഒരു അഭിപ്രായമനുസരിച്ച് ത്വഅയ്മ ബിൻ അദിയ്യ് ആണ് അദ്ദേഹത്തെ ശഹീദാക്കിയത്. ത്വുഅയ്മായെ ഹദ്റത്ത് ഹംസ ബദ്ർ യുദ്ധത്തിലും അംറ് ബിൻ അബ്ദു വുദ്ദിനെ ഹദ്റത്ത് അലി ഖൻദഖ് യുദ്ധത്തിലും വധിച്ചിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 2, പേജ് 429, സഅ്ദ് ബിൻ ഖയ്ഥമ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് അലി(റ) പറയുന്നു. ബദ്ർ ദിവസം നേരം വെളുത്തപ്പോൾ മുസ്‌ലിംകളുടേയും (ഒരു നിവേദനത്തിലുള്ളത്) സത്യനിഷേധികളുടേയും അണികൾ പരസ്പരം നേരിൽകണ്ടു. അതായത് യുദ്ധം ആരംഭിച്ചു. ഞാൻ ഒരാളെ പിന്തുടർന്നുപോയി. അപ്പോൾ ഒരു കുന്നിന്മേൽ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ദിമ ഒരു അന്യാരാധകനുമായി പോരാടുന്നതാണ് കണ്ടത്. ആ അന്യാരാധകൻ ഹദ്റത്ത് സഅ്ദിനെ ശഹീദാക്കി. ആ അന്യാരാധകൻ ഇരുമ്പിന്റെ പടച്ചട്ടയണിഞ്ഞ് കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. പിന്നീട് ആ കുതിരപ്പുറത്തുനിന്ന് താഴെ ഇറങ്ങി. അയാൾ എന്നെ തിരിച്ചറിഞ്ഞു. പക്ഷേ, എനിക്കയാളെ മനസ്സിലായില്ല. അയാൾ എന്നെ യുദ്ധത്തിന് വെല്ലുവിളിച്ചു. ഞാൻ അയാളുടെ നേരെപോയി. അയാൾ മുന്നോട്ടുചാടി എന്റെമേൽ ആക്രമണം നടത്താൻ തുടങ്ങിയപ്പോൾ പൊക്കത്തിൽനിന്ന് താഴെ നില്ക്കുന്ന എന്റെ അടുത്തുവരാനും അധികം പൊക്കത്തിൽനിന്ന് ഞാനുമായി പോരാടാതിരിക്കാനും ഞാൻ താഴത്തേക്ക് പിന്മാറി. താഴെവന്ന് പോരാടുക എന്നതും അടുത്തുവരികയെന്നതും യുദ്ധത്തിന്റെ നിയമമാണ്. അയാൾ ഉയരത്തിൽനിന്ന് എന്റെമേൽ ആക്രമണം നടത്താനിടയുണ്ടായിരുന്നു. ഞാൻ ഇങ്ങനെ ഒരു ചുടവ് പിന്നോട്ടുമാറിയപ്പോൾ അയാൾ പറഞ്ഞു. അബൂത്വാലിബിന്റെ മകനേ! നീ ഓടുകയാണോ? ഞാൻ അവനോടു പറഞ്ഞു: ഖരീബുൻ മഫർറുബ്നിശ്ശത്തറാഇൻ ഇശ്തിറാഇന്റെ മകന്റെ ഓട്ടം അടുത്തിരിക്കുന്നു. അതായത് ഓടിപ്പോകൽ അസംഭാവ്യമാണ്. ഇത് അറബികളിലെ ഒരു ചൊല്ലായിത്തീർന്നു. പറയുന്നു: ചരിത്രത്തിൽ എഴുതിയിരിക്കുന്നു, ഒരു കൊള്ളക്കാരനുണ്ടായിരുന്നു. അവൻ ജനങ്ങളെ കൊള്ളയടിക്കാൻ വരുമായിരുന്നു. ആളുകൾ അയാളെ ആക്രമിക്കും. അപ്പോൾ അയാൾ ഓടിപ്പോകും. പക്ഷേ, അയാളുടെ ഓട്ടം താൽക്കാലികമായിരുന്നു. പിന്നീട് അയാൾ അവസരം പാർത്ത് വീണ്ടും ആക്രമണം നടത്തുമായിരുന്നു. അങ്ങനെ ഇത് പഴഞ്ചൊല്ലായി ഉപയോഗിക്കാൻ തുടങ്ങി. തന്ത്രപരമായി പിന്നാക്കംപോകുക പിന്നീട് ആക്രമിക്കുക എന്നതാണ് ഉദ്ദേശ്യം. ഹദ്റത്ത് അലി(റ) പറയുന്നു. എന്റെ ചുവടു ഉറച്ചപ്പോൾ, അയാളും എന്റെ അടുത്തെത്തി. അയാൾ വാളുകൊണ്ട് എന്നെ വെട്ടി. ഞാനതു പരിചകൊണ്ട് തടുത്തു. അയാളുടെ തോളിൽ ഏതുരീതിയിലാണ് ഞാൻ വെട്ടിയതെന്നാൽ എന്റെ വാള് അയാളുടെ പടച്ചട്ട മുറിച്ചുകൊണ്ട് താഴേക്കെത്തി. എന്റെ വാള് അയാളുടെ കഥ കഴിക്കുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. എന്റെ പിന്നിൽനിന്നുള്ള വാളിന്റെ തിളക്കം ഞാൻ മനസ്സിലാക്കി. പറയുന്നു: രണ്ടാമത്തെ വെട്ടും തടുക്കണമായിരുന്നു. അപ്പോൾ പിന്നിൽനിന്ന് വാളിന്റെ തിളക്കം എനിക്കനുഭവപ്പെട്ടു. ഞാൻ എന്റെ തല ക്ഷണത്തിൽ താഴ്ത്തി. അതായത് പിന്നിൽ ഏതോ വാള് വരുന്നുണ്ട്, ആ വാള് എത്ര മാത്രം ശക്തമായി ശത്രുവിന്റെമേൽ പതിച്ചുവെന്നാൽ, അയാളുടെ തല ഉടലിൽനിന്ന് വേർപെട്ടു. ഹദ്റത്ത് അലി പറയുന്നു: ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ഹദ്റത്ത് ഹംസയായിരുന്നു അത്. എന്റെ വെട്ടിനെ സൂക്ഷിക്കുക, ഞാൻ ഇബ്നു അബ്ദുൽ മുത്ത്വലിബാണെന്ന് അദ്ദേഹം പറയുന്നുണ്ടായിരുന്നു.' (കിതാബുൽ മഗാസി ലിൽ വാഖ്ദി, പേജ് 92-93. ഗസ്‌വ ബദ്ർ, ആലമുൽകുതുബ് 1984) (ലുഗാത്തുൽ ഹദീഥ് വാല്യം 2, പേജ് 431, പ്രസാധകർ അലി ആസിഫ് പ്രിന്റേഴ്സ് ലാഹോർ 2005)

ഇന്നയാൾ ഇന്നയാളെ കൊന്നുവെന്ന് ഈ നിവേദനത്തിൽ പറയുന്നില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് ത്വുഅയ്മ ബിൻ അദിയ്യ് ഹദ്റത്ത് സഅ്ദിനെ ശഹീദാക്കി എന്നാണ്. പന്നീട് അയാൾ അവിടെ വധിക്കപ്പെടുകയും ചെയ്തു.

ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം രണ്ട് കുതിരകൾ ഉണ്ടായിരുന്നു. ഒരു കുതിരപ്പുറത്ത് ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും മറ്റെതിൽ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുമാണ് സഞ്ചരിച്ചിരുന്നത്. ഹദ്റത്ത് സുബയ്ർ ബിൻ അൽഅവാം, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ് എന്നിവരും ഊഴമനുസരിച്ച് അതിൽ യാത്രചെയ്തു. (ദലാഇലുന്നുബുവ്വത്തി ലിൽബയ്ഹഖി വാല്യം 3, പേജ് 110, സിയാഖ് ഖിസ്സ ബദ്ർ, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1988)

ബദ്ർ യുദ്ധത്തിൽ മുസ്‌ലീംകളുടെ പക്കൽ എത്ര കുതിരകളുണ്ടായിരുന്നു? ഇത് സംബന്ധമായി ചരിത്രത്തിൽ വിവിധ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീക്ഷണത്തിൽ ബദ്ർ യുദ്ധസമയത്ത് മുസ്‌ലിംങ്ങളുടെ ഭാഗത്ത് 70 ഒട്ടകവും 2 കുതിരയുമാണുണ്ടായിരുന്നത്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 353).

പക്ഷേ, മറ്റുഗ്രന്ഥങ്ങളിൽ കുതിരകൾ മൂന്നും അഞ്ചുമെന്നും എഴുതിയിട്ടുണ്ട്. (ശർഹ് സർഖാനീ വാല്യം 2, പേജ് 260, ബാബു ഗസ്‌വത്തു ബദ്റുൽകുബ്റ, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത്1996)(അസ്സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 205, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1996)

എന്തായാലും എത്രതന്നെ സാധനസാമഗ്രികളും കുതിരകളും ഒട്ടകങ്ങളും ഉണ്ടായിരുന്നാലും ശരി, അത് അവിശ്വാസികളുടെ സാധനസാമഗ്രികളോട് തുലനം ചെയ്യുവാൻ സാധിക്കുന്നതായിരുന്നില്ല. എന്നാൽ, ആക്രമണം ഉണ്ടായപ്പോൾ യുദ്ധം ശക്തമായിരുന്നു. അവിശ്വാസികൾ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുമെന്ന വിചാരത്തോടെയാണ് വന്നത്. പക്ഷേ, സത്യവിശ്വാസികൾ അവരുടെ സാധനങ്ങളെ ഗൗനിച്ചില്ല. കുതിരകളെയും ശ്രദ്ധിച്ചില്ല. അല്ലാഹുവിനുവേണ്ടി ത്യാഗം വരിക്കണം എന്ന വ്യഗ്രതയായിരുന്നു അവർക്ക്. അങ്ങനെ അല്ലാഹു അത് സ്വീകരിക്കുകയും പിന്നീട് വിജയം നല്കുകയും ചെയ്തു. അല്ലാഹു എപ്പോഴും ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."**
**(ജുമുഅ ഖുത്‌ബ 2016 ജനുവരി 1)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്."**
**(ജുമുഅ ഖുത്‌ബ 27-01-2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)**

## 2016 മെയ് 13 (വെള്ളിയാഴ്ച)

### വാഖ്ഫാത്തെ നൗഇന്റെ ക്ലാസ്

അസീസ മുഫ്‌ലിഹ റശീദായുടെ തിലാവത്തോടുകൂടി പരിപാടി ആരംഭിച്ചു. അസീസ നാബിഗ ചൗദ്ദരി ഉർദുവിലും അസീസ ഫാരിയ റഹ്മാൻ സ്വീഡിഷ് ഭാഷയിലും അതിന്റെ തർജമ സമർപിച്ചു. അതിനുശേഷം അമൽ യഹ്‌യാ ഖാൻ ഹദീഥ് വായിച്ചു. അസീസ ദുർറെ ശഹ്‌വാർ ഖാൻ അതിന്റെ ഉർദു തർജമയും അസീസ ആമിന സലീം സ്വീഡിഷ് തർജമയും കേൾപിച്ചു. വാഗ്ദത്ത മസീഹിന്റെ ലിഖിത ശകലം അസീസ സൽമാന മുബശ്ശിർ വായിച്ചു. ആ ഭാഗം ചുവടെ ചേർക്കുന്നു: ഹദ് റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'എന്റെ കൈകളിൽ തൗബ ചെയ്തതിനുശേഷം ഭൗതികരെപോലെ ജീവിച്ചാൽ ഒരു പ്രയോജനവുമില്ല. നിങ്ങൾ പുതു ജീവിതത്തിൽ മറ്റൊരു ജന്മം കരസ്ഥമാക്കാൻ എന്റെ കൈയിൽ ചെയ്ത തൗബ ഒരു മരണം ആവശ്യപ്പെടുന്നു. ഹൃദയാത്മനാ അല്ലബയ്‌അത്തെങ്കിൽ ഒരു ഫലവും പ്രാപ്തമാകുകയില്ല. എന്റെ കൈയിൽ ചെയ്യുന്ന അനുസരണപ്രതിജ്ഞ മുഖേന അല്ലാഹു ഹൃദയത്തിന്റെ സമ്മതം ആഗ്രഹിക്കുന്നു. ഹൃദയാത്മനാ സത്യസന്ധതയോടെ എന്നെ സ്വീകരിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽനിന്ന് സത്യസന്ധതയോടെ പശ്ചാത്തപിക്കുന്നവരാണ്. പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യവാനുമായ അല്ലാഹു അവന്റെ പാപങ്ങൾ തീർച്ചയായും ക്ഷമിച്ചു കൊടുക്കുന്നതാണ്. അവൻ മാതാവിന്റെ വയറ്റിൽ നിന്ന് വന്ന ശിശുവിനെ പോലെയായിത്തീരേണ്ടതാണ്. അപ്പോഴായിരിക്കും മലക്കുകൾ അവനെ സംരക്ഷിക്കുന്നത്.'(മൽഫൂദാത്ത്, വാള്യം 2, പേജ്-194)

അസീസ ആഫിയ ഈമാൻ സാഹിബ ഇതിന്റെ സ്വീഡിഷ് തർജമ സമർപ്പിച്ചു. തുടർന്ന് അസീസ മർയം ഫാത്തിഹ പദ്യമാലപിച്ചു.

*ഖിലാഫത്ത് ഹെ ഇൻആമെ ആസ്മാനി*
*ഖിലാഫത്ത് ഹീ നിസാമെ മുഅ്തബർ ഹെ*
*ഖിലാഫത്ത് സേ മുഖദ്ദർ ദീൻ കാ ഗലബ*
*ഉസീ കേ സാഥ് ഹീ ഫത്ഹൊ ളഫ്ർ ഹെ.*

സ്വീഡൻ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം, അഹ്മദിയ്യാ ഖലീഫമാരുടെ സന്ദർശനങ്ങൾ എന്നീ വിഷയങ്ങളിൽ യഥാക്രമം അസീസ മാരിയ ചൗദ്ദരി, അസീസ ഗസാല ചൗദ്ദരി എന്നിവർ പ്രസന്റേഷൻ നടത്തി. 1930-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ കണ്ട ഒരു ദർശനത്തിൽ സ്വീഡൻ (Sweden), ഫിൻലൻഡ്(Finland), ഹംഗറി (Hungary) രാജ്യക്കാർ അഹ്മദിയ്യത്തിനെ പ്രതീക്ഷിച്ചിരിക്കുന്നതായി ഉണ്ടായിരുന്നു. ആ ദിവ്യമായ ദീർഘദർശനങ്ങൾ പൂർത്തിയാക്കേണ്ടതായിരുന്നു. 1955-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലണ്ടൻ സന്ദർശിച്ചപ്പോൾ ഒരു സ്വീഡൻ വിദ്യാർഥി ഗിനാർ എർകസോൺ ഹുദൂറിനെ സന്ദർശിച്ചു. സ്വീഡനിൽ അഹ്മദിയ്യാ മിഷൻ സ്ഥാപിക്കാൻ അദ്ദേഹം അപേക്ഷിച്ചു. തുടർന്ന് ഹുദൂറിന്റെ നിർദ്ദേശാനുസരണം ആദരണീയനായ സയ്യിദ് കമാൽ യൂസുഫ് സാഹിബ് സ്കാന്റിനേവിയയിലെ ആദ്യ മിഷണറിയായി അയക്കപ്പെട്ടു. ഗോഥൻ ബർഗിൽ സെന്റർ നിർമിക്കപ്പെട്ടു. 1973-ൽ ഖലീഫത്തുൽ മസീഹ് മൂന്നാമൻ ആദ്യമായി സ്വീഡൻ സന്ദർശിച്ചു. ആദരണീയ സയ്യിദ് കമാൽ യൂസുഫ് സാഹിബിനോട് ഗോഥൻ ബർഗ് മിഷനു വേണ്ടി സ്ഥലം കണ്ടെത്താനുള്ള ശ്രമം നടത്താൻ നിർദേശിച്ചു. 1975 സെപ്റ്റംബർ 26 ചരിത്രപരമായി പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു. ടോൾവ്സ്കില്ലിംഗ്സ് ഗാട്ടൻ (Tolvskillingsgatan)ലെ ഒരു മലമുകളിൽ ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ നിന്ന് കൊണ്ടുവന്ന ഒരു ഇഷ്ടിക വെച്ച് ഖലീഫത്തുൽ മസീഹ് മൂന്നാമൻ മസ്ജിദ് നാസ്വിറിന്റെ അനഗൃഹീത നിർമാണ പ്രവർത്തത്തിന് തറക്കല്ലിട്ടു. ഏതു ഏകദൈവവിശ്വാസിക്കും ആരാധനയ്ക്ക് ഈ മസ്ജിദിന്റെ വാതിലുകൾ എപ്പോഴും തുറന്നു കിടക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഏതു മതവുമായി ബന്ധപ്പെട്ടവരാണെങ്കിലും അവർക്കിവിടെ വന്നു ഏക ദൈവത്തെ ആരാധിക്കാവുന്നതാണ്. നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ അനുഗ്രഹം വർഷിച്ചുകൊണ്ട് ആറേഴു പ്രാവശ്യം നാലാം ഖലീഫ സ്വീഡനിലെത്തി. 1982 ആഗസ്റ്റ് 8-ന് നാലാം ഖലീഫ മജ്‌ലിസെ ശൂറായുടെ ആരംഭം കുറിച്ചു. 1986ൽ വീണ്ടും സ്വീഡൻ സന്ദർശിച്ച ഹുദൂർ 1987-ൽ മാൽമോയിൽ ബയ്ത്തുൽ ഹംദ് മിഷന്റെ ഉൽഘാടനം നിർവ്വഹിച്ചു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന മാൽമോ പട്ടണം സ്വീഡന്റെ തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്നു. 1989,1991,1993 വർഷങ്ങളിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ഗോഥൻ ബർഗ്, മാൽമോ,കാൽമാർ എന്നീ പട്ടണങ്ങൾ സന്ദർശിച്ചു.1997-ൽ ഹുദൂർ നടത്തിയ സന്ദർശനം ചരിത്രപരമായി സുപ്രധാനമായിരുന്നു. അനുഗൃഹീത അഞ്ചാം ഖിലാഫത്ത് കാലഘട്ടത്തിന് തുടക്കം കുറിച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2005 സെപ്റ്റംബർ 11-ന് സ്വീഡനിൽ പ്രഥമ സന്ദർശനം നടത്തി. ആദ്യമായി സ്കാന്റിനേവിയൻ സമ്മേളനം ആ വർഷം നടന്നു. ഇതിൽ സ്വീഡൻ,നോർവെ, ഡെന്മാർക്ക്,ഫിൻലാൻഡ് രാഷ്ട്രങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. ജുമുഅ ഖുത്ബയും ജൽസയുടെ രണ്ടു ദിവസവുംഹുദൂറിന്റെ പ്രഭാഷണവും നടന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ, ആമീൻ പരിപാടി, വഖ്ഫെ നൗ ക്ലാസ് എന്നിവയും നടന്നു. മാൽമോയിൽ ഇന്ന് നിർമിതമായിട്ടുള്ള മ്സ്ജിദ് സ്ഥിതി ചെയ്യുന്ന സൈറ്റ് അന്ന് ഹുദൂർ സന്ദർശിച്ചിരുന്നു. നിർമാണവുമായി ബന്ധപ്പെട്ട് മാർഗനിർദ്ദേശങ്ങളും നൽകുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് മസ്ജിദ് മഹ്മൂദിന്റെ നിർമാണം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. ഹുദൂറിന്റെ പ്രതിനിധി ആദരണീയനായ അബ്ദുൽ മാജിദ് ത്വാഹിർ സാഹിബാണ് 2014 ഏപ്രിൽ 12-ന് ഈ മസ്ജിദിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത്. 11 വർഷത്തിനു ശേഷം വീണ്ടും ഹുദൂർ സ്വീഡനിലെത്തി മസ്ജിദ് മഹ്മൂദ് ഉൽഘാടനം ചെയ്തിരിക്കുന്നു. ഇസ്‌ലാമിക സൂര്യൻ പടിഞ്ഞാറു നിന്ന് ഉദിക്കുമെന്നുള്ള ദീർഘദർശനം പൂർത്തിയാകുന്നതിന്റെ അടയാളങ്ങൾ കൂടുതൽ തെളിഞ്ഞു വന്നു കൊണ്ടിരിക്കുകയാണ്. തുടർന്ന് ഹുദൂറുമൊത്തുള്ള ചോദ്യോത്തര പരിപാടിയും നടന്നു.

ഒരു പെൺകുട്ടി ചോദിച്ചു: ശിശുവിന്റെ തലയിലെ മുടി വടിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്?

ഹുദൂർ: ഇത് സുന്നത്താണ്. കുഞ്ഞ് ജനിക്കുമ്പോൾ അഖീഖ നിർവ്വഹിക്കപ്പെടുന്നു. പെൺകുട്ടിയാണെങ്കിൽ ഒരു ആടും ആൺകുട്ടിയാണെങ്കിൽ രണ്ടാടുമാണ് ഖുർബാനി കൊടുക്കുന്നത്. ഇത് സ്വദഖയല്ല. നിങ്ങൾക്കും കഴിക്കാവുന്നതാണ്. മുടി വടിച്ച് അതിന്റെ ഭാരത്തിനു തുല്യം വെള്ളി സ്വദഖയായി നൽകുക. കുട്ടിയുടെ ദീർഘായുസ്സിനും ആരോഗ്യത്തിനും അനുഗൃഹീത ജീവിതം സഫലമായിത്തീരുന്നതിനും വേണ്ടിയാണ് അഖീഖ നൽകുന്നത്. ഇപ്രകാരം ചെയ്യണമെന്നു നബി(സ) തിരുമേനി ചെയ്തു കാണിച്ചുതന്നിട്ടുള്ളതുകൊണ്ടാണ് നമ്മളുംചെയ്യുന്നത്.

ഒരു പെൺകുട്ടി ചോദിച്ചു: അല്ലാഹു നമ്മളെല്ലാവരേയും തുടക്കത്തിലെ ഇരട്ടകളാക്കിയിരിക്കുകയാണോ?

ഹുദൂർ: ആരംഭത്തിലേ ഇരട്ടകളാക്കിയിട്ടുണ്ടോ ഇല്ലേയെന്നറിയില്ല. ചിലരുടെ ജോഡികൾ ഉണ്ടാകാറുണ്ട്. വേറിട്ടും ഉണ്ടാകാറുണ്ട്. ആരുടെയെങ്കിലും വൈവാഹിക ബന്ധം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞാൽ ഈ ബന്ധം മുമ്പേ ഉണ്ടായതായിരുന്നുവെന്ന് വയസായ സ്ത്രീകൾ പറയാറുണ്ട്. യഥാർഥത്തിൽ ഇന്ന വ്യക്തിക്ക് ഇന്ന ജോഡിയാണ് ആകേണ്ടതെന്ന് അല്ലാഹുവിന് അറിയാം. ചിലർ വേറിട്ടും പോകാറുണ്ട്. അല്ലാഹുവിനേ അറിയുകയുള്ളൂ ഏതു ജോഡിയാണ് ശരിയായിട്ടുള്ളതെന്ന്. ഹദ്റത്ത് സയ്ദിന്റെ വിവാഹം നബി(സ)തിരുമേനിയുടെ ഒരു കസിനുമായി നടന്നിരുന്നു. നബി(സ)തിരുമേനിയാണ് വിവാഹം നടത്തി കൊടുത്തത്. എന്നാൽ, ആ ബന്ധം നിലനിൽക്കാതെ വന്നപ്പോൾ ത്വലാഖുമായി. പിന്നീട് നബി(സ)തിരുമേനി അവരെ വിവാഹം കഴിച്ചു. അവരുടെ നന്മകളെ കുറിച്ചു അല്ലാഹുവിന് അറിയാമായിരുന്നു. അവരുടെ നന്മകളുടെ ഫലമായിട്ട് അല്ലാഹു അവരെ വിശ്വാസികളുടെ മാതാക്കളുടെ ഗണത്തിൽ എണ്ണപ്പെടുന്ന സ്ഥാനത്തെത്തിച്ചു.

ഹുദൂർ തുടരുന്നു: അല്ലാഹു ആലിമുൽ ഗയ്ബ്(പരോക്ഷം അറിയുന്നവൻ) ആയതുകൊണ്ട് തീർച്ചയായും ദുആ ചെയ്യേണ്ടതുണ്ട്. ആർക്ക് ആരോടൊപ്പം നല്ലനിലയിൽ ജീവിതം നയിക്കാൻ കഴിയുമെന്നുള്ളത് അവന് മാത്രമേ അറിയുകയുള്ളൂ. അതുകൊണ്ട് പരിശ്രമത്തോടൊപ്പം ദുആയും ചെയ്യേണ്ടതാണ്. നിങ്ങൾ ഇസ്തിഖാറ ചെയ്യുമ്പോൾ അതിനു ഉത്തരം കിട്ടണമെന്ന് നിർബന്ധമില്ല. ഇസ്തിഖാറയെന്നാൽ അല്ലാഹുവിനോടു അവന്റെ സവിധത്തിൽ ഉത്തമമായത് നടക്കുന്നതിനുവേണ്ടിയുള്ള അർഥനയാണ്. ചിലപ്പോൾ ദുആകളി ൽ ദൗർബല്യം സംഭവിക്കുന്നതു കാരണത്താൽ ശേഷം പ്രശ്നങ്ങളും ഉടലെടുത്തേക്കാം. ആര് ആരുടെ ജോഡിയാകണമെന്ന് അല്ലാഹുവിന്റെ അറിവിലാണുള്ളത്. എന്നാൽ, മാനുഷികമായി സംഭവിക്കുന്ന അബദ്ധങ്ങൾ കാരണത്താൽ അവരിൽ പ്രശ്നങ്ങളും ഉടലെടുക്കാനും സാധ്യതയുണ്ട്.

ഒരു പെൺകുട്ടി ചോദിച്ച: ഞാൻ വഖ്ഫെ നൗ പദ്ധതിയിൽ അംഗമല്ല. എന്നാൽ, മനസ്സിൽ ആഗ്രഹമുണ്ട്. ആഫ്രിക്കയിൽ പോയി ഞാൻ എങ്ങനെയുള്ള സേവനമാണ് നിർവ്വഹിക്കേണ്ടത്?

ഹുദൂർ: വഖ്ഫെ നൗ അല്ലല്ലോ. എനിക്ക് എന്ത് ചെയ്യാൻ കഴിയും. അബ്ബാ അമ്മായോടു ചോദിക്കൂ എന്താ വഖ്ഫ് ചെയ്യാഞ്ഞതെന്ന്. വഖ്ഫ് ഇനി ചെയ്യണമെങ്കിൽ എന്തെങ്കിലും ചെയ്തു കാണിക്കുക. ഡോക്ടറോ അദ്ധ്യാപികയോ ആയി ആഫ്രിക്കയിൽ പോയി ജമാഅത്തിന് സേവനം ചെയ്യുക. വഖ്ഫെ നൗ പദ്ധതിയിൽ ഇനി ചേരാൻ സാധിക്കില്ല. വഫ്ഫെ നൗ പദ്ധതിയുടെ ഉദ്ദേശ്യം മാതാപിതാക്കൾ തങ്ങൾക്ക് കുട്ടികൾ ജനിക്കുന്നതിനു മുമ്പേ അവരെ വഖ്ഫ് ചെയ്യണമെന്നാണ്. ഇനി പഠിച്ച് വലുതായി ഡാക്ടറോ മറ്റോ ആയിട്ട് വഖ്ഫ് ചെയ്യുക.

ഒരു പെൺകുട്ടി ചോദിച്ചു: ശിയാക്കൾ നെഞ്ചത്തടിച്ച് വിലപിക്കുന്നത് കേൾക്കുന്നത് അനുവദനീയമാണോ?

ഹുദൂർ: അങ്ങനെ ഏതെങ്കിലും ശിയാ ഓതുകയോ ടി.വിയിൽ വരികയോ ചെയ്താൽ കേൾക്കുന്നത് പാപമൊന്നുമല്ല. എന്നാൽ, അവരെപ്പോലെ ആംഗ്യങ്ങൾ കാണിക്കുക, നെഞ്ചത്തടിച്ച് നിലവിളിക്കുക തുടങ്ങിയവ ചെയ്യാൻ പാടില്ല. അധികം കേൾക്കാനും നിൽക്കേണ്ടതില്ല. കൂടാതെ വേറെ നല്ല നല്ല പദ്യങ്ങൾ വരുന്നുണ്ടല്ലോ. ഖസീദകളും നഅത്തുകളും(നബിയെ കുറിച്ചുള്ള കവിതകൾ) വരുന്നുണ്ടല്ലോ. അതു കേൾക്കാമല്ലോ. വിലാപകാവ്യങ്ങൾ കേൾക്കാൻ കൂടുതൽ ഇഷ്ടമാണെങ്കിൽ അത് കേൾക്കാവുന്നതാണ്.

അപ്പോൾ ആ പെൺകുട്ടി ചോദിച്ചു: അതു കേൾ

ക്കുന്നതിൽ നിന്ന് എല്ലാവരും എന്നെ തടയാറുണ്ട്. ശിയാക്കളുടെ വിലാപഗാനങ്ങൾ കേട്ടാൽ ഹുദൂറിനോടു എന്നെ കുറിച്ച് പരാതി പറയുമെന്നും എന്നോടു പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഇത് ചോദിക്കണമെന്ന് എനിക്ക് തോന്നിയത്.

ഹുദൂർ: പരാതിപെടുമ്പോൾ ഞാൻ അത് നോക്കിക്കോളാം. ശിയാക്കളെപോലെ നെഞ്ചത്തടിച്ചുള്ള വിലാപമൊന്നുമില്ലെങ്കിൽ കേൾക്കുന്നതിൽ തെറ്റില്ല. അവരുടെ ചില നല്ല കവിതകളുണ്ട്. *'ഭയ്യാ കൊനഃ പായേഗീ തൊ ഘബ്‌രായേഗീ സയ്നബ്.'* ഇതുപോലെ വേറെയും നല്ല നല്ല കവിതകളുണ്ട്. അതു കേൾക്കുന്നതിൽ തെറ്റില്ല.

മറ്റൊരു പെൺകുട്ടി ചോദിച്ചു: ഹുദൂർ! അങ്ങ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ആദ്യമായി അല്ലാഹുവിനോടു ചെയ്ത ദുആ എന്താണ്?

ഹുദൂർ: എനിക്കൊന്നും അറിയില്ലെന്നും എന്റെ പ്രവൃത്തികളെല്ലാം നീ തന്നെ നടത്തിക്കൊണ്ടു പോകേണമേ എന്നുമാണ് ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തത്.

ഒരു പെൺകുട്ടി ചോദിച്ചു: ലോകത്ത് അഹ്മദിയ്യത്തിന് ആധിപത്യം വരുമ്പോൾ ലോകത്തെങ്ങും സമാധാനം സ്ഥാപിതമാകുമോ?

ഹുദൂർ: ആധിപത്യം എന്നതിന്റെ അർഥം വളരെ വലിയൊരു ജനവിഭാഗം അഹ്മദികളായിത്തീരുക എന്നാണ്. എന്നാൽ, ക്രിസ്തുമതവും ലോകത്ത് നിലനിൽക്കും.യഹൂദമതവും ലോകത്ത് നിലനിൽക്കും.സൂറ ഫാത്തിഹയിലെ ദുആയും നാം ചെയ്യുന്നുണ്ട്. 'നിന്റെ കോപത്തിന് പാത്രമായവരുടേയും വഴികേടിലായവരുടേയും വഴികളിലല്ല' എന്ന്.

വഴികേടിലായ മുസ്‌ലീംകളും നിലനിൽക്കാം. ഇതര മതക്കാരും നിലനിൽക്കാം. എന്നാൽ, ഭൂരിപക്ഷം അഹ്മദികളായിരിക്കും. അക്കാലഘട്ടത്തിൽ പൊതുവേ സമാധാനം സ്ഥാപിതമാകുന്നതാണ്. എന്നാൽ, ഖിയാമത്ത് വരുമ്പോൾ വീണ്ടും ലോകം വഴികേടിലേക്ക് പോകും. ഒടുവിൽ വീണ്ടും അതേ കുഴപ്പങ്ങൾ നിറഞ്ഞ കാര്യങ്ങൾ വരും. വഴികേടിലായവരുടെമേൽ ഖിയാമത്തും വരും. ഇൻശാഅല്ലാഹ് സമാധാനം സ്ഥാപിതമാകുന്നതാണ്. ആദ്യം അഹ്മദിയ്യാ ജമാഅത്തിനുള്ളിൽ സ്വയം സമാധാനം സ്ഥാപിക്കുക.

ഒരു പെൺകുട്ടി ചോദിച്ചു: യുവാക്കൾ പ്രത്യേകിച്ചും സ്വീഡൻ കുട്ടികൾപോലും തീവ്രവാദത്തിലേക്ക് ചാഞ്ഞു കൊണ്ടിരിക്കുന്നു. അഹ്മദികളായ നമുക്ക് അവരെ എങ്ങനെയാണ് തടയാൻ കഴിയുക?

ഹുദൂർ: അവകാശങ്ങൾ ഹനിക്കപ്പെടുമ്പോൾ മാനസികമായി ഇടറിപ്പോകുന്നുവെന്ന് അവരോട് പറയുക. ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ പൂർത്തിയാക്കപ്പെടേണ്ടതുണ്ട്. 2008-ലെ സാമ്പത്തികപ്രതിസന്ധി തുടങ്ങുന്നതിനുമുമ്പേ ഈ തീവ്രവാദം ഉണ്ടായിരുന്നില്ല. അതിനുശേഷമാണ് ഈ ചായിവ് ഉണ്ടായിട്ടുള്ളത്. ജനങ്ങളുടെ ജീവിതാവശ്യങ്ങൾ പൂർത്തിയാകാതിരുന്നാൽ ഇത്തരം സാഹചര്യം ഉണ്ടാകുക തന്നെചെയ്യും. മാനസിക തകർച്ച നേരിട്ടതോടെ തീവ്രവാദ ഗ്രൂപ്പുകൾ അതിനെ ദുരുപയോഗപ്പെടുത്തി. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായുള്ള ശ്രമം അവർ ത്വരിതപ്പെടുത്തുകയും ചെയ്തു. അവരിൽപ്പെട്ട ചിലർ ഇസ്‌ലാം സ്വീകരിച്ച് ഈ തീവ്രവാദ ഗ്രൂപ്പിലോ ഇസ്‌ലാമിക സ്റ്റേറ്റ് എന്ന തീവ്രവാദ സംഘത്തിലോ പോയിച്ചേർന്നു. ഇവർക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കുകയെന്നതാണ് ഇതിന്നുള്ള പരിഹാരം. ഇതേ കാര്യമാണ് ഞാൻ പറഞ്ഞു കൊണ്ടിരുന്നത്. സ്വന്തം കൈയിലുള്ള ഗ്രന്ഥങ്ങൾ ഉൾക്കൊണ്ട് സമാധാനത്തോടെ ജീവിക്കുന്നതിലേ പ്രയോജനമുള്ളൂ എന്ന് അവരോടു പറയുക. മുസ്‌ലീംകളായി ഈ സംഘത്തിൽ പ്രവേശിച്ചവർക്ക് ഇസ്‌ലാമിനെപ്പറ്റി ഒന്നും അറിയില്ല. അവർക്ക് വഴികാട്ടിയായിട്ടുള്ള ഒരാളും ആ ഗ്രൂപ്പുകളിൽ അഹ്മദികളുണ്ട് എന്ന് പറഞ്ഞിട്ടില്ല. ഒരു പക്ഷേ ആരെങ്കിലും ഉണ്ടെങ്കിൽത്തന്നെ ജമാഅത്തിൽ നിന്ന് പുറത്തു പോയിട്ടേ അങ്ങനെയാകാൻ സാധ്യതയുള്ളൂ. അഹ്മദിയ്യത്തിൽ ഇരുന്നുകൊണ്ട് അത് സാധ്യമല്ല. ഏതു സമയത്തും യുവാക്കൾക്ക് അഹ്മദിയ്യത്തിൽ നേരായ മാർഗം കിട്ടിക്കൊണ്ടേയിരിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾ മുല്ലമാർ അവരുടെ താൽപ്പര്യങ്ങൾക്കൊത്ത് വികൃതമാക്കുകയാണ്. യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളെ സംബന്ധിച്ച് ഇവർക്ക് പറഞ്ഞു കൊടുക്കേണ്ടതുണ്ട്. ഞാൻ ഇതേ പ്രവൃത്തിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വിവിധ പാർലമെന്റുകളിൽ ഞാൻ നൽകിയിട്ടുള്ള പ്രഭാഷണങ്ങൾ നിങ്ങൾ വായിക്കാറുണ്ടോ? അവ ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുക.

ഒരു പെൺകുട്ടി പറഞ്ഞു: ഡോക്ടർ ആകണമെന്ന് ആഗ്രഹമുണ്ട്.

ഹുദൂർ: ആയിക്കൊള്ളുക. ആരെങ്കിലും നിന്നെ തടയുന്നുണ്ടോ? പഠിച്ചുകൊള്ളുക. എനിക്ക് ഒരു വിരോധവുമില്ല.

ഒരു പെൺകുട്ടി താൻ ഇവിടെ അധ്യാപികയാണെന്നും ഒരു കോളേജിൽ പഠിപ്പിക്കുകയാണെന്നും ആഫ്രിക്കയിൽ പോകാൻ കഴിയുമോ? എന്നും ചോദിച്ചു.

ഹുദൂർ: നീ വിവാഹിതയാണോ?

പെൺകുട്ടി: അല്ല, ഹുദൂർ. എന്നാലും എനിക്ക് ആഫ്രിക്കയിൽ സേവനം ചെയ്യണമെന്നുണ്ട്.

ഹുസൂർ: എഴുതിത്തരിക. ജീവിതം വഖ്ഫ് ചെയ്ത ആരെങ്കിലുമായി വിവാഹം നടക്കുകയാണെങ്കിൽ വളരെ നല്ലതാണ്.

ഹുദൂർ: നിനക്ക് വിവാഹ പ്രായമായോ?

പെൺകുട്ടി: ആയിട്ടുണ്ട്.

ഹുദൂർ: ആദ്യം വിവാഹം കഴിക്കുക. എന്നിട്ട് പൊയ്ക്കൊള്ളുക.

ഒരു പെൺകുട്ടി ചോദിച്ചു: അങ്ങയ്ക്ക് ഏറ്റവുമധികം സന്തോഷവും ദുഃഖവുമുണ്ടായിട്ടുള്ള സംഭവമേതാണ്?

ഹുദൂർ: എന്തു പറയാനാണ്! സന്തോഷങ്ങൾ മാത്രം ഉണ്ടായിക്കൊണ്ടിരിക്കാൻ ദുആ ചെയ്തു കൊണ്ടിരിക്കുക.

ഒരു പെൺകുട്ടി ചോദിച്ചു: മുഹമ്മദുനബി(സ) യുടെ ഖലീഫമാരുടെ പേരിനോടൊപ്പം റളിയല്ലാഹു അൻഹു എന്ന് വരാറുണ്ട്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ആദ്യ രണ്ടു ഖലീഫമാരുടേയും പേരിന്റ കൂടെയും ഇതേ പദം വരുന്നു. എന്നാൽ, മൂന്നും നാലും ഖലീഫമാരുടെ പേരിനോടൊപ്പം റഹിമഹുല്ലാഹ് എന്നാണ് വരുന്നത്.ഇതിന്റെകാരണമെന്താണ്?

ഹുദൂർ: സ്വഹാബിമാർ ഉണ്ടല്ലോ, നബിയെ അദ്ദേഹത്തിന്റെ ജീവിതകാലത്ത് വിശ്വസിച്ചിക്കുന്നവർ, അദ്ദേഹത്തെ നേരിൽ കാണുന്നവർ, അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യുന്നവർ, അവർ വഫാത്താകുമ്പോൾ അവരുടെ പേരിന്റെ കൂടെ റളിയല്ലാഹു അൻഹു വരുന്നു; അതിനുശേഷം വരുന്നവരുടെമേൽ റഹിമഹുല്ലാഹ് എന്നാണ് വരുന്നത്. അതായത് അല്ലാഹു അവരിൽ കരുണ ചെയ്യട്ടെ. റളിയല്ലാഹു അൻഹു എന്നതിന്റെ അർഥം അല്ലാഹു അവരെ തൃപ്തിപ്പെടുമാറാകട്ടെ എന്നാണ്. അതിൽ വ്യത്യാസമൊന്നുമില്ല. വ്യത്യാസം ജീവിതകാലത്ത് വിശ്വസിക്കുന്നു, പിൽക്കാലത്ത് വിശ്വസിക്കുന്നു എന്നതിലാണ്. ഇതൊരു രീതിയാണ്. സഊദി രാജാക്കന്മാർ മരിക്കുമ്പോൾ അവരുടെ പേരിനോടൊപ്പം റളിയല്ലാഹു അൻഹു ചേർക്കാറുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂന്നും നാലും ഖലീഫമാർ സ്വഹാബിമാരല്ല. അവർ മസീഹ് മൗഊദ്(അ)നെ അദ്ദേഹത്തിന്റെ ജീവിത കാലത്ത് കണ്ടിട്ടില്ല. അതുകൊണ്ടാണ് റഹിമഹുല്ലാഹ് എന്ന് ചേർക്കുന്നത്. ഇത് മുമ്പേ നടന്നു വരുന്ന സമ്പ്രദായമാണ്. എന്നാൽ, റളിയല്ലാഹു എന്ന് പറഞ്ഞാലും തെറ്റൊന്നുമില്ല. വിശുദ്ധ ഖുർആനും സ്വഹാബാക്കൾക്കുവേണ്ടി റളിയല്ലാഹു എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അവർ നബിയെ കാണുകയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പെൺകുട്ടി ചോദിച്ചു: അങ്ങയ്ക്ക് പാക്കിസ്താനിൽ പോകാൻ അനുവാദം കിട്ടിയാൽ റബ്‌വയെയാണോ ലണ്ടനെയാണോ കേന്ദ്രമാക്കുക?

ഹുദൂർ: എന്നെ ഇപ്പോഴും ആരും തടഞ്ഞിട്ടില്ലല്ലോ. അനുവാദം ഇപ്പോഴും ഉണ്ട്. എന്നാലും ഞാനവിടെ ചെന്നാൽ ഖുത്ബ കൊടുക്കാൻ കഴിയില്ല. നമസ്കാരവും നിർവ്വഹിക്കാൻ കഴിയില്ല. എന്നെ സ്വയം മുസ്‌ലിം എന്നുപോലും പറയാൻ കഴിയില്ല. ഈ സാഹചര്യത്തിൽ അവിടെ പോയി എന്ത് ചെയ്യാനാണ്. പാക്കിസ്താന്റെ നിയമത്തിൽ ഖലീഫയ്ക്ക് ഒന്നും ചെയ്യാൻ കഴിയാത്തവിധം കൈകൾ ബന്ധിക്കലാണുള്ളത്. അതുകൊണ്ടാണ് അവിടെ പോകാത്തത്. അതേ! നിങ്ങൾ പറയുന്നത് പാക്കിസ്താന്റെ അവസ്ഥകൾ നന്നായതിനുശേഷം എന്നാണെങ്കിൽ ഇങ്ങനെ പറയുക. കാലത്തിന്റെ ഖലീഫക്ക് അവിടെ പോകാൻ കഴിയുകയും സ്വാതന്ത്ര്യത്തോടെ തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയുകയും ചെയ്യുന്ന അവസ്ഥയിൽ എത്തുമ്പോൾ തീർച്ചയായും അവിടെ പോകും. റബ്‌വയ്ക്ക് കേന്ദ്രം എന്ന സ്ഥാനം നിലവിലുണ്ട്. ഖാദിയാനിനും അതുണ്ട്. എന്നാൽ, കാലം ഇങ്ങനെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. യൂറോപ്പിലുള്ള സൗകര്യങ്ങൾ ഖാദിയാനിലോ റബ്‌വയിലോ വരുമ്പോൾ അവിടെ തീർച്ചയായും പോകും. പൊതുവേ, ഒരിക്കൽ ഹിജ്റ സംഭവിച്ചാൽ പിന്നെ ഹിജ്റയിൽ തന്നെയായിരിക്കുമുണ്ടാകുക. അപ്പോൾ ആരാണോ ഖലീഫ, അദ്ദേഹം സാഹചര്യങ്ങൾ നോക്കും. ഏതാനും മാസങ്ങൾ മാത്രം അവിടെ താമസിക്കും. അവസരം വരുമ്പോൾ പരിഗണിക്കപ്പെടുന്നതാണ്.

ഒരു പെൺകുട്ടി ചോദിച്ചു: അല്ലാഹു എല്ലാ വസ്തുക്കളും മനുഷ്യന് പ്രയോജനപ്പെടാനാണ് സൃഷ്ടിച്ചത്.പന്നിയുടെ സൃഷ്ടിപ്പുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

ഹുദൂർ: എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്നതിനു വേണ്ടിത്തന്നെയാണ് അതും സൃഷ്ടിക്കപ്പെട്ടത്.നമുക്ക് അതറിയില്ല. അല്ലാഹുവിനറിയാം. അതിന്റെ ധാരാളം കാര്യങ്ങൾ മെഡിക്കൽ ഗവേഷണത്തിന് ആവശ്യം വരുന്നു. ഇപ്പോൾ ഗവേഷണത്തിന് പന്നിയുടെ അവയവങ്ങളും ഉപയോഗിച്ചു വരുന്നു.

ഹുദൂർ പറയുന്നു: പാമ്പിനെ കുറിച്ച് നിങ്ങൾ ചോദിച്ചില്ല. പന്നി മാംസം അതിന്റെ ചെയ്തികൾ കൊണ്ടും ശീലങ്ങൾ കൊണ്ടുമാണ് നിഷിദ്ധമായിട്ടുള്ളത്. ഓരോ മൃഗത്തിനും പ്രത്യേകതകളുണ്ട്. അതിന്റെ ഹൃദയത്തെപ്പറ്റി ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. ഹുദൂർ പറയുന്നു: ഇന്റർനെറ്റിൽ നിന്ന് കൂടുതൽ കാര്യങ്ങൾ ലഭ്യമാകുന്നതാണ്.

വാഖിഫാത്തെ നൗഇന്റെ ഈ ക്ലാസ് 9-10 വരെ നീണ്ടു നിന്നു. ശേഷം മഗ്‌രിബ്-ഇശാഅ് ജംആക്കി നമസ്കരിച്ചതിനുശേഷം ഹുദൂർ തന്റെ താമസ സ്ഥലത്തേക്ക് മടങ്ങി.

**നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞു കൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്."**
**(ജുമുഅ ഖുത്ബ 3-2-2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

## 2016 മെയ് 14
## ശനിയാഴ്ച:

രാവിലെ 4.15–ന് ഹുദൂർ മസ്ജിദ് മഹ്മൂദിൽ ഫജ്ർ നമസ്കാരത്തിനു നേതൃത്വം നൽകി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി. ഇന്നുച്ചയ്ക്ക് മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് മസ്ജിദ് ഹാളിൽ ഒരു സ്വീകരണ പരിപാടി ഉണ്ടായിരുന്നു.ഇതിൽ പ്രാദേശിക സ്വീഡിഷ് അ തിഥികൾ ധാരാളമായി ക്ഷണിക്കപ്പെട്ടിരുന്നു. ഇ ന്നത്തെ പരിപാടിയിൽ 140–ൽ കൂടുതൽ സ്വീഡിഷ് അതിഥികൾ പങ്കെടുത്തു. മാൽമോ സിറ്റി മേയർ Kent Andersson, Mr.Jonas Otterbeck പ്രൊഫസർ Lund യൂണിവേഴ്സിറ്റി, Catarina Kinnvall പ്രൊഫസർ പൊളിറ്റിക്കൽ സയൻസ് Lund യൂണിവേഴ്സിറ്റി, Hillevi Larsson എം.പാർലമെന്റംഗം, Stefan Sinteus പോലീസ് ചീഫ് മാൽമോ സിറ്റി, സ്വീഡിഷ് ചർച്ചിന്റെ പ്രതിനിധി Anders Ekhem, ലുണ്ട് യൂണിവേഴ്സിറ്റി പ്രൊഫസർ ഞ്യ. ഞശരസമൃറ Lagervall, മാൽമോ യൂണിവേഴ്സിറ്റി തിയോളജി പ്രൊഫസർ Mr. Jonas Alwall, പ്രൊഫസർ സോഷ്യൽ സയൻസ് മാൽമോ യൂണിവേഴ്സിറ്റി Mujo Halilovic, ഡെപ്യൂട്ടി മേയർ മാൽമോ Mr. Torbjorn Tegnhammar, വക്കീൽമാർ, എഞ്ചിനിയർമാർ, ടീച്ചർമാർ, ഡോക്ടർമാർ തുടങ്ങി ജീവിതത്തിലെ വിവിധ തുറകളിൽ പ്രവർത്തിച്ചു വരുന്നവർ പങ്കെടുത്തു.

ഹുദൂർ വേദിയിലേക്ക് എത്തുന്നതിനു മുമ്പേ അതിഥികൾ ഉപവിഷ്ടരായിരുന്നു. ഈ അതിഥികൾക്കുപുറമെ വിവിധരാജ്യങ്ങളിൽനിന്നു വന്ന ജമാഅത്തിന്റെ ഭാരവാഹികളും അതിഥികളും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു.

പരിപാടിയനുസരിച്ച് ഇതിൽ പങ്കെടുക്കുന്നതിനു വേണ്ടി ഹുദൂർ 11.15 ന് ആഗതനായി.

### അതിഥികളുടെ പ്രഭാഷണം:

യൂ. കെ ജാമിയ അഹ്മദിയ്യാ വിദ്യാർഥി അസീസം മിസ്ഹബ് റശീദിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. മാൽമോ ജമാഅത്ത് സ്വദ്ർ മുഹമ്മദ് ഖാൻ സാഹിബ് അതിന്റെ ഇംഗ്ലീഷ് തർജമ കേൾപിച്ചു.

സ്വീഡൻ അമീർ മഅ്മൂൻ അർറശീദ് സാഹിബ് സ്വാഗത ഭാഷണം നടത്തി. തുടർന്ന് ഗസ്റ്റ് സ്പീക്കർമാരായ മാൽമോ സിറ്റി മേയർ Kent Andersson നും Lund യൂണിവേഴ്സിറ്റി പ്രൊഫസർ Mr.Jonas Otterbeck നും പ്രസംഗിച്ചു. ആദ്യം പ്രസംഗിച്ചത് മാൽമോ സിറ്റി മേയർ Kent Anderssonനായിരുന്നു. ഇദ്ദേഹം 2010 മുതൽ മാൽമോ മേയർ എന്ന നിലയിൽ പ്രവൃത്തിച്ചുവരുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'ഞാൻ ഹുദൂറിനും മാൽമോ ജമാത്തിനും എല്ലാ ആദരണീയ അതിഥികൾക്കും നന്ദി പറയുകയാണ്. ഇന്നത്തേയും നാളത്തേയും ദിവസം മാൽമോയ്ക്ക് വളരെ സ്മരണീയമായ നാളാണ്. ഈ മസ്ജിദിന്റെ ഉൽഘാടനം മുഖേന ചില കാര്യങ്ങൾ അവസാനിക്കുകയും ചില കാര്യങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരിക്കുകയാണ്.

മസ്ജദിന്റെ ഉൽഘാടനത്തോടെ സമൂഹത്തിൽ ഐക്യം സ്ഥാപിതമാകണം എന്ന സ്വപ്നം പൂർത്തിയായിരിക്കുന്നു. വളരെ ആളുകൾ അക്ഷീണ പരിശ്രമം നടത്തിക്കൊണ്ടിരുന്നതിനും ഞാനും സാക്ഷ്യം വഹിച്ച കാര്യമാണ് ഇവിടെ ഇന്ന് പരിപൂർത്തിയിൽ എത്തിയിരിക്കുന്നത്. അതാണ് അവസാനംകൊണ്ട് ഞാൻ ഉദ്ദേശിച്ചത്. മറുഭാഗത്ത് ഈ മസ്ജിദിന്റെ നിർമാണത്തോടെ മാൽമോയിൽ അഹ്മദിയ്യാ ജമാഅത്തിന് സ്ഥിര പ്രതി ഷ്ഠ ലഭ്യമായി. ഈ പുതിയ മസ്ജിദ് മുഖേന പഴയ സ്ഥലത്ത് ചെയ്യാൻ പറ്റാത്ത രണ്ടുകാര്യം അഹ്മദിയ്യാ ജമാഅത്തിന് ചെയ്യാൻ സാധിക്കും. ഇതിന്റെ നിർമാണം മുഖേന നിങ്ങളിൽ ഒരു വലിയ മാറ്റം നിസ്സംശയം ഉണ്ടായിട്ടുണ്ട്. അദ്ദേഹം തുടരുന്നു: മാറ്റത്തെ കുറിച്ച് പറയുമ്പോൾ കഴിഞ്ഞ വർഷങ്ങളിലും എന്നല്ല, കഴിഞ്ഞ പത്തിരുപത് വർഷങ്ങളിൽ മാൽമോയ്ക്കുള്ളിൽ വന്നിരിക്കുന്ന മാറ്റങ്ങളെ കുറിച്ചുകൂടി ചുരുക്കി പറഞ്ഞുകൊണ്ട് മുന്നോട്ട് പോകാം. മാൽമോ സിറ്റി ഒരു പാരമ്പര്യ വ്യാവസായിക പട്ടണത്തിൽ നിന്ന് സമ്പൂർണമായും മാറിക്കൊണ്ട് ഒരു വലിയ ജീവിത നിലവാരം പുലർത്തുന്ന പട്ടണമായി മാറിയിരിക്കുന്നു. വലിയ വലിയ ഫാക്ടറികളുടെ സ്ഥാനത്ത് ഇപ്പോൾ ചെറിയ ചെറിയ മധ്യ നിലയിലുള്ള വ്യവസായങ്ങൾ ഇടം നേടിയിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് വ്യാവസായിക സമൂഹം മാറിയിരിക്കുന്നു എന്നാണ്. ഇന്നേക്ക് മുപ്പത് മുപ്പത്തഞ്ച് വർഷങ്ങൾക്ക് മുമ്പേ ഇവിടെ വെസ്റ്റേൺ ഹാർബറിൽ കപ്പൽ നിർമാണവുമായി ബന്ധപ്പെട്ട ഒരു കമ്പനി മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇത് പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്നതായിരുന്നു. എന്നാലിന്ന് വെസ്റ്റേൺ ഹാർബർ ലോകത്തിലെ സുസ്ഥിര പട്ടണങ്ങളിൽ എണ്ണപ്പെടുന്നു. കപ്പൽ നിർമാണ കമ്പനിയെ അപേക്ഷിച്ച് കൂടുതൽ പേർക്ക് ജോലികൾ ലഭ്യമായിരിക്കുന്നു. ഇപ്പോൾ ഇവിടെ ഇരുന്നൂറിലധികം കമ്പനികൾ സ്ഥാപിതമായിട്ടുണ്ട്. ജനസംഖ്യയുടെ അടിസ്ഥാനത്തിലും ഇവിടെ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷത്തിൽ മാൽമോയിൽ 96 ശതമാനം പേരും തദ്ദേശവാസികളായിരുന്നു. ബാക്കിയുള്ളവരിൽ ഏകദേശം പകുതിപേരുടേയും ബന്ധം സ്കാന്റിനേവിയൻ രാജ്യങ്ങളുമായിട്ടായിരുന്നു. അതായത് മാൽമോയിൽ ഏകദേശം ഒരേയൊരു വംശജരായിരുന്നു താമസിച്ചിരുന്നത്. എന്നാലിന്ന് ഈ പട്ടണത്തിൽ വിവിധ സംസ്കാരങ്ങളും വിവിധമതങ്ങളുമായി ബന്ധമുള്ളവരും തമസിച്ചുവരുന്നു. ഇന്നീ പട്ടണത്തിലെ വാസികളിൽ മൂന്നിലൊന്നു പേരും മാൽമോക്ക് പുറത്ത് ജനിച്ചവരാണ്. കണക്കനുസരിച്ച് നാൽപത് ശതമാനം പേരും വിദേശ രാജ്യങ്ങളുമായി ബന്ധമുള്ളവരാണ്. മാൽമോയിൽ ഇപ്പോൾ പത്തൊൻപത് വയസ്സിന് താഴെയുള്ള കുട്ടികളിൽ അൻപതു ശതമാനത്തിനും സ്വീഡിഷ് ഭാഷയോടൊപ്പം മറ്റേതെങ്കിലും ഒരു ഭാഷയും അറിയാം. ഇവരുടെ മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ സ്വീഡിഷ് ആയിരിക്കുകയില്ല. ചുരുക്കത്തിൽ മാൽമോയിൽ 179 ജനവിഭാഗത്തിൽ നിന്നുള്ളവർ താമസിച്ചു വരുന്നു. ഇവരിൽ ചെറുതും വലുതും ജനവിഭാഗങ്ങൾ ഉൾപ്പെടുന്നു. ഇവരുടെ ഭാഷകൾ ഇതര ലോകത്തെ പ്രതിനിധാനം ചെയ്യുന്നു. ഇത്രയധികം മാറ്റം ദർശിച്ച മാൽമോയ്ക്ക് ചില പ്രശ്നങ്ങളുമുണ്ട്.തീർച്ചയായും നാമേവരും മാൽമോയുടെ അന്തരീക്ഷം, ജീവിത നിലവാരം, ഇതര രംഗങ്ങളിൽ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള കഠിന പ്രയത്നം ചെയ്യേണ്ടതുണ്ട്. എല്ലാറ്റിനുമുപരിയായി സമൂഹങ്ങളുടെ സുസ്ഥിരതയ്ക്ക് ഇതരരോട് വിവേചനത്തോടെയുള്ള പെരുമാറ്റം അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. മനഃസമാധാനത്തിനും ഈ പട്ടണത്തിന്റേയും വാസികളുടേയും സ്വസ്ഥതയ്ക്കുംവേണ്ടി നീതി തത്ത്വങ്ങളുടെ അടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ട് മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രവൃത്തിക്കേണ്ടതുണ്ട്.

അദ്ദേഹം തുടരുന്നു: ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ പരിശ്രമങ്ങളേയും ലോകം മുഴുവനുമുള്ള അദ്ദേഹത്തിന്റെ യാത്രകളേയുംപറ്റി ബോധവാനാണ്. എനിക്ക് അദ്ദേഹത്തോടു നന്ദിയുണ്ട്. ഈ സന്ദേശത്തിനുവേണ്ടി ഇത്രയധികം ആവേശവും ഉത്സുകതയും കാണിക്കുന്ന താങ്കളുടെ പ്രവൃത്തിയിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഈ ചരിത്രപരമായ മസ്ജിദ് ഉൽഘാടന വേളയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹമദിന്റെ സാന്നിദ്ധ്യം എത്ര മാത്രം പ്രാധാന്യം അർഹിക്കുന്നതാണെന്നും എനിക്കറിയാം. ഇക്കാര്യത്തിനുവേണ്ടി ഞാൻ ഖലീഫക്ക് സീമാതീതമായ നന്ദി രേഖപ്പെടുത്തുന്നു.'

അതിനുശേഷം Lund യൂണിവേഴ്സിറ്റി പ്രൊഫസർ Mr.Jonas Otterbeck തന്റെ പ്രഭാഷണം ഈ വാക്കുകളിൽ നിർവ്വഹിച്ചു: 'ഞാനിവിടെ ഉണ്ടാകുന്നതിൽ എനിക്ക് വളരെ സന്തോഷം തോന്നുന്നു. എനിക്ക് മറ്റൊരു പ്രാവശ്യംകൂടി ഖലീഫയെ കാണാൻ അവസരം ലഭിക്കുകയാണ്. ലണ്ടനിൽ കുറച്ചു കാലത്തിനു മുമ്പേ ഞാൻ ഖലീഫയെ കണ്ടിരുന്നു. പാക്കിസ്താനിൽ അഹ്മദിയ്യാ ജമാഅത്തിനെതിരെ നടക്കുന്ന പ്രവർത്തനങ്ങൾക്കെതിരിൽ ഒരു മനുഷ്യാവകാശ റിപ്പോർട്ട് സമർപിക്കുന്നതിൽ പങ്കു ചേരാൻ എനിക്കു സാധിച്ചിട്ടുണ്ട്.അതിന്റെ പേര് "A beleaguered community on the rising persecution of the Ahmadiyya Muslim Community" എന്നായിരുന്നു. ഞാൻ പാക്കിസ്താനിലെ റബ്വയിൽ പോയപ്പോൾ അവിടെ ഏറ്റവും അധികം കാണപ്പെട്ടത്, ഞാൻ മനസ്സിലാക്കുന്നത് ആ പട്ടണത്തിന്റെ ചുറ്റുമുള്ള വേലിയാണ്. ഞാൻ മനസ്സിലാക്കുന്നത് ഈ വേലി ബാഹ്യമായ വേലിയല്ല. മറിച്ച് ഇതൊരു മനഃശാസ്ത്രപരമായ വേലിയായിരുന്നു എന്നാണ്. സെക്യൂരിറ്റിക്കാരോടൊപ്പമുള്ള മൂർച്ചയുള്ള ഇരുമ്പിന്റെ ഈ മുള്ളുവേലി ആ പട്ടണത്തിൽ നിറഞ്ഞു നിൽക്കുന്ന സ്വാധീന ശക്തിയുള്ള മുല്ലാക്കളുടെ ആക്രമണസാധ്യതയിൽ നിന്ന് രക്ഷപെടുന്നതിനു വേണ്ടിയുള്ളതാണ്.അവർ തുടർച്ചയായി അഹ്മദികൾക്കെതിരിൽ വെറുപ്പ് നിറഞ്ഞ അപവാദം പരത്തുന്നു. മറ്റുള്ളവർക്ക് എന്തായാലും ഇതൊരു ഭരണഘടനാപരമായ വേലിയും ആയിരുന്നു. ഇതു മുഖേന നിത്യവും അഹ്മദികൾ അറസ്റ്റ് ചെയ്യപ്പെടുന്നു. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടവരായ ഭരണകൂടവും നിയമസംവിധാനവും പോലീസും മീഡിയയും രാഷ്ട്രീയക്കാരും കുറ്റം ചെയ്യുകയാണ്. അഹ്മദികൾക്കെതിരിൽ ഖത്തമെ നുബുവ്വത്തിന്റെ തീവ്രവാദ സംഘടന പാക്കിസ്താനിൽ മാത്രമല്ല, തെക്കനേഷ്യയും മധ്യപൂർവ്വ ദേശവും ബ്രിട്ടനെ പോലെയുള്ള രാഷ്ട്രങ്ങളിൽപോലും അഹ്മദികൾക്കെതിരിൽ പ്രവർത്തിക്കുന്നു. ഈ രാഷ്ട്രങ്ങളിലും അഹ്മദികളുടെ മേൽ ഉണ്ടാകുന്ന ആക്രമണങ്ങളെ ഇവർ പിന്നിൽ നിന്ന് സഹായിക്കുന്നു. അതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്, അഹ്മദിയ്യാ ജമാഅത്ത് എന്നും തീവ്രവാദവുമായും അതിൽ നിന്നുണ്ടാകുന്ന ഓരോ തിന്മകളുമായും ഏററുമുട്ടിയിട്ടുണ്ട്. യൂറോപ്പിലെ വലതുപക്ഷവുമായി ബന്ധമുള്ളവർക്കെതിരിലായാലും ശരി. ഈ തീവ്രവാദികളോടൊപ്പം യൂറോപ്പിലെ യുവതലമുറയെക്കൊണ്ടും ഇസ്ലാമിനെ തെറ്റുധരിപ്പിച്ചുകൊണ്ട് ഈ വൃത്തിഹീനമായ പ്രവൃത്തികൾ ചെയ്യിക്കുകയാണ്. അതുകൊണ്ട് നാം യൂറോപ്പിലും ലോകത്തെ മറ്റു പ്രദേശങ്ങളിലും എല്ലാ തലത്തിലും സ്കൂളുകളിലും സമൂഹത്തിലും നിയമ രാഷ്ട്രീയ രംഗങ്ങളിലും ഉൾപ്പെടെ തീവ്രവാദത്തിനെതിരിൽ ഏറ്റുമുട്ടൽ നടത്തേണ്ടതുണ്ട്. തങ്ങളുടെയുള്ളിൽ എല്ലാവരേയും ഉൾക്കൊള്ളാൻ സഹായിക്കുന്ന സമൂഹങ്ങൾക്കു വേണ്ടിയാണ് നാം പരിശ്രമിക്കേണ്ടത്. രാഷ്ട്രങ്ങളുടെ അതിർത്തികൾ പൂട്ടാൻ ആഗ്രഹിക്കുന്നവർക്കെതിരിലാണ് പ്രവൃത്തിക്കേണ്ടത്. കുഴപ്പവും വിദ്വേഷവുംപരത്തുന്നവർക്കെതിരിലാണ് പ്രവൃത്തിക്കേണ്ടത്. അഹ്മദിയ്യാ ജമാഅത്ത് സമർപിക്കുന്ന 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം ജനാധിപത്യത്തിന്റെ സന്ദേശമാണ്. വിദ്യ പരത്തുന്ന സന്ദേശമാണ്. നീതി സ്ഥാപിക്കാനുള്ള സന്ദേശമാണ്. മതപരവും മതേതരവുമായ സ്വാതന്ത്ര്യം കൊണ്ടുവരാനുള്ള സന്ദേശമാണ്. അവസാനമായി ഞാൻ താങ്കൾക്ക് ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.(തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

(പേജ് 2ൽനിന്ന്)

അത്ര അഗാധമായ സ്നേഹം മനുഷ്യകുലത്തോട് ഉണ്ടാവണമെങ്കിൽ നിങ്ങളുടെ ഹൃദയം പരിശുദ്ധവും മാലിന്യത്തിൽനിന്നും സ്വാർഥതയിൽനിന്നും വിമുക്തവുമായിരിക്കണം.

വിശുദ്ധഖുർആൻ രണ്ടാം അദ്ധ്യായം 84–ാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു പറയുന്നത് മുസ്‌ലിംകൾ സദാസമയവും ദയാപൂർവ്വം സംസാരിക്കണമെന്നും മറ്റുള്ളവരുടെ വികാരങ്ങൾ പരിഗണിക്കണമെന്നുമാണ്. സമൂഹത്തിലെ ദരിദ്രരും അവശരുമായവരെ സംരക്ഷിക്കണമെന്നും അനാഥരെ പരിപാലിക്കണമെന്നും അത് പഠിപ്പിക്കുന്നു.

അതിനുശേഷം 51–ാം അധ്യായം 20–ാം വചനത്തിൽ വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് ഒരു യഥാർഥ മുസ്‌ലിമിന്റെ അടയാളം അയാൾ ദൈവത്തിന്റെ എല്ലാ സൃഷ്ടികളേയും ശ്രദ്ധിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ആവശ്യങ്ങളിൽ പിന്തുണക്കുകയും വേണം എന്നാണ്. അവർ സഹായം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും ശരി. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ആരെങ്കിലും സഹായം ആവശ്യപ്പെടുന്നതുവരെ കാത്തുനില്ക്കേണ്ടതില്ല. മറ്റുള്ളവരുടെ യാതനകൾ നാം തിരിച്ചറിയണം. അവരുടെ വിഷമങ്ങളും വെല്ലുവിളികളും അകറ്റാൻ എന്ത് ത്യാഗമാണാവശ്യം എന്നു നോക്കേണ്ടതുമാണ്. പിന്നെ 90–ാം അധ്യായം 15 മുതൽ 17വരെ വചനങ്ങളിൽ വിശക്കുന്നവർക്ക് ഭക്ഷണം നൽകണമെന്നും അനാഥകളോട് തന്മയിഭാവവും സ്നേഹവും കാണിക്കണമെന്നും ആവശ്യക്കാരെ സഹായിക്കണമെന്നും പ്രത്യേകിച്ചും ദാരിദ്ര്യത്തിൽ മുങ്ങിയവരേയും ദുർബ്ബലരേയും അവശരേയും സഹായിക്കണമെന്നും അനുശാസിക്കുന്നു. മുസ്‌ലിംകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത് സമൂഹത്തിൽ പരാജിതരായവരെ ആശ്വസിപ്പിക്കണമെന്നും അവരുടെ ഭാരം സ്വന്തം ചുമലുകളിലേറ്റണമെന്നുമാണ്. ഹതാശരായ ആളുകളെ തങ്ങളുടെ സ്വന്തം കാലുകളിൽ നില്ക്കാനും അന്തസ്സോടെ ജീവിക്കാനും സഹായിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അതിനു പകരമായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് മുസ്‌ലിംകൾക്ക് വർധിച്ചനിലയിൽ ആത്മീയത നൽകപ്പെടുമെന്നും അതുമുഖേന അവർ ദൈവസാമീപ്യം പ്രാപിക്കുമെന്നും ദൈവസംതൃപ്തിയുടെ അവകാശികളായിത്തീരുമെന്നുമാണ്.

അതേപ്രകാരം വിശുദ്ധഖുർആൻ രണ്ടാം അധ്യായം 196–ാം വചനത്തിൽ പ്രസ്താവിക്കുന്നത് ഒരു വ്യക്തി സ്വയം അപമാനത്തിൽനിന്നും പതനത്തിൽനിന്നും നാശത്തിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ അയാൾ ദയയുള്ളവനും ഔദാര്യവാനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നവനുമായിരിക്കണം. പകരമായി അയാൾ ഒന്നും പ്രതീക്ഷിക്കരുത്. നാലാം അധ്യായം 37–ാം വചനത്തിൽ വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് ഒരു മുസ്‌ലിം തന്റെ അയൽവാസിയെ ശ്രദ്ധിക്കണമെന്നാണ്. ആവശ്യക്കാരുടേയും അനാഥരുടേയും അവകാശങ്ങൾ നിവർത്തിച്ചുകൊടുക്കേണ്ടത് ഒരു സത്യമുസ്‌ലിമിന്റെ ബാധ്യതയാണെന്ന് ഊന്നിപ്പറയുന്നു. അത് മുസ്‌ലിമിനോട് നിർദേശിക്കുന്നത് തന്റെ കീഴിലുള്ളവരോട് സ്നേഹത്തോടും ക്ഷമയോടും പെരുമാറണമെന്നാണ്. ഒരു മുസ്‌ലിമിന് കീഴിൽ ജോലിചെയ്യുന്ന ഒരാളോട് ദയയോടും ഔദാര്യത്തോടും പെരുമാറണമെന്നാണ്. അതിലുപരി 47–ാം അധ്യായം 39–ാം വചനത്തിൽ വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് ഒരു മുസ്‌ലിം തന്റെ ധനം മറ്റുള്ളവരെ സഹായിക്കാൻ ചെലവഴിക്കണമെന്നാണ്. അങ്ങനെ ചെലവഴിക്കാത്തവരെ വിശുദ്ധഖുർആൻ പരാമർശിക്കുന്നത് പിശുക്കന്മാരായിട്ടാണ്. അങ്ങനെയുള്ള പിശുക്കന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ആ പിശുക്ക് അയാളുടെ ആത്മാവിനെ ഇരുണ്ടതാക്കുന്നതാണ്.

ഞാൻ ഉദ്ധരിച്ച എല്ലാ വചനങ്ങളും ഊന്നിപ്പറയുന്ന വസ്തുതയെന്തെന്നാൽ സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്ന മുസ്‌ലിം ഒന്നാമതായി അല്ലാഹുവിന്റെ സൃഷ്ടികളെ സ്നേഹിക്കണമെന്നാണ്. ഈ വചനങ്ങൾ വളരെ വ്യക്തമായും ഇസ്‌ലാമിന്റെ അടിത്തറതന്നെ മനുഷ്യകുലത്തിന് സേവനം ചെയ്യലാണ് എന്നു വ്യക്തമാക്കുന്നു. വിശുദ്ധഖുർആനിലെ ഈ ഉദ്ധരണികൾ നിങ്ങളുമായി പങ്കുവെക്കുന്നതിൽ എന്റെ ഉദ്ദേശ്യം ഇസ്‌ലാം എന്നത് പൊതുവിൽ മാധ്യമങ്ങൾ ചിത്രീകരിക്കുന്നതുപോലെയല്ല എന്ന് നിങ്ങളെ ധരിപ്പിക്കാനാണ്. അത് തീവ്രവാദത്തിന്റേയും അക്രമത്തിന്റേയും ഭീകരതയുടേയും മതമല്ല. അത് സ്നേഹത്തിന്റേയും സഹാനുഭൂതിയുടേയും സഹിഷ്ണുതയുടേയും മതമാണ്. അതിന്റെ അനുയായികളിൽ മനുഷ്യകുലത്തോടുള്ള സേവനം ബാധ്യതയാക്കിവെച്ചിട്ടുള്ള ഒരു മതമാണ് ഇസ്‌ലാം. പിന്നെങ്ങനെയാണ് ഒരു യഥാർഥ മുസ്‌ലിമിന് കഠിനഹൃദയനാവാനും ദുരിതമനുഭവിക്കുന്നവരേയും പലവിധയാതനകൾ അഭിമുഖീകരിക്കുന്നവരേയും സഹായിക്കാതിരിക്കാൻ സാധിക്കുക?

വിശുദ്ധഖുർആനിലെ ചില പരാമർശങ്ങൾ നല്കിയശേഷം ഇസ്‌ലാമിന്റെ വിശുദ്ധസ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ മനുഷ്യകുലത്തെ സേവിക്കുന്നതിനെ കുറിച്ചുള്ള ചില ഉദാഹരണങ്ങൾ അവതരിപ്പിക്കാം. ആധുനികകാലഘട്ടത്തിൽ മുഹമ്മദ് നബി(സ)ക്കെതിരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണമാണ് അദ്ദേഹം യുദ്ധക്കൊതിയനായ ഒരു നേതാവായിരുന്നുവെന്നും അദ്ദേഹം തന്റെ അനുയായികളെ അക്രമം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്നുമുള്ളത്. ഇത് അദ്ദേഹത്തിന്റെ അനുഗൃഹീത സ്വഭാവത്തിനെതിരിൽ ഉന്നയിക്കപ്പെടുന്നു. ഇത് സ്ഫടികം പോലെ സുവ്യക്തമായ ഒരന്യായമാണ്. ഇതിനേക്കാൾ സത്യവിരുദ്ധമായ ഒരു കാര്യമില്ല. പ്രവാചകൻ(സ) എല്ലാ ജനങ്ങളുടെയും അവകാശങ്ങൾ അംഗീകരിച്ച മഹാനായിരുന്നു. എല്ലാ വർഗക്കാരുടെയും എല്ലാ വിശ്വാസക്കാരുടെയും അവകാശങ്ങൾ അദ്ദേഹം അംഗീകരിച്ചിരുന്നു. തുല്യതയില്ലാത്ത വിധം മനുഷ്യകുലത്തോട് കാരുണ്യവും ഔദാര്യവും കാണിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സത്തയുടെ ഓരോ കഴയിൽനിന്നും നാരിൽനിന്നും ശശ്വതമായ സ്നേഹത്തിന്റേയും സഹാനുഭൂതിയുടേയും ഉറവ ഉതിർന്നിരുന്നു. ഉദാഹരണമായി ഒരവസരത്തിൽ വിശുദ്ധപ്രവാചകൻ ഉദീരണം ചെയ്തു:

"ഞാൻ ദുർബലരുടെ കൂടെയാണ്. കാരണം ദുർബലരെയും സാധുക്കളെയും സഹായിക്കുകയെന്നത് സർവ്വശക്തനായ അല്ലാഹുവിലെത്താനുള്ള മാർഗമാണ്."

അതിലുപരി ഇസ്‌ലാം പഠിപ്പിച്ചത് സർവ്വശക്തനായ അല്ലാഹുവിനെ സംതൃപ്തനാക്കുന്നത് പാവങ്ങളെ സഹായിക്കുന്നവരാണ്; വിശന്ന വയറുകൾ നിറയ്ക്കുന്നവരാണ്. അതുകൊണ്ട് ഏതെങ്കിലും ഒരാൾ യഥാർഥ മുസ്‌ലിമാണെന്ന് അവകാശപ്പെടുകയാണെങ്കിൽ അയാളുടെ ബാധ്യതയും കർത്തവ്യവുമാണ് വിഷമതകളെ അഭിമുഖീകരിക്കുന്നവരെ സഹായിക്കുകയും അവരുടെ ദുരിതങ്ങളും ഹൃദയവേദനകളും ലഘൂകരിക്കുകയും ചെയ്യുക എന്നത്. ആധുനികകാലത്ത് ഞങ്ങളുടെ വിശ്വാസപ്രകാരം ലോകത്തെ യഥാർഥ ഇസ്‌ലാമിക വ്യാഖ്യാനങ്ങൾകൊണ്ട് പ്രോജ്ജ്വലമാക്കാൻ അല്ലാഹു നിയോഗിച്ച വ്യക്തിയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ. അദ്ദേഹത്തെ ഞങ്ങൾ വാഗ്ദത്ത മഹ്ദിയുമായി വിശ്വസിക്കുന്നു. യഥാർഥത്തിൽ ഇസ്‌ലാം എന്താണ് എന്ന് ലോകത്തിന് കാണിച്ചുകൊടുക്കാനാണ് അദ്ദേഹം അയക്കപ്പെട്ടത്. തന്റെ അധ്യാപനങ്ങൾ ലോകം മുഴുവൻ വ്യാപിപ്പിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം.

ഇസ്‌ലാമിനെക്കുറിച്ച് അമുസ്‌ലിംകളെ പ്രബുദ്ധരാക്കാനും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ വിസ്മരിച്ചുപോയ മുസ്‌ലിംകളെ വിശുദ്ധഖുർആനും മുഹമ്മദ് നബി(സ)യും പഠിപ്പിച്ച അധ്യാപനങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരുവാനുമാണ് അദ്ദേഹം വന്നത്. ഇതിനെല്ലാമുപരി നബിതിരുമേനി(സ) നിരന്തരമായി മനുഷ്യകുലത്തിന്റെ ശ്രദ്ധ ക്ഷണിച്ചത് ദൈവത്തോടുള്ള കടമകളും മനുഷ്യർ പരസ്പരമുള്ള കടമകളും നിറവേറ്റണമെന്ന കാര്യത്തിലായിരുന്നു. ഒരവസരത്തിൽ വാഗ്ദത്ത മസീഹ്(അ) പറഞ്ഞു:

'മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നതുതന്നെ ഒരുതരത്തിലുള്ള ദൈവാരാധനയാണ്."

മറ്റൊരിടത്ത് വാഗ്ദത്ത മസീഹ്(അ) പറഞ്ഞു. "എന്റെ അവസ്ഥ എന്താണെന്നുവച്ചാൽ ബുദ്ധിമുട്ടിലകപ്പെട്ട ഒരാളുടെ ദുഃഖത്തെ കുറിച്ച് ഞാൻ കേട്ടാൽ, നിർബന്ധ നമസ്കാരത്തിലാണെങ്കിലും എന്റെ ആത്മാർഥമായ ആഗ്രഹം നമസ്കാരം നിറുത്തിവെച്ച് ആ വ്യക്തിയെ സഹായിക്കാനും എന്നാലാവുംവിധം ആ വ്യക്തിയിൽ സ്നേഹം ചൊരിയാനുമാണ്."

വാഗ്ദത്ത മസീഹ്(അ) വീണ്ടും പറഞ്ഞു: "ഒരു സഹോദരന്റെ ആവശ്യത്തിന്റെ അല്ലെങ്കിൽ വിഷമത്തിന്റെ സമയത്ത് അയാളെ സഹായിക്കുന്നതിൽ വീഴ്ച വരുത്തുന്നത് അധാർമികവും തെറ്റുമാണ്."

വാഗ്ദത്ത മസീഹ്(അ) മറ്റൊരിക്കൽ പറഞ്ഞു: 'വിഷമമനുഭവിക്കുന്ന മറ്റൊരു വ്യക്തിയെ സഹായിക്കാൻ ഒരാൾക്ക് ഭൗതികമായ മാർഗങ്ങളൊന്നുമില്ലെങ്കിൽ ചുരുങ്ങിയപക്ഷം അയാളുടെ ദുരിതമകറ്റാൻ സർവ്വശക്തനായ അല്ലാഹുവിനോട് ആത്മാർഥമായി പ്രാർഥിക്കുക." അദ്ദേഹം പഠിപ്പിച്ചത് ആത്മാർഥമായ പ്രാർഥനയ്ക്ക് മൃദുലവും പരിശുദ്ധവുമായ ഒരു ഹൃദയമുണ്ടായിരിക്കണം എന്നാണ്. അതുകൊണ്ട് മറ്റുള്ളവരോടുള്ള ഒരു മുസ്‌ലിമിന്റെ കർത്തവ്യം സഹതാപം കാണിക്കുകയെന്നതാണ്. അവർക്കുണ്ടാകുന്ന പരീക്ഷണങ്ങൾ നമ്മുടെ പരീക്ഷണമായി ഗണിക്കുകയും വേണം. മറ്റൊരവസരത്തിൽ വാഗ്ദത്ത മസീഹ്(അ) പറഞ്ഞു:

'മറ്റാരേക്കാളും ഞാൻ കൂടുതലായി ജനങ്ങളോട് അപേക്ഷിക്കുന്നത് ഉന്നതമായ ധാർമികഗുണങ്ങൾ പ്രകടിപ്പിക്കണമെന്നാണ്. ഹിന്ദുക്കളെപ്പോലെയുള്ള അമുസ്‌ലിംകളോട് സ്നേഹം കാണിക്കണം."

വാഗ്ദത്ത മസീഹ് പറഞ്ഞു:

'ദൈവത്തിന്റെ സൃഷ്ടികളോട് തങ്ങളുടെ സ്വന്തം കുടുംബാംഗങ്ങളോട് കാണിക്കുന്നപോലുള്ള അഗാധസ്നേഹം പ്രകടിപ്പിക്കണം.'

ഒരു മാതാവ് തന്റെ ശിശുവിനോട് പെരുമാറുന്നതുപോലെ മനുഷ്യകുലത്തോട് പെരുമാറുക. ഇങ്ങനെയായിരിക്കണം നിങ്ങളുടെ വഴി. അല്ലാതെ നിങ്ങൾ ഒരാളെ സഹായിക്കുമ്പോൾ അതിന് പ്രതിഫലമായി എന്തെങ്കിലും നേട്ടം പിന്നീടുണ്ടാവും എന്നു ചിന്തിക്കരുത്.

അതുപോലെ വാഗ്ദത്ത മസീഹ്(അ) പറഞ്ഞു. 16–ാം അധ്യായം 91–ാം വചനത്തിൽ വിശുദ്ധഖുർആനിൽ സർവ്വശക്തനായ അല്ലാഹു മുസ്‌ലിംകളോട് അനുശാസിച്ചിരിക്കുന്നത് നീതിയോടെ പ്രവർത്തിക്കാനും മറ്റുള്ളവർക്ക് നന്മ ചെയ്യാനുമാണ്.

അതുകൊണ്ട്, നിങ്ങൾക്ക് ഒരു നന്മയും ചെയ്യാത്തവരേയും നിങ്ങൾ സ്നേഹിക്കണം. യഥാർഥത്തിൽ നിങ്ങൾ അതിനുമപ്പുറം പോകണം. അതായത് ഒരമ്മ തന്റെ ശിശുവിനോടെന്നപോലെ മറ്റുള്ളവർക്ക് നന്മ ചെയ്യുകയും അവരെ ശ്രദ്ധിക്കുകയും വേണം.

എന്തൊരു ഉദാത്തവും കുലീനവുമായ അധ്യാപനം. ഒരു മാതാവ് തന്റെ ശിശുവിനോട് കാണിക്കുന്ന പരിശുദ്ധമായ സ്നേഹം നാം കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഒരു മാതാവിന് പ്രതിഫലത്തെക്കുറിച്ചുള്ള വിചാരംപോലുമില്ല. അംഗീകാരം പ്രതീക്ഷിക്കുന്നുമില്ല. തന്നെ സ്നേഹിക്കുന്നതിലുപരി ഒരു മാതാവ് തന്റെ ശിശുവിനെ സ്നേഹിക്കുന്നു. തന്റെ ശിശുവിനെ തീറ്റിപ്പോറ്റാനും സംരക്ഷിക്കാനുമുള്ള തന്റെ നിശ്ചയത്തിൽ ദൗർബല്യം കാണിക്കുന്നില്ല. മാതാവിനു തുല്യമായ നിസ്വാർഥതയുടെ ആത്മാവാണ് ഒരു മുസ്‌ലിമിനുണ്ടാവണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതാണ് മനുഷ്യകുലത്തിനുവേണ്ടി നമ്മുടെ ഹൃദയത്തിൽ നാം വികസിപ്പിച്ചെടുക്കേണ്ടത്. പ്രായോഗികമായ നിലയിൽ വാഗ്ദത്ത മസീഹ്(അ) മറ്റുള്ളവർക്ക് സേവനം ചെയ്യാനുള്ള ഒരവസരവും പാഴാക്കിയിട്ടില്ല.

ഉദാഹരണമായി, അദ്ദേഹം 19–ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ഒരു ചെറിയ ഗ്രാമത്തിലായിരുന്നു ജീവിച്ചിരുന്നത്. അവിടെ വൈദ്യചികിത്സാപരമായ സൗകര്യങ്ങൾ ശരിയായ നിലയിൽ ഉണ്ടായിരുന്നില്ല. മനുഷ്യകുലത്തെ സേവിക്കാൻ വേണ്ടി അദ്ദേഹം പരമ്പരാഗതമായ വൈദ്യശാസ്ത്രം പഠിച്ചു. അങ്ങനെയുള്ള മരുന്നുകൾ തന്റെ വീട്ടിൽ സംഭരിച്ചുവെച്ചു. അതിന്റെ ഫലമായി തദ്ദേശവാസികൾ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയും അവരുടെ ആവശ്യങ്ങളനുസരിച്ച് അദ്ദേഹം മരുന്നുകൾ നല്കുകയും ചെയ്തു. അവിടെ ജാതിമത വർണ വ്യത്യാസങ്ങളൊന്നുമുണ്ടായിരുന്നില്ല. നിരവധി ആളുകൾ അങ്ങേയറ്റം ദരിദ്രരും അവശരുമായ ആളുകൾ ഇതിൽനിന്നു വമ്പിച്ച പ്രയോജനം നേടി. വാഗ്ദത്ത മസീഹ്(അ)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 18 April 2019 Issue-16

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ന്റെ ഏകലക്ഷ്യവും ആഗ്രഹവും മനുഷ്യകുലത്തെ സേവിക്കലായിരുന്നു. തന്റെ ജമാഅത്തിനുവേണ്ടി അദ്ദേഹം നല്കിയ നിധിയും പാരമ്പര്യവും ഇതായിരുന്നു. അപ്രകാരം മനുഷ്യസമുദായത്തിന് സേവനം ചെയ്യാനുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരിശ്രമങ്ങളാണ് ലോകമൊട്ടുക്കും നടക്കുന്നത്. മനുഷ്യന്റെ യാതനകൾ കുറയ്ക്കാനുള്ള ആഗ്രഹമാണ് ഇതിൽ പ്രേരകമായിട്ടുള്ളത്. അതുകൊണ്ടാണ് ഹ്യുമാനിറ്റി ഫസ്റ്റ് അതിന്റെ ആദ്യത്തെ ആശുപത്രി ഇന്ന് ഉദ്ഘാടനം ചെയ്യുന്നത്. ജനങ്ങളുടെ യാതനകൾ ദൂരീകരിക്കാനുള്ള ഈ പരിശ്രമം, മറ്റുള്ളവരുടെ മതപരമായ വിശ്വാസങ്ങളോ അവരുടെ വയസോ അവരുടെ ജാതീയമോ സാമുദായികമോ ആയ പശ്ചാത്തലമോ പരിഗണിക്കാതെയുള്ള ഈ ശ്രമം, ഹ്യുമാനിറ്റി ഫസ്റ്റിന്റെ അനുജ്ഞപ്രകാരം അസാമാന്യ മാർഗത്തിലുള്ള ശ്രമം, പൂർത്തീകരിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയും സർവ്വാത്മനാ പ്രാർഥിക്കുകയും ചെയ്യുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഞങ്ങൾ ഒരു പ്രതിഫലമോ പ്രശംസയോ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ ഏകലക്ഷ്യം സർവശക്തനായ ദൈവത്തിന്റെ സ്നേഹവും അനുഗ്രഹവുമാണ്.

ഞങ്ങൾ വാഗ്ദത്ത മസീഹ്(അ)ന്റെ വാക്കുകളാൽ എന്നെന്നും പ്രചോദിതരാണ്. അദ്ദേഹം പറഞ്ഞത് മനുഷ്യകുലത്തിന് സേവനം ചെയ്യാനാണ്. ഞങ്ങളുടെ ജീവിതലക്ഷ്യം നേടാനുള്ള മാർഗവും സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നേടാനുള്ള വഴിയും അതാണ്. ഞങ്ങൾ ഈ ആശുപത്രി നിർമിച്ചിരിക്കുന്നത് ലാഭം നേടാനോ അനുകൂലമായ പ്രസിദ്ധി നേടാനോ അല്ലെന്നും നിങ്ങൾക്കെല്ലാം വ്യക്തമായിട്ടുണ്ടാവുമെന്ന ആത്മവിശ്വാസം എനിക്കുണ്ട്. നിങ്ങളുടെ രാഷ്ട്രത്തിലെ ജനങ്ങളെ സേവിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. അവർക്ക് ഉന്നത നിലവാരത്തിലുള്ള ആരോഗ്യസംരക്ഷണം നല്കുക മൂലമാണ് ഇത് സാധിതമാകുന്നത്.

ഈ ആശുപത്രിയിൽ നിന്ന് കിട്ടുന്ന എന്തെങ്കിലും ഫണ്ട് ഗ്വാട്ടിമലയിലെ ജനങ്ങളെ കൂടുതലായി സേവിക്കാനായി വിനിയോഗിക്കപ്പെടുന്നതാണെന്ന് ഉറപ്പിച്ചുകൊള്ളുക. ഒരു പെനിപോലും വിദേശത്തേക്ക് അയക്കുകയില്ല. രോഗികളുടെ ഫീസിൽനിന്ന് കിട്ടുന്ന വരുമാനം പുനർനിക്ഷേപിക്കുകയും ചികിത്സ നടത്താൻ ധനപരമായി കഴിവില്ലാത്തവർക്ക് സബ്സിഡി നല്കാൻ ഉപയോഗിക്കുകയും ചെയ്യും. സാധ്യമെങ്കിൽ സൗജന്യ ചികിത്സ നല്കും. അതുകൂടാതെ, കൂടുതലായി വരുമാനമുണ്ടാവുകയാണെങ്കിൽ അത് ആശുപത്രി പരിപാലനത്തിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഉപയോഗിക്കും. അല്ലെങ്കിൽ മനുഷ്യസേവനത്തിനുള്ള പുതിയ വഴികൾ കണ്ടെത്താൻ ചെലവഴിക്കും. ഞങ്ങളുടെ മുമ്പേയുള്ള മനുഷ്യസേവനപരമായ പദ്ധതികൾ ഞാൻ പറഞ്ഞ കാര്യങ്ങളുടെ സത്യാവസ്ഥയെ സാക്ഷീകരിക്കുന്നു.

എവിടെയെല്ലാം ഞങ്ങൾ സ്കൂളുകളോ ആശുപത്രികളോ നിർമിച്ചിട്ടുണ്ടോ അവിടന്നു കിട്ടിയ വരുമാനം ഞങ്ങൾ പുറത്തേക്കു കൊണ്ടുപോകാതെ ഞങ്ങൾ അത് പ്രാദേശികമായി പുനർനിക്ഷേപിക്കുകയും ആ രാഷ്ട്രത്തിലെ ജനങ്ങൾക്ക് ഗുണപരമായ നി ലയിൽ വിനിയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതേരീതിതന്നെയാണ് ഞങ്ങൾ ഗ്വാട്ടിമലയുടെ കാര്യത്തിലും അവലംബിക്കുന്നത്. ദൈവം ഇച്ഛിക്കുകയാണെങ്കിൽ ഈ രാഷ്ട്രത്തെ സേവിക്കാനു ള്ള ഞങ്ങളുടെ സംരംഭത്തിന്റെ അവസാനമല്ല ഇത്, തുടക്കം മാത്രമാണ്. ലോകത്തിന്റെ ഈ ഭാഗത്ത് ഞ ങ്ങൾ ചെയ്യുന്ന മനുഷ്യസേവനപരമായ നിരവധി പദ്ധതികളിൽ ആദ്യത്തേതാണിത്, തീർച്ചയായും ഇതാണെന്റെ ആത്മാർഥമായ പ്രാർഥനയും ആഗ്രഹവും. ഞങ്ങൾ എല്ലായ്പ്പോഴും ഞങ്ങളുടെ കർത്തവ്യം പൂർത്തിയാക്കാനുള്ള ശ്രമം വർധിപ്പിക്കുകയും മനുഷ്യകുലത്തിനു സേവനം ചെയ്യാനുള്ള ഞങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റുകയും ചെയ്യും.

സർവ്വശക്തനായ അല്ലാഹു ഈ ആശുപത്രിയെ എല്ലാവിധത്തിലും അനുഗ്രഹിക്കുകയും ശക്തിയിൽ നിന്നും ശക്തിയിലേക്ക് കുതിക്കാൻ പ്രാപ്തമാക്കുകയും ചെയ്യട്ടെ എന്നും മനുഷ്യസേവനത്തിന്റെ തിളങ്ങുന്ന മാതൃകയായി ഇത് പരിലസിക്കട്ടെയെന്നുമാണ് എന്റെ പ്രാർഥന. ഇത് കഴിയുന്നത്ര ഉത്തമമായ ചികിത്സ രോഗികൾക്ക് നല്കുകയും ഡോക്ടർമാരും സ്റ്റാഫും ജനങ്ങൾക്ക് ആശ്വാസം പകരുന്നവരായി അക്ഷീണം പരിശ്രമിക്കട്ടെ എന്നും ഞാൻ പ്രാർഥിക്കുന്നു; പ്രത്യേകിച്ചും നിർധനരും അശക്തരുമായ രോഗികൾക്ക്.

സർവ്വശക്തനായ അല്ലാഹു ഡോക്ടർമാർക്കും മെഡിക്കൽ സ്റ്റാഫിനും അവന്റെ അനുഗ്രഹം മുഖേന രോഗികളെ ചികിത്സിക്കാനും രോഗം ഭേദമാക്കാനുള്ള കഴിവും നൽകുമാറാകട്ടെ. ഈ ആശുപത്രി ഭരിക്കുന്നവർക്ക് മറ്റുവിധത്തിൽ ചികിത്സ നടത്താൻ കഴിയാത്ത ഏറ്റവും നിർധനരായ ആളുകൾക്ക് അങ്ങേയറ്റം സബ്സിഡി നൽകി ചികിത്സ നടത്താനും കഴിയുന്നിടത്തോളം സൗജന്യമായി ശുശ്രൂഷിക്കാനുള്ള കഴിവുണ്ടാകട്ടെ എന്നും ഞാൻ പ്രാർഥിക്കുന്നു. ഈ ആശുപത്രിക്ക് നല്കപ്പെട്ടിരിക്കുന്ന പേര് 'നാസിർ ആശുപത്രി' എന്നാണ്. നാസിർ എന്നതിന്റെ അർഥം സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നാണ്. ഈ ആശുപത്രി പേരിനെ അന്വർഥമാക്കുന്നവിധം എല്ലാവിധത്തിലും എന്നെന്നും സജീവമായിരിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. ആശുപത്രി ഉന്നതനിലവാരമുള്ള ശ്രദ്ധേയമായ ഒരു സ്ഥാപനമായി വികസിക്കട്ടെയെന്നും അതിലുപരി സമൂഹത്തിലെ പതിതാവസ്ഥയിലുള്ള അംഗങ്ങൾക്ക് സഹായകമാവുംവിധം അക്ഷീണമായ പ്രതിജ്ഞാബദ്ധതയുണ്ടാവട്ടെ എന്നും ഞാൻ പ്രാർഥിക്കുന്നു.

ഇന്ന് ലോകം ഒരു ആഗോള ഗ്രാമം പോലെയാണ്. ഓരോ രാഷ്ട്രവും പരസ്പരം ബന്ധിതമാണ്. നൈമിഷികമായ വാർത്താവിനിമയ സംവിധാനവുമുണ്ട്. അതുകാരണം മനുഷ്യമാർഗത്തിലെ എല്ലാവരുടേയും കർത്തവ്യമാണ്, സാഹോദര്യത്തിന്റേയും പരസ്പര സ്നേഹത്തിന്റേയും ആത്മാവിനെ പരിപോഷിപ്പിക്കുകയും എല്ലാ രാഷ്ട്രങ്ങൾക്കിടയിലും വിശ്വാസങ്ങൾക്കിടയിലും ഈ ആത്മാവ് നിലനിറുത്തുകയും ചെയ്യുകയെന്നത്.

ദുഃഖകരമെന്നു പറയട്ടെ, വ്യസനകരമായ സത്യം നിലനില്ക്കുന്നു; നമ്മുടെ സ്നേഹത്തിന്റേയും സഹാനുഭൂതിയുടേയും നിലവാരം ഉയർത്തുന്നതിനു പകരം അതിനെതിരിലുള്ള അവസ്ഥയാണ് സത്യമായി തെളിയുന്നത്. സ്വാർഥതയും അത്യാഗ്രഹവും 'എനിക്ക് ' എന്ന സംസ്കാരവും ലോകം മുഴുവനും സമൂഹം മുഴുവനും നിലനില്ക്കുന്നു. ഞാൻ സർവ്വാത്മനാ പ്രാർഥിക്കുന്നു, മനുഷ്യകുലം അത്യാഗ്രഹം ഉപേക്ഷിക്കട്ടെ. ഇടുങ്ങിയ സ്വാർഥതാല്പര്യങ്ങൾക്കുള്ള അന്വേഷണം കൈവെടിയട്ടെ. പകരം മനുഷ്യകുലത്തെ മുഴുവൻ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും ദൈവത്തിന്റെ സൃഷ്ടികളോട് ദയയും, സഹാനുഭൂതിയും സ്നേഹവും കാണിക്കേണ്ടതിന്റെ ആവശ്യകതയും തിരിച്ചറിയുമാറാകട്ടെ.

മനുഷ്യകുലത്തിന് സേവനം ചെയ്യേണ്ടതിന്റെ ആത്മാവ് സമൂഹത്തിൽ സ്ഥിരമായി വേരുറയ്ക്കട്ടെയെന്നും നാം നമ്മുടെ ഭാവിയെ സംരക്ഷിക്കട്ടെയെന്നും നമ്മുടെ സന്തതികൾക്കുവേണ്ടി ഒരു ഉത്തമലോകം വിട്ടേച്ചുപോകാൻ ഇടവരട്ടെയെന്നും വരുന്ന തലമുറകൾക്ക് ജീവിക്കാൻ അങ്ങനെ ഒരവസ്ഥ ഉണ്ടാവട്ടെയെന്നും ഞാൻ പ്രാർഥിക്കുന്നു. ഈ കാര്യത്തിൽ നമ്മുടെയെല്ലാം ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ സർവ്വശക്തനായ ദൈവം നമ്മെ പ്രാപ്തരാക്കുമാറാകട്ടെ. ആമീൻ.

ഈ വാക്കുകളോടെ, ഇന്നത്തെ പരിപാടിയിൽ ഞങ്ങളോടൊത്തുചേർന്ന എല്ലാ അതിഥികൾക്കും ഒരിക്കൽകൂടി കൃതജ്ഞത രേഖപ്പെടുത്തുന്നു. നിങ്ങൾക്ക് വളരെ നന്ദി.'***(ദി റിവ്യൂ ഓഫ് റിലീജിയൻസ്, ഡിസംബർ 2018)***

★★★★

---

**(പേജ് 1ൽനിന്ന്)**

ഇതെല്ലാം മനുഷ്യരോടുള്ള കടമകളെ ഉന്മൂലനം ചെയ്യുന്നതാണ്. ഇക്കാര്യം അങ്ങനെതന്നെയായിരുന്നെങ്കിൽ, ഈ കഴിവുകൾ നമ്മളിലുണ്ടാക്കിയ ദൈവത്തിന്റെമേലാണ് ആക്ഷേപം പതിക്കുന്നത്. കഴിവുകൾ നിർബന്ധമായും ഉന്മൂലനം ചെയ്യേണ്ടിവരുന്ന ഇഞ്ചീലിലുള്ള അത്തരം അധ്യാപനങ്ങൾ, വഴികേടുവരെകൊണ്ടെത്തിക്കുന്നു. അല്ലാഹുവാണെങ്കിൽ അതിനെ പരിഷ്കരിക്കാനാണ് കല്പിക്കുന്നത്; നഷ്ടപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. **ഇന്നല്ലാഹ യഅ്മുറു ബിൽ അദ്‌ലി വൽഇഹ്സാനി** എന്ന് അവൻ പറഞ്ഞതുപോലെ. (16:71) നീതി എന്ന് പറയുന്നത് എല്ലാവരും ഫലമെടുക്കേണ്ട ഒരു കാര്യമാണ്. നീ ചീത്തക്കണ്ണുകൊണ്ട് നോക്കുകയാണെങ്കിൽ അത് ചൂഴ്ന്നെടുക്കുക എന്നതാണ് മസീഹിന്റെ അധ്യാപനം. ദൈവം നല്കിയ കഴിവുകൾ ഉന്മൂലനം ചെയ്യുകയാണ് അതിലും. അന്യരായ സ്ത്രീകളെ ഒരിക്കലും നോക്കാൻപാടില്ല എന്ന അധ്യാപനം അത് നല്കിയില്ല. എന്നാൽ, നിർബന്ധമായും നോക്കാൻ അനുവാദം നല്കുകയും വ്യഭിചാരദൃഷ്ടിയോടെ നോക്കരുതെന്ന് പറയുകയും ചെയ്തു. നോക്കാൻ പാടില്ല എന്ന വിലക്ക് ഇല്ലേയില്ല. നോക്കണമെങ്കിൽ നോക്കിക്കൊള്ളുക. നോക്കിയതിനുശേഷം ആ കഴിവുകളിൽ എന്തു സ്വാധീനമാണുണ്ടാക്കിയതെന്ന് നോക്കേണ്ടതാണ്. വിശുദ്ധഖുർആനെപോലെ എന്തുകൊണ്ട് കണ്ണിനെ ചതിയിൽ അകപ്പെടുത്താനിടയുള്ള കാര്യങ്ങൾ തടഞ്ഞില്ല. എന്നല്ല കണ്ണുപോലെ ഫലപ്രദവും അമൂല്യവുമായ കാര്യത്തെ നഷ്ടപ്പെടുത്തിക്കളയാൻ പറയുകയും ചെയ്തു."

**(മൽഫൂദാത്ത്, വാള്യം 1, പേജ് 19 – 21)**

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin